

വഞ്ചിഭൂമി പതേ ചിരം – സഞ്ചിതാഭം ജയിക്കേണം
ദേവദേവൻ ഭവാനെന്നും – ദേഹസൗഖ്യം വളത്തേണം




ഇവൻ സ്കൂളിലേക്കു പോകുകയാണ്. അവിടെനിന്ന് ഇവൻ എന്തു കൊണ്ടുവരും? പുതിയ അറിവ്, പുതിയ രീതികൾ— ഒരു പക്ഷേ വല്ല പകർച്ചവ്യാധിയുടെ ബീജങ്ങളും! ഇവന്റെ രക്ഷക്കു വേണ്ടതെല്ലാം പഠിപ്പിച്ചാണ് ഇവന്റെ അമ്മ ഇവനെ അയക്കുന്നത് — പ്രത്യേകിച്ച്, ഏറ്റവും ആരോഗ്യമുള്ള ബാലനെപോലും രോഗങ്ങൾ വരുത്താറുള്ള "അഴുക്കു അപായത്തിൽ" നിന്നു രക്ഷ നേടുവാൻ നിത്യമായി ലൈഫ്ബോയ് സോപ്പുപയോഗിക്കുവാൻ ഇവനറിയാം.




*ലൈഫ്ബോയ് ഒരു നല്ല സോപ്പ്—ലൈഫ്ബോയ് പരിശീലനം അത്യുത്തമം.*

L. 78 169 ML. LEVER BROTHERS (INDIA) LIMITED


(6-ാംപേജിൽനിന്നു തുടർച്ച)

ഗവർമ്മെന്റിന് അതു ലഭിക്കുമെന്നും വിശ്വസിക്കാം.

വഴിപിഴച്ച നേതാക്കന്മാർ, അവരുടെ പ്രേരണയിൽ കുടുങ്ങിപ്പോയ നിരപരാധരായ തൊഴിലാളികൾ മററു കാരണങ്ങളാൽ ഗവർമ്മെന്റിനെ കുററപ്പെടുത്തി കലാപത്തിനു അനുകൂലിക്കുന്നവർ— ഇവരെല്ലാം ഈ വൈകിയ ഘട്ടത്തിലെങ്കിലും സാഹസകൃത്യങ്ങളിൽനിന്നു വിരമിക്കുമെന്നാശിക്കുന്നു. അങ്ങനെ സമാധാനം പുനഃസ്ഥാപിതമാകുമ്പോൾ നാട്ടുകാരിലൊട്ടു മുക്കാലും പേർ, ഗവമ്മെന്റുതന്നെ തൊഴിലാളികളുടെ അഭ്യുദയകാംക്ഷികളും ഉററ മിത്രങ്ങളുമാണെന്നു തെളിയുമെന്നതിനെപ്പററി സംശയിക്കാനില്ല. സമാധാനത്തിനുവേണ്ടി പ്രയത്നിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യേണ്ടതു ഈ ആപൽഘട്ടത്തിൽ ഏതൊരു പൌരന്റെയും കർത്തവ്യമാണ്.


# ജൂലിയൻ

ഗ്രന്ഥകർത്താ:—

## പി. ദാമോദരൻപിള്ള
ബി. ഏ.

മുന്തിയ മലയാളികളെപ്പററിയുള്ള തൂലികാചിത്രങ്ങൾ— സി. വി., ഈ. വി., നന്ത്യാരുവീടൻ, വള്ളത്തോൾ, പുന്നശ്ശേരി, ശ്രീനാരായണൻ, മൂർക്കോത്ത്, ഉള്ളൂർ, കെ. ജി. ശങ്കർ— കൂടാതെ മററു പലരും.

വില ഒരു രൂപ മാത്രം

ഏജന്റന്മാർക്ക് ആകർഷകമായ കമ്മീഷൻ

മാനേജർ,

ചക്രവാളം,

കോട്ടയം.

# ചക്രവാളം

പുസ്തകം ൧ | കോട്ടയം - ൧൧൨൯ തുലാം ൧൦ | ലക്കം ൧൫


## ★ നമ്മുടെ തിരുമേനി ★

മഹാരാജാവു തിരുമനസ്സിലെ 34-ാമത്തെ തിരുനാൾ ഈ വ്യാഴാഴ്ച തിരുവിതാംകൂറിലൊട്ടുക്കും, ഇൻഡ്യയിലെ പല പട്ടണങ്ങളിലും, വിദേശങ്ങളിൽപോലും സമാഘോഷിക്കപ്പെട്ടു. തിരുമേനിയുടെ 15 വർഷത്തെ ഭരണകാലത്തുണ്ടായ നേട്ടങ്ങളുടെ പ്രശസ്തിപ്രസരം സഹ്യാദ്രിയെ അതിലംഘിച്ചു, ഹിമാചലത്തെപ്പോലും താണ്ടിക്കടന്നു ലോകമെല്ലാം വ്യാപിച്ചുകഴിഞ്ഞിട്ടുണ്ടെന്ന് ഈ ആണ്ടത്തെ തിരുനാളാഘോഷം വെളിപ്പെടുത്തി.

"ഭൂലോകത്തിന്റെ പടത്തിൽ തിരുവിതാംകൂറിന് ഔചിതീയസ്ഥാനം ഉണ്ടാക്കിത്തീർക്കുക" എന്നുള്ളതു പതിനാലുവർഷംമുമ്പു തിരുമേനി ചെയ്തിട്ടുള്ള പരിപാവന പ്രതിജ്ഞയാണ്; അതു പ്രത്യക്ഷരം പരിപാലിക്കാൻ



ഈശ്വരാനുഗ്രഹത്താൽ തിരുമേനിക്കു സാധിച്ചിട്ടുണ്ടെന്നുള്ളത് ഏവർക്കും പരമാനന്ദജനകമായിരിക്കുന്നു. പരിപാവനമായ ഉത്തരവാദഭരണം, സാമൂഹ്യപരിഷ്കാരം, വിപുലമായ വ്യവസായീകരണം, വിസ്തൃതമായ വിദ്യാഭ്യാസപരിഷ്കാരം, അഭൂതപൂർവമായ ക്ഷേത്രപ്രവേശനം, ഭരണപരിഷ്കാരപ്രഖ്യാപനം എന്നിങ്ങനെ പലതുമുണ്ട് തിരുമനസ്സിലെ ഭരണകാലത്തുണ്ടായ നിസ്തുലങ്ങളായ നേട്ടങ്ങൾ. ഇതുപോലെ എണ്ണമററ, മററനേകം നേട്ടങ്ങൾ വത്സലപ്രജകൾക്കു വരദാനംപോലെ കല്പിച്ചു നൽകാനായി, നമ്മുടെ തിരുമേനി ആയുരാരോഗ്യസൗഖ്യങ്ങളോടുകൂടി ചിരകാലം വാണരുളുമാറാകട്ടെ എന്നു "ചക്രവാളം" ഹൃദയപൂർവ്വം പ്രാർത്ഥിച്ചുകൊള്ളുന്നു.

★

# പുനഃസംഘടിതമായ ഇടക്കാലഗവമ്മെൻറ്

വളരെ ആശാജനകമായ വിധത്തിൽ ഭരണം ആരംഭിച്ച ഇടക്കാലഗവമ്മെൻറിന്റെ ദേശീയസ്വഭാവം ഇന്നലെ (ശനിയാഴ്ച) പൂർത്തിയായി; അകന്നു നിന്നിരുന്ന മുസ്ലീംലീഗിന്റെ പ്രതിനിധികൾകൂടി സത്യപ്രതിജ്ഞ നടത്തി ഉദ്യോഗം സ്വീകരിക്കുകയും, സമ്പൂർണ്ണ ഇടക്കാലദേശീയഗവമ്മെൻറിന്റെ പ്രഥമയോഗം ഇന്നലെ രാവിലെ പത്തരമണിക്കു നടക്കുകയും ചെയ്തു.

ലീഗ് ഇടക്കാലഗവമ്മെൻറിൽ സഹകരിക്കാൻ നിശ്ചയിച്ചപ്പോഴും പശ്ചാത്തലം വേണ്ടതു പരിശുദ്ധമല്ലെന്നു പലർക്കും സംശയമുണ്ടായിരുന്നു. കോൺഗ്രസ്സ്—ലീഗ് ഒത്തുതീർപ്പ് ഉണ്ടായില്ലെന്നവാസ്തവവും, ലീഗു പ്രതിനിധികളിൽ ചിലരുടെ പോർവിളി രൂപത്തിലുള്ള പ്രസംഗങ്ങളും, അതുപോലെ മററു പല സാഹചര്യങ്ങളും പരിഗണിക്കുമ്പോൾ ആ ആശങ്കകളൊന്നും അസ്ഥാനത്തായിരുന്നില്ലതാനും. ഈ നിലയിൽ, ലീഗുപ്രതിനിധികളെ സ്വീകരിക്കുന്നതിനു മുമ്പായി, സഹകരണമനോഭാവത്തോടുകൂടിയാണ് അവർ വരുന്നതെന്ന് ഉറപ്പുനൽകണമെന്നു കോൺഗ്രസ്സ് ആവശ്യപ്പെട്ടതിൽ യാതൊരനൗചിത്യവുമില്ല; ഭാഗ്യവശാൽ ആ ഉറപ്പു ലീഗു നൽകി; അതിന്റെ പ്രത്യക്ഷഫലമായി ഭരണവകുപ്പുവിഭജനം നിഷ്പ്രയാസം നടക്കുകയും ചെയ്തു.

പണ്ഡിറ്റ് നെഹ്റു, പട്ടേൽ, രാജൻബാബു, ആസഫ് അലി, ജഗജ്ജീവൻറാം, എന്നീ കോൺഗ്രസ്സ് പ്രതിനിധികളുടെ

## ചക്രവാളത്തിനുള്ളിൽ

ഭരണവകുപ്പിൽ യാതൊരു മാററവും വരുത്തിട്ടില്ല; സർദാർ ബലദേവസിംഗ് ഡിഫൻസ് മന്ത്രിസ്ഥാനത്തിൽ തുടരുന്നു. ധനാര്യം ഡാക്ടർ ജോൺ മത്തായി ലീഗുപ്രതിനിധിയായ നവാബ് സാദാലിയാകത്തിന് ഒഴിഞ്ഞുകൊടുക്കുകയും, ഇൻഡസ്ട്രീസ് ആൻഡ് സിവിൽ സപ്ലൈസ് വകുപ്പു, സ്വയം ഏറെറടുക്കുകയും ചെയ്തു. പലവിധത്തിലും ക്ഷീണിച്ചിരിക്കുന്ന രാജാജി വിദ്യാഭ്യാസത്തിന്റെയും കലയുടെയും ചാർജേറെറടുത്തിരിക്കയാണ്. വാണിജ്യവകുപ്പിന്റെ ചുമതല വഹിച്ചിരുന്ന സി. എച്ച്. ബാബാ സാഹേബിനെ (ബോംബെ) ലീഗു പ്രസിഡൻറിന് അതു വിട്ടുകൊടുത്തു. അതിർത്തിയിൽ നിന്നു കടന്നുകൂടിട്ടുള്ള അബ്ദുർ നിഷ്താർ ആണ് കമ്യൂണിക്കേഷൻ വകുപ്പിന്റെ ചാർജ്ജു വഹിക്കുന്നത്. അനർഹമായി വലിഞ്ഞുകയറിയ ബംഗാൾ പട്ടികജാതിക്കാരൻ യോഗേന്ദ്രമണ്ഡൽ ചില നുള്ളുനുറുക്കു ഭരണവകുപ്പുകൾകൊണ്ടു സംതൃപ്തനായി.

അങ്ങനെ വലിയൊരു ദുർഘടഘട്ടം അപകടമൊന്നും കൂടാതെ തരണം ചെയ്തുവെന്നു സസന്തോഷം പറയാം. ഇനിയൊരു ആറുമാസക്കാലമെങ്കിലും പരസ്പരം സഹകരിച്ചു പ്രവർത്തിക്കാൻ കോൺഗ്രസ്സ്—ലീഗു പ്രതിനിധികൾക്കു സാധിക്കുകയാണെങ്കിൽ ഇൻഡ്യയിലെ സമുദായവഴക്കു നാമാവശേഷമാകുകതന്നെ ചെയ്യും. ആ സുദിനത്തിനുവേണ്ടി നമുക്കു കാത്തിരിക്കാം.

★

# ബിരുദദാനസമ്മേളനം

## നിയമസഭാമന്ദിരത്തിലെ ചടങ്ങുകൾ

രാജ്യസേവാപ്രവീണ: കെ. പി. പി. മേനോനു 'ഡി. എസ്. സി.' ബഹുമതിബിരുദം

(ചക്രവാളം പ്രതിനിധി)

തിരുവിതാംകൂർ സർവ്വകലാശാലയുടെ 6-ാമത്തെ ബിരുദദാനസമ്മേളനം ഇന്നലെ (ബുധനാഴ്ച) വൈകുന്നേരം 4 മണിക്കു നിയമസഭാമന്ദിരത്തിൽവച്ചു നിർവ്വഹിക്കപ്പെട്ടു.

സമ്മേളനത്തിനു ക്ഷണിക്കപ്പെട്ടിരുന്നവരെല്ലാം കൃത്യം 3. 15 നു സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരായി. ഡിഗ്രി വാങ്ങേണ്ട യൂണിവേഴ്സിററി ടീച്ചർമാർ ഗൌൺ ഉൾപ്പെടെയുള്ള അക്കാഡമിക്ക് ഡ്രസ്സാണു ധരിച്ചിരുന്നതു്. ലെവി ആഫീസർമാർ ഗവൺമെൻറ ഡ്രസ്സ് റെഗുലേഷൻ അനുസരിച്ചു പകൽച്ചടങ്ങുകൾക്കുള്ള "ഫുൾഡ്രസ്സ്" ആണു ധരിച്ചിരുന്നതു്. മററു സന്ദർശകർ വെള്ള ലോംഗ്കോട്ടും തലപ്പാവും ധരിച്ചിരുന്നു.

കൃത്യം 3. 30-നു പ്രൊ. വൈസ് ചാൻസലർ മി. പാപ്‌വർത്ത് ആഗതനായി. 10 മിനിററു കഴിഞ്ഞപ്പോൾ വൈസ് ചാൻസലരായ ദിവാൻജി വന്നുചേർന്നു. കൃത്യം 3-55 നു ചാൻസലർ മഹാരാജാവു തിരുമനസ്സുകൊണ്ടും പ്രൊ. ചാൻസലർ അമ്മമഹാറാണി തിരുമനസ്സുകൊണ്ടും എഴുന്നള്ളി. തദവസരത്തിൽ ബാൻഡ് നാഷണൽ ആൻതം ആലപിച്ചുകൊണ്ടിരുന്നു.

സർവ്വകലാശാലാ ആഫീസേഴ്സ് ട്രെയിനിംഗ് കോറിൻെറ ഗാഡ് ആഫ് ഓണർ പരിശോധന നടന്നു.

സെനററിൻെറ പ്രാഥമികസമ്മേളനത്തിനുശേഷം സെനററ് മെമ്പർമാരുടെ ഘോഷയാത്ര നടന്നു. ആദ്യം രജിസ്ട്രാർ സെനററ് മെമ്പർമാർ (ഇരുപതുപേർ) സിൻഡിക്കററ് മെമ്പർമാർ, ഫാക്കൽററിഡീനുകൾ, പ്രൊവൈസ് ചാൻസലർ, വൈസ്ചാൻസലർ, പ്രൊ-ചാൻസലർ അമ്മമഹാറാണി തിരുമനസ്സുകൊണ്ടു, സർവാധികാര്യക്കാർ, പ്രൈവററ് സെക്രട്ടറി, എ. ഡി. സി. മാർ എന്നിവരാൽ അനുഗതരായി ചാൻസലർ മഹാരാജാവു തിരുമനസ്സുകൊണ്ടു — ഇങ്ങനെയുള്ള ആ ഘോഷയാത്ര [illegible] ഗംഭീരമായിരുന്നു. ആ ഘോഷയാത്ര ഹാളിൽ പ്രവേശിച്ചപ്പോൾ ഹാളിലുണ്ടായിരുന്നവരെല്ലാം ആദരപൂർവം എഴുന്നേററുനിൽക്കുകയും തിരുമേനിമാരും മററുള്ളവരും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരായതിനു ശേഷം മാത്രം ഇരിക്കുകയും ചെയ്തു.

അനന്തരം ബിരുദദാനസമ്മേളനത്തിൻെറ സമുൽഘാടന ചടങ്ങു ആരംഭിച്ചു. ചാൻസലർ തിരുമേനിക്കുവേണ്ടി പ്രൊ-വൈസ്ചാൻസലർ ഇപ്രകാരം പ്രസ്താവിച്ചു:- "തിരുവിതാംകൂർ സർവ്വകലാശാലയുടെ ഈ ബിരുദദാനസമ്മേളനം വിളിച്ചുകൂട്ടിട്ടുള്ളതു രാജ്യസേവാ പ്രവീണ കെ. പി. പത്മനാഭമേനോനു "Doctor of Science" (D. Sc.) എന്ന ബഹുമതി ബിരുദവും, നിയമം, വിദ്യാഭ്യാസം, ടെക്ക്നോളജി, സയൻസ്, ആർട്ട്സ് എന്നീ വിഷയങ്ങളിൽ ഡിഗ്രിക്കു അർഹരെന്നു സർട്ടിഫൈ ചെയ്യപ്പെട്ടവർക്കു തദ്വിഷയകങ്ങളായ ഡിഗ്രികളും പ്രദാനം ചെയ്യുന്നതിനായിട്ടാണു്."

വൈസ്ചാൻസലർ സർ സി. പി. രാമസ്വാമി അയ്യർ, തിരുവിതാംകൂറിലെ ഇൻഡസ്ട്രിയൽ ലെയ്സൺ ആഫീസറായ രാജ്യസേവാപ്രവീണ കെ. പി. പത്മനാഭമേനോനെ പരിചയപ്പെടുത്തുകയും ഡി. എസ്സ്. സി. എന്ന ബഹുമതി ബിരുദം അദ്ദേഹത്തിനു കല്പിച്ചു നൽകപ്പെടുകയും ചെയ്തു.

എം. എൽ. ഡിഗ്രിക്കുള്ള അവകാശിയായ ശ്രീ. കെ. ശ്രീധരൻ പണ്ടാലയെ പരിചയപ്പെടുത്തിയതു ലാ ഫാക്കൽററിയുടെ ഡീനും ചീഫ്ജസ്ററിസുമായ രാജ്യസേവാപ്രവീണ ററി. എം. കൃഷ്ണസ്വാമി അയ്യരാണു്.

ബി. എൽ. ഡിഗ്രി അവകാശികളെ ലാകോളജു പ്രിൻസിപ്പൽ മി. കെ. നാരായണനും, ബി. ററി. ഡിഗ്രിക്കാരെ ട്രെയിനിംഗ് കോളജു പ്രിൻസിപ്പൽ ഡാക്ടർ ഡി. ജീവനായകവും, ബി. എസ്സ്. സി (എഞ്ചിനീയറിംഗ്) ഡിഗ്രിക്കാരെ എഞ്ചിനീയറിംഗ് കോളജു പ്രിൻസിപ്പൽ മി: ഡി. എൽ ദേശപാണ്ഡെയും, എം. എസ്. സി; ബി. എസ്സ്. സി. (ഓണേഴ്സ്) എം. ഏ; ബി. ഏ. (ഓണേഴ്സ്) ഡിഗ്രിക്കാരെ യൂണിവേഴ്സിററി കോളജു പ്രിൻസിപ്പൽ ഡാക്ടർ എച്ച്. സുബ്രഹ്മണ്യയ്യരും, ബി. എസ്. സി. ഡിഗ്രിക്കാരെ ഡാക്ടർ സുബ്രഹ്മണ്യയ്യർ ചങ്ങനാശ്ശേരി സെൻറ് ബെർക്കുമൻസ് കോളജു പ്രിൻസിപ്പൽ റവ. ഫാദർ തോമസ് [illegible] വെളിയും, ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജു പ്രിൻസിപ്പൽ മി: വി. എം. ഇട്ടിയേര എന്നിവരും പരിചയപ്പെടുത്തുകയും [illegible] ഡിഗ്രിക്കാരുടെ പേരു വിവരം വിദ്യാഭ്യാസ ഡയറക്ടർ മി: [illegible] ചെയ്തു.

ഡിഗ്രി അവകാശികളെ പരിചയപ്പെടുത്തുന്ന ചടങ്ങു പൂർത്തിയായതിനുശേഷം നൽകപ്പെട്ട ഡിഗ്രികളുടെ റിക്കാർഡു (പുസ്തകരൂപത്തിൽ) രജിസ്ട്രാർ മി: പരമേശ്വരപ്പണിക്കർ ചാൻസലർ തിരുമേനി ഒപ്പും ചാർത്തുന്നതിനായി സമർപ്പിച്ചു.

അനന്തരം മെഡലുകളും സമ്മാനങ്ങളും നൽകപ്പെട്ടു.

പിന്നീടു സർ സി. വി. രാമൻെറ ബിരുദദാനപ്രസംഗം നടന്നു.

ബിരുദദാനപ്രസംഗം അവസാനിച്ച ഉടൻ സമ്മേളനം ഉപസംഹരിച്ചിരിക്കുന്നതായി ചാൻസലർ തിരുമേനി കല്പിച്ചു പ്രഖ്യാപനം ചെയ്തു.

അനന്തരം തിരിച്ചെഴുന്നെള്ളത്തു ഘോഷയാത്രയായി. ആ ഘോഷയാത്ര ആരംഭിച്ച ഉടൻ ഹാളിലുണ്ടായിരുന്നവരെല്ലാം ആദരപൂർവ്വം എഴുന്നേററുനിന്നു. ബാൻഡ് നാഷണൽ ആൻതം അപ്പോഴും ആലപിച്ചു.

ഇളയ രാജാവു്, കാർത്തികതിരുനാൾ എന്നീ തിരുമേനിമാരും, ഇളയ രാജാവുതിരുമനസ്സിലെ ധർമ്മദാരങ്ങളും, റസിഡൻറ്, പത്നി എന്നിവരും പ്രശസ്ത സന്ദർശക ഗ്യാലറിയിൽ ഉണ്ടായിരുന്നുവെന്നുള്ള പ്രത്യേകം പ്രസ്താവയോഗ്യമാണ്.

ഡിഗ്രി എടുത്തവരുടെ എണ്ണം മാത്രം ചുവടെ ചേർക്കുന്നു.

| | |
|---|---|
| എം. എൽ. | 1 |
| ബി. എൽ. | 28 |
| ബി. ററി. | 31 |
| ബി. എസ്സ്. സി. (എഞ്ചിനീയറിംഗ്) | 9 |
| എം. എസ്സ്. സി. | 11 |
| ബി. എസ്സ്. സി (ഓണേഴ്സ്) | 6 |
| ബി. എസ്സ്. സി. | 160 |
| എം. ഏ | 4 |
| ബി. ഏ. (ഓണേഴ്സ്) | 12 |
| ബി. ഏ | 78 |
| സന്നിഹിതരാകാതിരുന്നവർ | 238 |

★


# ബാലാമൃതഘൃതം

ഇതു് അമ്പത്തിആറുവിധമുള്ള കരപ്പൻവ്യാധികളേയും വിശിഷ്യ അപസ്മാരം, പക്ഷിപീഠ മുതലായി ശിശുക്കൾക്കുണ്ടാകുന്ന രോഗങ്ങൾക്കു് ഫലപ്രദമെന്നു് അനുഭവസ്ഥർ സമ്മതിച്ചിട്ടുള്ള സിദ്ധൌഷധമാകുന്നു. ഉപയോഗക്രമം മരുന്നുസഹിതം ഉണ്ടായിരിക്കുന്നതാണു്.

ഒന്നര ഔൺസ് ഘൃതം അടക്കം ചെയ്തിട്ടുള്ള കുപ്പി 1-നു് വില 1രു. 8ണ. മാത്രം.

വി. പി. ചാർജ്ജ് പുറമെ.

ലക്ഷ്മീവിലാസം വൈദ്യശാല, ഇടയിരിക്കപ്പുഴ, കങ്ങഴ.

വൈദ്യൻ: സി. കെ. കൊച്ചുകുഞ്ഞുഗണകൻ, കുമ്മണ്ണൂർ.

Prop:- പി. കെ. ജനാർദ്ദനൻപിള്ള.

# അജ്ഞതയുടെ വില

## ദാരിദ്ര്യവും അനാരോഗ്യവും

'സർ സി. വി. രാമൻ)

(ബിരുദദാനപ്രസംഗത്തിലെ ചില ഭാഗങ്ങൾ)

"സർവ്വകലാശാലാ ബിരുദധാരികൾ സ്വപ്രയത്നംകൊണ്ടും സ്വന്ത നേട്ടങ്ങൾകൊണ്ടും തങ്ങളുടെ യോഗ്യതകൾ തെളിയിച്ചുകാണുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. "ഈ സന്ദേശമാണ് അവക്കു നൽകാൻ ഞാൻ ആഗ്രഹിക്കുന്നതു്. വിജ്ഞാനത്തിലും സംസ്കാരത്തിലും വമ്പിച്ച നേട്ടങ്ങൾ നേടാനുള്ള ഭാഗധേയം പാശ്ചാത്യരാജ്യങ്ങളുടെ, മദ്ധ്യപൂർവ്വദേശങ്ങളുടെ, അഥവാ വിദൂരപൂർവ്വരാജ്യങ്ങളുടെ കുത്തകയാണെന്നു നാം സങ്കല്പിക്കാതിരിക്കണം. എന്റെ ജീവിതത്തിൽ ഞാൻ എന്തെങ്കിലും പഠിച്ചിട്ടുണ്ടെങ്കിൽ അതിതാണ്: ഇൻഡ്യയിൽ, ഇൻഡ്യയുടെ ഈ ഭാഗത്തു പ്രത്യേകിച്ചും, ഉച്ചകോടിയിലുള്ള മാനുഷികപ്രതിഭയുടെ അതി വിപുലമായ ഒരു കലവറയുണ്ട്. അതിന്റെ സംയോജനം മാത്രമേ ആവശ്യമായിട്ടുള്ളു; അതിനു പ്രോത്സാഹനം മാത്രമേ പ്രദാനം ചെയ്യേണ്ടതായിട്ടുള്ളു. ആ പ്രോത്സാഹനം നമ്മുടെ യുവബിരുദധാരികളുടെ ആത്യന്തികമായി ആത്മവിശ്വാസത്തിലും, നിർഭീകധീരതയിലും, ഓജസ്സിലും പ്രയത്നത്തിലും പ്രതിഷ്ഠിതവുമാണ്. ഈ സന്ദേശം—ധൈര്യത്തിന്റേയും, നിർഭയത്വത്തിന്റേയും, ഭാവിയിലേക്കുള്ള ശുഭാപ്തിവിശ്വാസത്തിന്റേയും സന്ദേശം എന്നിൽനിന്നു സ്വീകരിക്കാൻ ഞാൻ അവരോടു സവിനയം ആവശ്യപ്പെട്ടുകൊള്ളട്ടെ.

മാത്തമാററിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, സുവോളജി, ബോട്ടണി എന്നിവ ഇപ്പോൾ ഒരു ഉയർന്ന തലത്തിലാണ്. ബുദ്ധിപരമായ ഈ വമ്പിച്ച കുഴപ്പത്തിൽ സമാധാനവും ക്രമവും സൃഷ്ടിക്കാനുള്ള ഒരു സംരംഭത്തിലാണ് ഇക്കാലത്തെ ഏററവും പ്രബലചിത്തന്മാർ ഇപ്പോൾ ഉററു ശ്രമിച്ചുകൊണ്ടിരിക്കുന്നതു്.

വിജ്ഞാനത്തിന്റെ അത്യത്ഭുതകരമായ ഈ പുരോഗതിയും വികസനവും നമ്മുടെ സർവ്വകലാശാലകളിലെ ഏതൊരു വിദ്യാർത്ഥിക്കും അഭിമാനകരമായിട്ടുള്ളതാണ്. ഈ വിജ്ഞാനപുരോഗതിയുമായി സമ്പർക്കത്തിലിരിക്കുവാനുള്ള ഭാഗധേയം എല്ലാവക്കും സിദ്ധിച്ചിട്ടില്ല. എന്നാൽ സർവ്വകലാശാലാ വിദ്യാർത്ഥികൾക്ക് അതിനുള്ള അവസരം ലഭിച്ചിട്ടുണ്ട്. മനുഷ്യരാശിയുടെ അത്യത്ഭുതകരമായ പുരോഗതിയുമായി സമ്പർക്കത്തിലിരിക്കുവാനും അതിനെപ്പററി കുറെയൊക്കെ പഠിക്കുവാനും അറിയുവാനും സർവ്വകലാശാലയിൽ വിനിയോഗിച്ച ഏതാനും വർഷം തനിക്കുപയുക്തമായല്ലോ എന്നു് അയാൾക്കു സമാധാനിക്കാം.

എന്നാൽ ഇന്നു് എന്നെ ഏററവും അസ്വസ്ഥചിത്തനാക്കുന്ന ഒരു വസ്തുതയുണ്ട്. പരമാർത്ഥം പറയുകയാണെങ്കിൽ വിജ്ഞാനത്തിന്റെ മഹത്തായ ഈ ക്ഷേത്രമാത്രത്തിൽ ശരിപക്ഷം വിദ്യാർത്ഥികൾക്കും, വലിയ താല്പര്യമൊന്നുമില്ല. വിജ്ഞാനത്തിലുള്ള പ്രാവീണ്യംകൊണ്ടു അവരുടെ ബുദ്ധി നിർഭരമായിരിക്കുന്നു. ഇൻഡ്യ ഇന്നൊരു ജ്വാലാനികേതമാണ്. അന്യങ്ങളായ പല ചിന്തകളും പരസ്പരവിരുദ്ധങ്ങളായ എല്ലാത്തരം അഭിലാഷങ്ങൾ കൊണ്ടും അവർ വ്യാകുലരാണ്. അതിന്റെ ഫലമോ? സർവകലാശാലകൾ പ്രദാനം ചെയ്യുന്ന അവസരം ഇത്തരം അപ്രധാനകാര്യങ്ങളെപ്പററിയുള്ള ചിന്തയിൽ മനുഷ്യന്റെ ഓജസ്സും കഴിവും ദുർവ്യയം ചെയ്യാനാണെന്നു് അവർ തെററിദ്ധരിച്ചിരിക്കുന്നതായിട്ടാണു നാട്ടനീളെയുള്ള എന്റെ അനുഭവം. അവർ അങ്ങനെ ചെയ്യുന്നതു വലിയൊരു തെററാണെന്നു് അവരോടു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മേന്മനടിച്ചല്ല, സ്വയം വിനീത വിദ്യാർത്ഥി എന്ന നിലയിലാണു ഞാൻ അങ്ങനെ പറയുന്നതു്. വിജ്ഞാനലോകത്തിൽ എന്തെല്ലാം സംഭവവികാസങ്ങളാണ് അനുദിനം വന്നുചേർന്നുകൊണ്ടിരിക്കുന്നതെന്നറിയാൻ ഇൻഡ്യയിൽ ഇന്നു എത്രപേർക്കു സൌകര്യമുണ്ട്? നിങ്ങളെപ്പോലെയുള്ള യുവാക്കളെയാണ് ഇന്നു് ഇൻഡ്യക്കാവശ്യം. പല സന്ദർഭങ്ങളും നിങ്ങളുടെ മുമ്പിൽ തുറന്നു കിടപ്പുണ്ട്. പല പ്രശ്നങ്ങളും നിങ്ങൾ പരിഹരിക്കാനുണ്ടതായുണ്ട്. നിങ്ങൾക്കു സിദ്ധിച്ചിട്ടുള്ളതും, സിദ്ധിച്ചുകൊണ്ടിരിക്കുന്നതും, ഇനി സിദ്ധിക്കുന്നതുമായ വിജ്ഞാനം നമ്മുടെ മാതൃഭൂമിയുടെ സേവനത്തിനു് അത്യന്താപേക്ഷിതമായിരിക്കുന്നു. എല്ലാം വളരെ വിലകൂടിയതാണെന്നു നാം പറയാറുണ്ട്. എന്നാൽ അജ്ഞതപോലെ അത്ര വില കൂടിയ മറെറാന്നുമില്ലെന്നു ഞാൻ നിങ്ങളോടു തുറന്നു പറഞ്ഞുകൊള്ളട്ടെ. അജ്ഞതയ്ക്കു ഇന്നു നാം കൊടുക്കുന്ന വിലയാണു ദാരിദ്ര്യവും അനാരോഗ്യവും. ഈ ലോകത്തെ ജയിക്കാനുള്ള യഥാർത്ഥമായ മാർഗ്ഗം വിജ്ഞാനമാണു്; ശരിയായ വിജ്ഞാനത്തിൽക്കൂടിയാണ്. വിജ്ഞാനമാണു ശക്തി. സേവനത്തിനുള്ള കഴിവും വിജ്ഞാനത്തിൽനിന്നാണു സിദ്ധിക്കുന്നതു്. ശരിയായ മഹത്വത്തിന്റെ മാനദണ്ഡവും അതാണ്. ദൌർഭാഗ്യവശാൽ ഈ സന്ദർഭം ദുരുപയോഗപ്പെടുത്തുന്നതു പരമാബദ്ധമായിരിക്കും. മൂന്നോ നാലോ വർഷത്തേക്കു മാററിവയ്ക്കാവുന്ന കാര്യങ്ങൾക്കു വേണ്ടിയാണ് വിദ്യാർത്ഥികളുടെ ശ്രദ്ധ ഇപ്പോൾ വിനിയോഗിക്കപ്പെടുന്നതു്. അതിനെല്ലാം വേണ്ടുവോളം സമയം പിന്നീടു നമുക്കു ലഭിക്കും. സർവ്വകലാശാലയിൽ വരുന്ന വിദ്യാർത്ഥികളുടെ ശ്രമം കാര്യങ്ങളുടെ സാരാംശം ഗ്രഹിക്കുന്നതിനും വിജ്ഞാനംകൊണ്ടു സ്വയം സജ്ജീകരിക്കുന്നതിനും ശ്രമിക്കണം. പരീക്ഷയ്ക്കു വേണ്ടി മാത്രം മനഃപാഠമാക്കുന്ന സമ്പ്രദായം വിദ്യാർത്ഥികളെ മാനസികമായും ശാരീരികമായും അധഃപതിപ്പിക്കുകയും ചെയ്യും. പഠനത്തിന്റെ നിഷ്ഠുരതയിൽനിന്നു മുക്തനായെന്ന ഭാവത്തിലാണ് ഒരു വിദ്യാർത്ഥി സർവ്വകലാശാലയിൽ നിന്നു പുറത്തു വരുന്നതു് എങ്കിൽ, അയാൾ സർവ്വകലാശാലയിലേക്കു പോകാതിരിക്കുകയായിരുന്നു ഭേദം.

"നിങ്ങൾക്കു് സിദ്ധിച്ചിട്ടുള്ള അറിവു് എന്തെങ്കിലും നിർവ്വഹിക്കാനുള്ള അവസരം നിങ്ങൾക്കു പ്രദാനം ചെയ്യുന്നുണ്ടോ? നിങ്ങളുടെ വിജ്ഞാനദാഹം ശമിച്ചുവെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ?" ഈ രണ്ടു ചോദ്യങ്ങളാണു സർവകലാശാലകളെ സംബന്ധിച്ചിടത്തോളം നമുക്കു ചോദിക്കുവാനുള്ളതു്. സർവ്വകലാശാലയിൽനിന്നു പുറത്തുവരുന്നവർ, യുവാവായാലും, യുവതിയായാലുംകൊള്ളാം, ആത്മീയമായും ശാരീരികമായും കൂടുതൽ സജ്ജീകൃതമാകേണ്ടിയിരിക്കുന്നു. നിർവ്വഹിക്കാൻ കൊള്ളാത്ത കാര്യങ്ങൾക്കുവേണ്ടി സമയം മിനക്കെടുത്തുന്നതു് ഒരു മഹാ പാതകമായിട്ടാണ് എനിക്കു തോന്നീട്ടുള്ളതു്. സർവ്വകലാശാലയിലെ കുറെ കാലത്തേക്കാൾ വളരെ അധികം ആശാസ്യരായി വെളിയിൽ വരുന്നതാണ് സർവ്വഥാ സമുൽകൃഷ്ടമായിട്ടുള്ളതു്.

★


ശ്രീധരി ആയുർവ്വേദ വൈദ്യശാല

H. O. കൂത്താട്ടുകുളം Br. പിറവം, കോട്ടയം.

പലവിധത്തിൽ ഉണ്ടാകുന്ന വയറുവേദനകൾക്കും, വീക്കം, ഗുന്മൻ, അടിവയർവീർപ്പ്, പ്ലീഹ, വീക്കം, വൃദ്ധി, വിദ്രധി, വിളർച്ച, കാമില എന്നിവക്കും സർവ്വവിധമായ കുക്ഷിരോഗങ്ങൾക്കും കൈകണ്ട സിദ്ധൗഷധം

# ത്രിന്ത്രിണീകൽപം

ഫലം സുനിശ്ചിതം. വില റ. 1-ക്ക് 8. ക. മാത്രം.

N. B. ആയുർവേദവിധിപ്രകാരം പാകപ്പെടുത്തിയിട്ടുള്ള എല്ലാ ഔഷധങ്ങളും ഹെഡാഫീസിലും ബ്രാഞ്ചുകളിലും എപ്പോഴും തയ്യാറുണ്ടായിരിക്കുന്നതാണ്.

വൈദ്യൻ – എൻ. ത്രിവിക്രമൻ നമ്പൂതിരി.

# കലാപത്തിലേക്കോ?

(ജോസഫ് ജോൺ)

തിരുവിതാംകൂർ വീണ്ടും അസ്വാസ്ഥ്യത്തിലാണ്ടുമുങ്ങുന്ന— കലാപത്തിലേക്ക തലകുത്തി വീഴുന്ന ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. ആലപ്പുഴ, ചേർത്തല ആദിയായ പ്രദേശങ്ങളിലെ സംഭവങ്ങളെപ്പററിയുള്ള കിംവദന്തികൾ ഭീകരങ്ങളാണ്; കൊല്ലം തുടങ്ങിയ തൊഴിലാളി കേന്ദ്രങ്ങളിലെ സ്ഥിതി അതുപോലെ തന്നെ ആപൽക്കരങ്ങളാണെന്നും അറിയുന്നു.

ഈ കുഴപ്പങ്ങളുടേയും കലാപങ്ങളുടേയും കാരണക്കാർ ഇന്നു തൊഴിലാളികളെക്കൊണ്ടു പാവകളിപ്പിച്ചു കൊണ്ടിരിക്കുന്ന ചില വഴിപിഴച്ച കമ്യൂണിസ്ററ് നേതാക്കന്മാരാണെന്നുള്ളതിനെപ്പററി തർക്കമില്ല. തൊഴിലാളികളുടെ അവകാശസംരക്ഷണത്തിനും ദുരിതനിവാരണങ്ങൾക്കും വേണ്ടി, സമാധാന മാർഗ്ഗത്തിൽ കൂടിയുള്ള സ്ഥിരപരിശ്രമം സർവഥാ ആദരണീയമാണ്; ഇപ്പോഴത്തെ പരിതസ്ഥിതികളിൽ അത്യന്താപേക്ഷിതം കൂടിയാണ്. എന്നാൽ അതിന്റെ പേരിൽ തെമ്മാടിത്തം നടത്തുന്നതു, സമാധാനലംഘനത്തിനിടയാക്കുന്നതു, കാര്യബോധമില്ലാത്ത തൊഴിലാളികളെ കബളിപ്പിച്ചു സമാധാനലംഘനത്തിനു പ്രേരിപ്പിക്കുന്നതു, അങ്ങനെ രാജ്യത്തെ കലാപത്തിലേക്കു വലിച്ചിഴയ്ക്കുന്നതു ഒരു മഹാപരാധം തന്നെയാണ്. തിരുവിതാംകൂർ കമ്യൂണിസ്റ്റ് പാർട്ടിയിലുൾപ്പെട്ട ചിലർ കുറേക്കാലമായി മനഃപൂർവ്വം ആ കുപഥസഞ്ചാരം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു; അവരെ അതിൽനിന്നു വിരമിപ്പിക്കാൻ ഇന്നാട്ടിലെ നേതാക്കന്മാരും, കർത്തവ്യബോധമുള്ള പത്രങ്ങളും കഴിയുന്നതു ശ്രമിച്ചു. അതെല്ലാം അവരെ പ്രകോപ്പിക്കുവാൻമാത്രമേ പര്യാപ്തമായുള്ളൂ. അധികൃതന്മാരുടെ അർത്ഥഗർഭമായ മൌനം സമ്മതലക്ഷണമായി അവർ തെററിദ്ധരിച്ചു അവർ മദിച്ചു; അതേ, മദിക്കുകതന്നെ ചെ[illegible]. അതിന്റെ ഫലമോ കമ്യൂണിസ്റ്റ് ക[illegible] വ്യക്തികളുടെ പേരിൽ വ്യക്തമായ [illegible] നിയമാനുസൃതമായ ശിക്ഷ നൽകുന്ന സാധാരണ [illegible] ഒരു രാഷ്ട്രീയ കക്ഷിയെ നിയമവിരുദ്ധമാക്കുക എന്ന അസാധാരണവും അനാശാസ്യവുമായ കർശന നടപടി ഗവൺമെൻറിനെക്കൊണ്ടു നടത്തിക്കുവാനും ബഹുജനദൃഷ്ടിയിൽ അതു തികച്ചും നീതീകരിക്കപ്പെടുവാനുമുള്ള ഒരു സാഹചര്യം തന്നെ അവർ സൃഷ്ടിച്ചു. അതിന്റെ പ്രത്യാഘാതങ്ങളാണ് ഇന്നു തിരുവിതാംകൂറിൽ ഇത്രയേറെ ചൂടും പുകയും ഇളക്കിവിട്ടിട്ടുള്ളതു്. സമാധാനപരിപാലനത്തിനുള്ള കഴിവു ഗവർമ്മെൻറിനു [illegible] ഗവർമ്മെൻറ [illegible] തീർച്ചയാണ്. ഇക്കാര്യത്തിൽ സമാധാനപരിപാലന [illegible] പരിശ്രമത്തിൽ — ബഹുജനങ്ങളുടെ സമ്പൂർണ്ണസഹായസഹകരണം ഗവർമ്മെൻറർഹിക്കുന്നുണ്ട്; നിർല്ലോഭമായി

(ശേഷം കവർ 2-ംപേജിൽ)


# ദീപാവലി

## മംഗളാശംസകൾ



ഈ ദീപാവലി, ജനങ്ങളുടെ യിടയിൽ സമാധാനവും സന്മനസ്സും ഉജ്ജ്വലിക്കുന്ന ഒരു നവസംവത്സരത്തിന്റെ മുൻഗാമിയായി ഭവിപ്പാനും, നവവത്സരാരംഭത്തോടുകൂടി രാജ്യത്തിൽ സുഖക്ഷേമാഭ്യുദയങ്ങൾ വളർന്നു വൃദ്ധിയുണ്ടാവാനും ഞങ്ങൾ മനഃപൂർവ്വം ആശംസിക്കുന്നു.

ദി ടാററാ ഓയിൽ മിൽസ് കമ്പനി, ലിമിററഡ്.



## വളക്കാരി

"വള, വള" എന്നു തുടങ്ങുന്ന വളക്കാരിയുടെ തുടർച്ചയായുള്ള വിളി കേട്ടമാത്രയിൽ കോമളാംഗികൾ കൂട്ടംകൂട്ടമായി വന്നു, വിവിധവർണ്ണത്തിലുള്ള വളകൾക്കു ചുററും കൂടുന്നു. ആകാംക്ഷയോടെ ഓരോരുത്തരും അവരവർക്കു വേണ്ടുംവളകൾ വാങ്ങിയശേഷം വീണ്ടും അവരുടെ ബാക്കിയുള്ള ആവശ്യങ്ങളെ വാങ്ങുവാൻ തുടങ്ങുന്നു.

അവർ ഹമാം എല്ലായിടത്തും കാണുന്നു. അപ്പോൾ അവർക്ക് – ദരിദ്രനും ധനവാനും ഒരുപോലെ – നിത്യസ്നാനം ഉളവാക്കുന്ന ശുചിത്വവും ഹൃദ്യപരിമളവും ഓർമ്മയിൽ വരികയാൽ ഒരു "ഹമാം", കൂടി വാങ്ങി തൃപ്തിയടയുന്നു. –

## ഹമാം




ഭാരതം കൊട്ടാകെ ഇഷ്ടപ്പെടുന്ന സോപ്പ്

ടോംകോ
വില്പനശാല
നമ്പ്ര 4/117 ടിച്ചി
റോഡ്,
കോയമ്പത്തൂർ

ദി ടാററാ ഓയിൽ മിൽസ് കമ്പനി
ലിമിററഡ്

# ശ്രീചിത്രാ പ്രദർശനം

## റസിഡണ്ട് ഉൽഘാടനം ചെയ്തു

(ചക്രവാളം പ്രതിനിധി)

ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ ഇക്കൊല്ലത്തെ ആട്ടത്തിരുനാൾ സംബന്ധിച്ചുള്ള സമാഘോഷങ്ങൾ മിനിഞ്ഞാന്നു രാവിലെ 9 മണിക്കു രാജധാനിയിൽ വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ വച്ചുകൂടിയ മഹായോഗത്തോടുകൂടി ഉൽഘാടനം ചെയ്യപ്പെട്ടു. തിരുനാളാഘോഷക്കമ്മിററിയുടെ അദ്ധ്യക്ഷനായ രാജ്യസേവാധുരന്ധര ദിവാൻ ബഹദൂർ വി. എസ്സ്. സുബ്രഹ്മണ്യയ്യരാണു പതിവുപോലെ ഉൽഘാടന കർമ്മം നിർവഹിച്ചതു്.

മഹാരാജാവുതിരുമേനിയോട് അകമഴിഞ്ഞ ഭക്തിയും വിശ്വാസവും രേഖപ്പെടുത്തുകയും തിരുമേനിക്ക് ആയുരാരോഗ്യങ്ങൾ ആശംസിക്കുകയും ചെയ്തുകൊണ്ടുള്ള പ്രമേയം സദസ്യർ എഴുന്നേററുനിന്നു പാസ്സാക്കി

വഞ്ചീശമംഗളത്തോടുകൂടി ഈ ചടങ്ങ് അവസാനിച്ചു.

### പ്രദർശനം

'നന്ദാവനം' ഗ്രൌണ്ടിൽ പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള 'ശ്രീചിത്രാനഗറിൽ', (എല്ലാം കൊണ്ടും ഒരു കൊച്ചു പട്ടണം തന്നെയാണ് അതു്) ശ്രീചിത്രാപ്രദർശനം ചൊവ്വാഴ്ച വൈകുന്നേരം 5½ മണിക്കു മദ്രാസ് സ്റേറററ്സ് റസിഡൻറ് ലഫ: കേണൽ സി. ജി. എൻ. എഡ്വേർഡ്സ് സി. ഐ. ഈ ഉൽഘാടനം ചെയ്തു. എം. എൽ. സി. മാരും നാട്ടുപ്രമാണികളും, വ്യവസായ പ്രമുഖരും, പൌരമുഖ്യരുമായി ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരടങ്ങിയ ഒരു വലിയ സംഘം പ്രദർശനക്കമ്മിററിയുടെ പ്രത്യേക ക്ഷണമനുസരിച്ചു തദവസരത്തിൽ സന്നിഹിതരായിരുന്നു.

### ദിവാൻജിയുടെ പ്രസംഗം

പ്രദർശനോൽഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചുകൊണ്ടു ദിവാൻജി ചെയ്ത പ്രസംഗത്തിലെ ചില പ്രധാനഭാഗങ്ങളാണു ചുവടെ ചേർക്കുന്നതു്:-

മഹാരാജാവുതിരുമനസ്സിലെ തിരുനാൾ പ്രമാണിച്ച് ആണ്ടുതോറും വമ്പിച്ച ജനക്കൂട്ടം തിരുവിതാംകൂറിനകത്തുനിന്നും പുറത്തുനിന്നും ഈ ഘട്ടത്തിൽ തിരുവനന്തപുരത്തു തിങ്ങിക്കൂടാറുണ്ട്. ഈ ഘട്ടത്തിൽ തിരുവിതാംകൂറിന്റെ കാർഷികവും വ്യാവസായികവുമായ നേട്ടങ്ങൾ, കലാപരമായും, കൈത്തൊഴിൽപരമായുമുള്ള നേട്ടങ്ങൾ, തിരുവിതാംകൂറിലെ പ്രകൃതിവിഭവങ്ങൾ, ധാതുദ്രവ്യസമ്പത്തുകൾ-ഇവയുടെ സമാഹാരത്തിന്റെ സുന്ദരമായ ഒരു പ്രദർശനം നടത്തുന്നതു് അവസരോചിതം മാത്രമല്ല, അതു് ആവശ്യകവും, അത്യാവശ്യകം മാത്രമല്ല അഭ്യുദയനിദാനവുമാണെന്ന് അനുഭവബോദ്ധ്യമായിട്ടുണ്ട്. നമ്മുടെ കുടിലുകളിലും വയലുകളിലും എന്തെല്ലാമാണു ചെയ്തിട്ടുള്ളതു്, എന്തെല്ലാമാണു ചെയ്തുകൊണ്ടിരിക്കുന്നതു്, എന്തെല്ലാമാണു ചെയ്യാൻ ആസന്നഭാവിയിൽ ഉദ്ദേശിക്കുന്നതു് എന്നു കാണുവാനും പഠിക്കുവാനും പ്രചോദനം നൽകുവാനും അവസരമുണ്ടാക്കുന്നതു് ഏററവും ആശാസ്യമാണെന്നു ബോദ്ധ്യമായിരിക്കുന്നു. അതിന്റെയെല്ലാം ഫലമായി ഈ പ്രദർശനം ഇതേ സ്ഥലത്തുവച്ചു ആണ്ടിൽ 365 ദിവസവും നടത്തുന്ന ഒരു സ്ഥിരം പ്രദർശനമാക്കിത്തീർക്കാൻ ഭാരവാഹികൾ നിശ്ചയിച്ചിരിക്കുന്നു.

അതിനാവശ്യമായ ഉത്തേജനവും ബുദ്ധിപൂർവ്വകമായ നേതൃത്വവും ഗവമ്മെൻറിൽനിന്നു സംസിദ്ധമാകുമാറാകട്ടെ എന്നാണ് എന്റെ ആശംസ. ഈ വഴിക്കുള്ള പുരോഗതിക്കു ഗവമ്മെൻറ് ഒരു പ്രതിബന്ധമാകാതിരിക്കട്ടെ. മനഃപൂർവ്വമായിട്ടാണു ഞാനിങ്ങനെ പറയുന്നതു്. എന്തുകൊണ്ടെന്നാൽ സാധാരണയായി ഗവമ്മെൻറുകൾക്ക് എല്ലാററിനുമൊരു മാന്ദ്യമാണ് എങ്ങും കണ്ടുവരാറുള്ളതു്; അനിവാര്യങ്ങളായ പല പരിമിതികൾക്കുള്ളിൽനിന്നാണു ഗവർമ്മെൻറു പ്രവർത്തിക്കാറുള്ളതു്. തിരുവിതാംകൂർ ഗവർമ്മെൻറ് എങ്കിലും, ഇക്കാര്യത്തിലെങ്കിലും അങ്ങനെ ആകാതിരിക്കട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു.

നമുക്കു പുരോഗതി വേണമെങ്കിൽ, രാജ്യത്തു സമാധാനവും ശാന്തിയും അത്യന്താപേക്ഷിതമാണ്. എന്നാൽ ഇന്നു നാം ചുററും കാണുന്നതു് എന്താണ്? അശാന്തിയുടേയും അസമാധാനത്തിന്റേയും സ്ഫുരണങ്ങൾ, അതേ പണിമുടക്കുകൾ........അങ്ങിനെ പലതും.

തൊഴിലാളികൾ അവകാശബോധമുള്ളവരായിത്തീർന്നിട്ടുണ്ടെന്നു കാണുന്നതു സന്തോഷാവഹമാണ്; അവർ തങ്ങളുടെ അവകാശസംസ്ഥാപനത്തിനു വേണ്ടി ധീരധീരം വാദിക്കുന്നുവെന്നുള്ളതും സന്തോഷകരമാണ്. എന്നാൽ തൊഴിലാളികളും മുതലാളികളും തമ്മിൽ ശരിയായ സൌഹാർദ്ദമുണ്ടായിരുന്നുവെങ്കിൽ, വിവേകപൂർവ്വമായ പങ്കാളിത്തം (Wise Partnership) ഉണ്ടായിരുന്നുവെങ്കിൽ അതു കൂടുതൽ സന്തോഷപ്രദമാകുമായിരുന്നു. ഏററവുമധികം വ്യവസായീകരിക്കപ്പെട്ട രാജ്യങ്ങളിൽ പണിമുടക്കുകളും തൊഴിലാളി — മുതലാളി മത്സരങ്ങളും നടക്കുന്നതായി നാം കാണുന്നുണ്ട്. എന്നാൽ നമുക്കങ്ങനെ മത്സരിക്കാൻ നിർവ്വാഹമില്ല. നാം സൌഹാർദ്ദത്തിൽ, സമാധാനത്തിൽക്കൂടി പുരോഗമിക്കേണ്ടിയിരിക്കുന്നു. അവിടെയാണു നമ്മുടെ വിജയം സ്ഥിതി ചെയ്യുന്നതു്. ആ മാററം വരിക്കാനുള്ള വിവേകം തിരുവിതാംകൂറിനുണ്ടാകുമെന്നു ഞാനാശിക്കുന്നു; അതുണ്ടാകട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു.

തിരുവിതാംകൂറിലെ വിദ്യാഭ്യാസപരമായ പുരോഗതിയെപ്പററി ദിവാൻജി പരാമർശിക്കുകയുണ്ടായി. നിർബന്ധത്തിന്റെ കണികപോലും ചെലുത്താതെ, തിരുവിതാംകൂറിലെ പുരുഷന്മാരിൽ അറുപതു ശതമാനവും സ്ത്രീകളിൽ അൻപതു ശതമാനവും അഭ്യസ്തവിദ്യരാണെന്നും ഇപ്പോൾ നിർബന്ധിത — സൌജന്യപ്രാഥമിക വിദ്യാഭ്യാസം വിജയകരമായി നടപ്പിലാക്കിയിരിക്കയാണെന്നും അദ്ദേഹം വ്യക്തമാക്കി. എല്ലാം ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഈ യുഗത്തിൽ പാരമ്പര്യത്തെ ആശ്രയിക്കുന്നതിൽ അത്രയേറെ അബദ്ധമൊന്നുമില്ലെന്നും അദ്ദേഹം സമർത്ഥിച്ചു. ഈ ആണ്ടുമുതൽ ആയിരംരൂപാ വീതമുള്ള മൂന്നു പുതിയ സമ്മാനങ്ങൾ ഏർപ്പെടുത്തീട്ടുണ്ടെന്നും കാർഷികമായും വ്യവസായികമായും, കലാപരമായും തന്നാണ്ടിൽ ഏററവും നല്ല പുതിയ കണ്ടുപിടിത്തങ്ങൾ നടത്തുന്നവർക്ക് ഈ സമ്മാനങ്ങൾ നൽകുന്നതാണെന്നും ദിവാൻജി പ്രഖ്യാപനം ചെയ്തു.

സുഖത്തിലും ദുഃഖത്തിലും തിരുവിതാംകൂറിന്റെ ഭാഗധേയത്തിൽ ഒരുത്തമസുഹൃത്തിനെപ്പോലെ ഭാഗഭാക്കായിക്കൊണ്ടിരിക്കുന്ന ലഫ്:കേണൽ എഡ്വേഡ്സിനെ പ്രദർശനോൽഘാടനത്തിനു ക്ഷണിച്ചുകൊണ്ടു ദിവാൻജി ഉപസംഹരിച്ചു.

### ഉൽഘാടനപ്രസംഗം

"ദിവാൻ സാഹിബ്, മഹതികളെ, മഹാന്മാരെ, എന്ന സംബോധനയോടുകൂടി സമാരംഭിച്ച ഉൽഘാടനപ്രസംഗം ഒരു ഇംഗ്ലീഷുകാരന്റെ ചിത്തവൃത്തികളെ തികച്ചും പ്രദ്യോതിപ്പിക്കുന്നതായിരുന്നു. ജീവിതംമുഴുവനും പ്രജാസേവനത്തിനായി അർപ്പിച്ചിട്ടുള്ള മഹാരാജാവുതിരുമേനി പ്രജകളുടെ ഐശ്വര്യത്തിനും രക്ഷയ്ക്കുംവേണ്ടി ദീർഘായുരാരോഗ്യങ്ങളോടുകൂടി വാണരുളുമാറാകട്ടെ എന്നാശംസയോടുകൂടി സമാരംഭിച്ച ആ പ്രസംഗത്തിൽ ഈ പ്രദർശനത്തിന്റെ പരമോദ്ദേശ്യം അദ്ദേഹം വിശദീകരിച്ചു. തിരുവിതാംകൂറിന് എന്തു ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്; തിരുവിതാംകൂർ ഇപ്പോൾ എന്തു ചെയ്തുകൊണ്ടിരിക്കുന്നു; തിരുവിതാംകൂർ ആസന്നഭാവിയിൽ എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു; എന്നുള്ളതിന്റെ ഒരു സുന്ദരപ്രദർശനമാണ് ഇപ്പോൾ ഉൽഘാടനം ചെയ്യപ്പെടുന്നതെന്ന് അദ്ദേഹം വിവരിച്ചു. തിരുവിതാംകൂറിൽ പ്രകൃതിവിഭവങ്ങളും അസംസ്കൃതസാധനങ്ങളും സുഭിക്ഷമായുണ്ട്. അതെല്ലാം തിരുവിതാംകൂർ ജനതയുടെ പൊതുസ്വത്താണ്. ആ അനുഗ്രഹസ്വത്തിനെപ്പററിയും, തിരുവിതാംകൂറിനു ഏററവും ഗുണകരമായ വിധത്തിൽ അതെങ്ങിനെ വിനിയോഗിക്കണമെന്നും ജനങ്ങളെ പഠിപ്പിക്കുകയാണ് ഈ പ്രദർശനത്തിന്റെ പരമോദ്ദേശ്യം.

"കൂട്ടത്തിൽ ഒരു കാര്യംകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. നീണ്ടുനിന്ന ഒരു മഹായുദ്ധം കൊണ്ടു വിരൂപമാക്കപ്പെട്ട ഈ ലോകത്തിൽ സൌന്ദര്യത്തെ അതിന്റെ യഥാർത്ഥ സ്ഥാനത്തു പുനഃപ്രതിഷ്ഠിക്കേണ്ടതും

(ശേഷം 10-ാം പേജിൽ)

### ശ്രീ ചിത്തിര തിരുനാൾ സർ ബാലരാമവർമ്മ

## മഹാരാജാവുതിരുമനസ്സിലെ 34-ാം ആട്ടത്തിരുനാൾ

# മംഗളാശംസകൾ.

അന്നം, വസ്ത്രം, തുടങ്ങിപ്പലതുമെവിടെയും ശൂന്യമായ്
തീർന്നു ലോകം
ഖിന്നതപം പൂണ്ടു കേഴുംദശയിതിലുമസാമാന്യ നൈപുണ്യപൂർവ്വം
തൻനന്മക്കേക മാർഗ്ഗം തനതു ജനതതൻ നന്മയെന്നോർത്തുമേന്മേ-
ലന്നന്നക്ഷീണ രക്ഷാവിധികൾ തുടരുമെൻ തമ്പുരാൻ വെൽക
ചൈത്രൻ.
ഉള്ളൂർ

സുഖിത ജനത പൂണ്ടും പൂർണ്ണസംതൃപ്തിയാകും
സുഭഗ സുര സരിത്തിൽ സാന്ദ്രമോദ്ദാൻ നീന്തി
സുരുചിര മൃദുനാദം തൂകിയുന്മേഷമോലും
സുകൃതചരിതനാമീ രാജഹംസം ജയിപ്പൂ.
എം. പി. അപ്പൻ

ആരോഗ്യവാനായ്‌ക്കഴിയട്ടെ! മേൽക്കുമേ —
ലാചന്ദ്രതാരമെൻ ചിത്തിരത്തമ്പുരാൻ;
ആശാന്തരങ്ങളിൽ താവൽക്കജീവിത —
മന്യൂനശോഭം വിളങ്ങട്ടെ നിത്യവും!!
വെള്ളങ്കുളം ത്രിവിക്രമമേനോൻ

ശ്രീ രാമവർമ്മനൃവരൻ ശുഭചിത്രജാതൻ,
ധീരാശയൻ ധവളഭൂരിയശോവിലാസൻ,
പേരാണ്ട വഞ്ചിവസുധയ്ക്കു ചിരായ പാരം
വാരാന്നിമംഗളമണച്ചു ലസിച്ചിടട്ടെ!
കടമാളൂർ കെ. സി. കേശവൻനായർ

ഗ്രാമോപസ്ഥിതരുന്നതസ്ഥിതിയിലെത്താനും,—
കൃഷിക്കാർക്കു വൻ-
ക്ഷേമോത്സാഹമെഴാനു, മജ്ഞനറിവുണ്ടാകാനുമാകുംവിധം
നേമോപാധി പരിഷ്കരിച്ചവശരിൽ കൃപാളുമിച്ചിത്രജൻ
സാമോദം "വിജയിക്ക" ഭാരതമഹീപാലർക്കൊരാദർശമായ്!
കൈലാസപുരത്തു്, കെ. ആർ. കേശവപ്പിഷാരടി.

ദാരിദ്ര്യത്തൊടു മല്ലിടും സഹജർതൻ സ്വാതന്ത്ര്യദാനം തുലോം
ഭൂരിശ്രീകലരും പ്രജാവനനയപ്രാധാന്യമാർന്നുള്ളതായ്
നേരിട്ടോരുമുദാരചാരുചരിതൻ 'ചിത്രക്ഷ്മജൻ, വഞ്ചിഭൂ-
ഭാരം ശൌരിശരണ്യനായ് ചിരതരം സാധിയ്ക്കു, സന്മംഗളം!
കുമരകം, പി. കെ. പണിക്കർ.

പാരൊട്ടുക്ക പരന്നിടുന്നപെരുതാം ദാരിദ്ര്യദുർദ്ദേവത-
യ്ക്കീരാജ്യത്തു കടന്നിടാനിടവരാതീനാടു വാഴുംനൃപൻ
ഭൂരിശ്രീ വളരുംപടിക്കു ഭരണംചെയ്യുന്നു; തൻ കീർത്തിയും
പാരൊട്ടുക്ക പരന്നിടുന്നു; നെടുനാൾവാഴട്ടെചിത്രക്ഷ്മജൻ
കാരാപ്പുഴ, കെ. പി. കോര.

ഭൂതിപൂണ്ട തിരുമേനി തൻ കരുണ—യാത്തരായുഴലുമിപ്രജ
ക്കാധിതീർത്തു ദുരിതങ്ങളാററിയതിസൌഖ്യമേകിയനുവാസരം
ശ്രീധരന്റെ പദപങ്കജം സതതമുള്ളിലോർത്തനഘ ഭക്തിപൂ
ണ്ടീധരക്കധിപനായ് വസിക്കണമനേകകാല മതിതുഷ്ടിയാൽ.
ഏവൂർ.

സ്വാമിൻ! ശ്രീ പത്മനാഭാ! തവ പദയുഗളം സന്തതം സേവ
ചെയ്യു—
ന്നോമൽ ശ്രീ ചിത്രഭൂപാലനു സകലവിധം സൌഖ്യവും
നല്കു ശൌരേ
ക്ഷാമം രോഗം ഭയം തൊട്ടപകടപടലം വഞ്ചിനാട്ടിൽ
കടന്നാൽ
ക്ഷേമം നല്കേണ്ട നാരായണ! തവ മുറ ഞാനോതുന്നോ
നീതിശാലിൻ.
മള്ളൂർ ഗോവിന്ദപ്പിള്ള

സൌജന്യം സകലത്തിലും സമുചിതം
സംഭാവനം ചെയ്തിടും
രാജശ്രീ! തവദൃഷ്ടിയെത്തിയധുനാ
വിദ്യാർത്ഥി വൃന്ദത്തിലും
ഓജസ്സിൽ ഭരണം തുടർന്നു വിവിധം
വിശാഖതിനാദർശനായ്
രാജിപ്പൂ കുലശേഖരൻ ചിന്താമണി —
ക്കൊപ്പം പ്രതാപോജ്ജ്വലം
മങ്കൊമ്പിൽ എ. കൃഷ്ണയ്യർ

വെള്ളത്തള്ളൽ പടർന്നുംതുല്യ മലറിപ്പാഞ്ഞിങ്ങു കേറീടവേ-
യുള്ളിൽ സംഭ്രമമാർന്നു, തൻപ്രജകളെ ബോട്ടിൽകരേററിക്ഷണം;
നല്ലോര,സ്സദനങ്ങളും ഭക്ഷണമതും നൽകീട്ടു രക്ഷിച്ചൊരാ-
കല്യാണാശയ "മൂല" ഭൂപതിസമം വാഴട്ടെ!യിത്തമ്പുരാൻ.

സ്ത്രീതഃശ്രീചേർന്നിണങ്ങും "നിയമസഭ,,യിലേ
ക്കുംഗലബ്ധിക്കു "മജ,,—
ക്കേതാദൃക്കം "വോട്ടു,, ചെയ്വാനനുമതിയലിവാ
ന്നിങ്ങു കല്പിച്ചിടുന്നോൻ;
ജാതിപ്പേരങ്ങളാൽ പോലു ള്ളസമത വിഗണി
ച്ചീവിധം നവ്യമാകും
നീതിക്കായ് ലക്ഷ്യമേന്തും നരപതി നെടുനാൾ
വാഴണം ദൈവയോഗാൽ.
ശങ്കരനാരായണനാചാരി, വാലടശ്ശേരി.

നരകീർത്തികളതിരുന്നൊരു നൃപകല്പകവൃക്ഷം
നരപാലകകുലമൌലികളണിമൌക്തിക ഹാരം
ചിരവാഞ്ഛിതസുകൃതം ഭുവി തനുപൂണ്ടൊരു ഭാഗ്യാ-
കരമാകിയ ചിത്രക്ഷ്മജ! ധരയാളുക സുചിരം.
ഹെഡ്മാസ്റ്റർ, മൂലവട്ടം ഇംഗ്ലീഷ് ഹൈസ്കൂൾ.

പാരെല്ലാം കീർത്തിചേർക്കും, നയവിനയ നിധേ!
ചിത്തിരക്ഷ്മാപതേ! നീ
നാരാർമാതിൻ കടാക്ഷാൽ മരുവുക ഭുവനേ നൂറു-
നൂററാണ്ടുകാലം;
പോരിൽ പാരം കുഴങ്ങീട്ടഖിലരുമൊരുപോൽ
സങ്കടപ്പെട്ടിടുമ്പോ
ളാരാണീവണ്ണമിന്നീ വിഭവസഹിതമാമന്നമേകുന്നു മോദാൽ-?
കെ. എൻ. കൃഷ്ണപിള്ള കിടങ്ങൂർ

ഏതിൽ തുള്ളിത്തുളുമ്പും മധുരമധുവിനാൽ
സത്യധർമ്മാദിയെല്ലാം
പ്രീതിപ്പെട്ടായതിൽത്താനനാദിനമമേയം
ഭക്ഷികാമാലയായി;
ഏതിൻച്ഛായന്നരം താരതളിവിലസിട്ടും
ചിത്തിരേ ചിത്തരമ്യ-
ജ്യോതിസ്സേ, നീ ജയിക്കൂ! ജനകൃതസുകൃതം
നിന്നുമിന്നും കണ്ടാകേ.

വെണ്ണിക്കുളം, ഗോപാലക്കുറുപ്പ്.

പേരാന്നിടിനഭാരതത്തിലധികം ഭൂപാലരുണ്ടെങ്കിലും
നേരായാരുടെ നാമമാണഖിലരും വാഴ്ത്തുന്നതാത്താദരം
സാരാസാരവിവേകമാന്ന മതിമാനച്ചിത്രനക്ഷത്രജൻ
തീരാതായുരരോഗതാദിസകലം വർദ്ധിച്ചുവാഴേണമേ.

ശാസ്ത്രി മഹോപാദ്ധ്യായ കെ എസ്. നീലകണ്ഠൻ ഉണ്ണി

കാലം മാച്ചു കളഞ്ഞിടാത്ത കനക-
ച്ചിത്രാക്ഷരം ചാർത്തി, തൻ-
പോലും മോഹന വിശ്വവിശ്രുതമഹാ-
കാവ്യം രചിച്ച ശ്രമം
ചേലിൽ സാന്ത്വനഗാനമാധുരി ചൊരി-
ഞ്ഞൂഴിഭരം തീർത്ത ഭൂ-
പാലൻ ചിത്തിരതാരജൻ ചിരതരം
വാഴേണമൂഴിതലേ!

തിരുവല്ലാ എൻ. കേശവപിള്ള

പണ്ടത്തെപ്പടിഹാ, റബ്ബർ വിലയിടി—
ഞ്ഞു ഡിപ്രഷൻ കൊണ്ടു ക്രോ
പ്പുണ്ടാക്കാൻ ചെലവേറിടിന്നു വിഷമി—
ച്ചീടുന്നിതാ പ്ലാൻററർമാർ
വേണ്ടതക്കനവീന പദ്ധതികളാ—
ലീമാലകറസ്സുഖം—
പൂണ്ടെന്നും സുധിചിത്രജൻ സുചിരമീ—
വേണാട്ട വാണീടണം.

കട്ടക്കയത്തിൽ സി ജോൺ

തേഞ്ഞു മിന്നിപ്പു ജിന്നാപ്രഭൃതികളകമേ
കണ്ടകസ്ഥാൻ മറഞ്ഞു;
ചാഞ്ഞു ശ്രീ ഭാരതൈക്യാത്മകതയിലവനീ
പാലരെല്ലാരുമിപ്പോൾ;
മാഞ്ഞു കാറൊക്കെ; മന്ത്രിപ്രവരവഴി ഭവാൻ
ചെയ്ത സൽസേവനത്താൽ
പാഞ്ഞു ഉദ്യോഗമേവം; ജയ! ജയ!! നിതരാം
വഞ്ചിഭൂപാലമൌലേ!

പി. കെ. കേശവപിള്ള

"സത്യംതന്നെ ജയിച്ചിടേണ, മഖിതാ-
ടോപാനപീതം കൈതവം
അതിലുള്ളി വരുന്നതൊക്കെ വിഫല-
പ്പെട്ടീടുമാറാകണം,,
അത്യർത്ഥം നിരൂപിച്ചിവണ്ണമധുനാ
വേണാട്ട വാണീടുമെൻ
ചിത്രർക്ഷോത്ഭവ! മനവേന്ദ്ര!! വിജയി-
ച്ചാലും ചിരായുസ്സുഖം.

ശങ്കരത്തിൽ എ. വി. മാത്യു

പ്രേമപ്പൂന്തെന്നൽവീശിബ്ഭരയിലനുദിനം വ്യൂഢഹർഷം പൊഴിക്കും
ശ്രീമച്ചിത്രാവനീശൻ ശ്രിതജനകരുണാപൂർണ്ണകല്യാണമേഘം
സാമോദംവാഴ്ക നീണാളനുപമ മഹിമാവാർന്നിവണ്ണം ജഗത്തിൽ
പൂമാതിൻപുണ്യമോലും തിരുനയനകടാക്ഷാഞ്ചലച്ഛായതന്നിൽ

എം. വി. വാസുദേവൻനായർ, ചെട്ടികുളങ്ങര

പൂമങ്കമപ്പൂങ്കലാരം തൻപതിയിലനിരത
സ്വാന്തനായ്, ശാന്തനായി
ക്ഷേമം മകകൊണ്ടുകൊണ്ടിസ്സുകൃതി തിരുവിതാം-
കൂറുകൂറോടുകൂടി
ക്ഷമാമണ്ഡലിത്തിനീറി പ്രജകളതിലക-
ളുപ്പുലു പാകാതെ രക്ഷാ-
സാമർത്ഥ്യം സംഗ്രഹിച്ചിത്തിരുവടി മരുവും
ചെയ്യണം ദീർഘകാലം

കണ്ണമ്പള്ളി കൃഷ്ണൻനമ്പൂതിരി.

വിക്ഷേപക്ഷേമ വിമാത ദീപവിമല ജ്യോതിസ്സു കാളിസപ്തം
വിശപത്തിൽ പുകറും ചന്ദ്രികാംബരമണിഞ്ഞുൾ ബുധ
വിദ്യാധരൻ
ആശ്വാസതരുണലാളരക്ക കമലിത്തേകി പ്രസന്നശ്രീ
ശ്രീലൻ, കേരളഭാവിയാൻ വിജയിച്ചീടട്ടെ! ചിത്രർക്ഷജൻ

കെ. കെ. കരുണാകരക്കുറുപ്പ് കറൂർ.

പുരുപുകളിയലും ശ്രീ ചിത്രജക്ഷ്മാമണ്ഡലമണ്ണൽ
തിരുവടി ചിരകാലം വഞ്ചിരാജ്യം സസൗഖ്യം;
പരിചൊടു പരിപാലിച്ചുല്ലസിച്ചീടുവാനായ്
ചൊരിയുക വരവർഷം നീ പരം ചിത്സ്വരൂപാ!

കെ. ഒ. ഡോമിനിക്, പൊൻകുന്നം

"ധരാതലത്തിൻ പുകറം ചേർത്തു വാണിടും
ധരാധവൻ നമ്മുടെ പൊന്നുതമ്പുരാൻ
സുരാധിപന്നൊത്തുചിരം വിളങ്ങുവാൻ
പരാപരൻ താൻ ചൊരിയട്ടെ ഭാവുകം"

ഉപ്പിയാർ, കൃഷ്ണൻ നമ്പൂതിരി കോഴഞ്ചേരി

ഗണിതശാസ്ത്രത്തിൽ നിന്നയേ ഗണ്യമായ്
ഗണമപ്പുണ്ടും ഗണിച്ചോരു കാരണാൽ
വിളറി മങ്ങി പ്രകാശിച്ച ചിത്തിരേ
തളികലർന്നു നീ മിന്നുന്നതെന്തുവാൻ?
അഹഹ കാര്യം ഗ്രഹിച്ചു ഞാനോതിടാം
മഹിതനായുള്ളൊരെൻ പൊന്നുതമ്പുരാൻ
മഹതിയാം റാണി പാർവ്വതീനന്ദനൻ
മഹിയിൽ ജാതനായ് ചിത്രനക്ഷത്രജൻ
തിരുവിതാംകൂറതൻ ഭാഗ്യധാമമോ-
തിരുമനസ്സുകൊണ്ടുകല്പിതന്നായാം.
ചിരമതുഴം രാജ്യതന്ത്രജ്ഞനീ നൃപൻ
വിരുതുകൂട്ടും പ്രജാക്ഷേമതല്പരൻ
മരണയന്ത്രം തിരികെവാൻ ഭൂപനീ
ചെറിയ രാജ്യത്തിലില്ലാതിരിക്കവെ
മരണതന്ത്രജ്ഞനാം രാമവർമ്മയീ —
ധരണിയിൽ വന്നു ചിത്തിരജാതനായ്
മരമ നാട്ടിന്നു കാട്ടികൊടുക്കുവാൻ
ചെറുമരേ മങ്ങുക്ഷേത്രത്തിലേററിയോൻ
പലവിധത്തിൽ പരിഷ്കാരമേകിയോൻ
ഉലകിൽ വാഴട്ടെ; സൗഖ്യാന്വിതം ചിരം
ഗണിതശാസ്ത്രത്തിൽ ഗണ്യമായുള്ളൊരു
ഗണനയില്ലാതിരുന്ന പൊൽത്താരമേ
ഗുണഗണത്തെ പ്രകീർത്തിപ്പതെന്തു മുൻ
ഗണനനീയിന്നു സപ്രായത്തമാക്കിയോ?
പലവിധം ചേർന്ന തങ്കാക്ഷരങ്ങളിൽ
പലകവീശ്വരർ നിന്നെസ്തുതിക്കുവാൻ
ഉലകിൽ നീയിത്ര ധന്യമായ് തീരുവാൻ
ഉലകധീശൻ ജനിക്ക താൻ കാരണം.

കെ. എൻ. ബാലപ്പൻ നായർ തലയാർ

## ഭാരത്തിൻെറ ഭാരം

(17-ാംപേജിൽനിന്നു തുടർച്ച)

രണ്ടു ദിവസംകൊണ്ട് മാത്യു വീണ്ടും ഒരു പുതിയ മനുഷ്യനായി. മാസ്ററർ പണ്ടത്തെപ്പോലെ ഔദാര്യത്തോടെ പെരുമാറാൻ തുടങ്ങി. ഹോട്ടൽ മാനേജരുടെ മുമ്പിലും മാത്യുവിന് ഒരു ധൈര്യം വന്നു. വല്ലാതെ വിശന്ന് അന്യായപകർപ്പിൻെറ പ്രതിഭ ഇരിക്കുമ്പോഴും; വക്കീൽസാറിൻെറ വീട്ടിലെ പഞ്ഞമില്ലാത്ത ഉച്ചയൂണുണ്ണുമ്പോഴും, മാത്യുവിൻെറ മസ്തിഷ്കവലയങ്ങൾ ഒരു വ്യവസായ ശാലയിലെ പുകക്കുഴൽ പോലെ പ്രവത്തിച്ചുകൊണ്ടിരിക്കും.

എന്താണും, പിടിക്കാൻ തുമ്പും, തുരുമ്പുമില്ലാതെ പരക്കം പായുന്ന ഒരു രൂപം മാത്യുവിനെ അലട്ടുകയാണ്. രക്തം വററി വിളറിയ ഒരു മുഖം പറയാൻ കഴിയാതെ എന്തോ പറഞ്ഞുകൊണ്ടിരിക്കുകയാണ്.

വക്കീലാപ്പീസിലും, കച്ചേരി വളപ്പിലും, കടവാതിലിലും, ആളുകൾ കൂടുന്നിടത്തെല്ലാം മാത്യു ചിരിക്കുകയും, വത്തമാനം പറയുകയും ചെയ്യുന്നുണ്ട്. പക്ഷേ, ആരുമില്ലാതെ ഒററയ്ക്കിരിക്കുമ്പോഴെല്ലാം മാത്യുവിന് ചിരിക്കുന്നതിലും കൂടുതൽ ചിന്തിക്കാനുണ്ടായിരുന്നു.

എങ്കിലും, അയാൾക്കൊരാശ്വാസം അനുഭവപ്പെട്ടു.

അങ്ങിനെ നാലുദിവസങ്ങൾ..,..........

ഞായറാഴ്ച രാവിലെ..........

മാത്യു എഴുന്നേററ് കതക് തുറന്ന് കണ്ണു തിരുമ്മിക്കൊണ്ട് വെളിയിലേക്കിറങ്ങി വരാന്തത്തിണ്ണയിലെ ചെമ്മണ്ണിൽ അഴുക്കടിഞ്ഞ നിക്കറും ഷർട്ടും ധരിച്ച് ആരോ ചുരുണ്ടുകൂടി ഉറങ്ങുന്നു. അടുത്ത് ഒരു കൊട്ടിച്ചിപ്പെട്ടിയും....

മാത്യു അവനെ കാലുകൊണ്ടു തട്ടിവിളിച്ചു. പിടിച്ചു വലിച്ച് എഴുന്നേൽപ്പിച്ചു. ചെമ്മണ്ണു പുരണ്ടു കുഴഞ്ഞു പറിഞ്ഞ ആ തലമുടി ഊതി എന്തോ നിൽക്കുകയാണ്. ഒരു പിശാചിനെപ്പോലെ, കവിളും വീർപ്പിച്ച്, വെളുത്തു വിളറിയ കണ്ണുന്തി ഒരു ശവംപോലെ അവൻ നിൽക്കുകയാണ്.

മാത്യു അവൻെറ തലക്കിട്ട് ഒന്നു കൊട്ടി. ഒരു കൈത്തോക്കു കിട്ടിയാൽ മാത്യു അവനെ വെടി വയ്ക്കും.

അയാൾ പല്ലുകടിച്ചുകൊണ്ടു ചോദിച്ചു: 'നീയെന്തിനു വന്നു? അവൻെറ മുഖം ഒരു ഗർഭിണിയായ തവളയുടെ പള്ളപോലെ വീർത്തു.

'നിന്നോടാരു പറഞ്ഞു ദ്രോഹി വീണ്ടും വരാൻ,

'...,

'നിന്നോടു ഞാൻ എല്ലാം പറഞ്ഞിരുന്നില്ലേ,

അവന് ഉത്തരമില്ല.

'ദ്രോഹീ, നീയെന്നെ കിടത്തിപ്പൊറുപ്പിക്കുകയില്ല'

അവന് അനക്കമില്ല വെറും മൌനം.

ആ തലക്കിട്ട്, മാത്യു ഒന്നുകൂടി കൊട്ടി. അവൻ കരയുന്നില്ല ...വെറും മൌനം. ആ മൌനത്തിലൂടെ അവൻ എന്തോ അധികാരം സ്ഥാപിക്കുകയാണ്. അവൻ അനങ്ങുന്നില്ല. അനങ്ങാതെതന്നെ അവൻെറ ആവശ്യങ്ങൾ ഉറക്കെ വിളിച്ചുകൂവുകയാണ്.

'അവൻ എന്തിനു വന്നു?,

ആ ചോദ്യം മാത്യുവിൻെറ വിശകലനസാദ്ധ്യതയെ വെല്ലുവിളിച്ചു.

താമസിക്കാൻ സൌകര്യമില്ല. കളിക്കാൻ കൂട്ടുകാരില്ല. ഓമനിക്കാൻ അമ്മയില്ല. വേണ്ടത്ര ഒന്നുമില്ല. കാര്യമായി പറയാനാണെങ്കിൽ ഉച്ചക്ക് ഒരു നേരം ഭക്ഷണമുണ്ട്. അതും ദിനവും തീർച്ചയില്ല. വൈകുന്നേരത്തെ ഭക്ഷണം. അതൊരു ഭക്ഷണമല്ല. ഒരു മുട്ടശാന്തിമാത്രം...ഒരു സമാധാനപ്പെടുത്തൽ മാത്രം.

—പിന്നെ, അവനെന്തിനുവന്നു? മാത്യുവിന് ഉത്തരമില്ല.

ജോർജ്ജുകുട്ടിയെ കണ്ടതിൽപിന്നീട്, മാസ്റ്റർ മാത്യുവിനോടു സംസാരിച്ചില്ല. ഹോട്ടൽ മുമ്പിലൂടെ കടന്നു പോയപ്പോൾ മാനേജർ വല്ലാതെ ഒന്നു നോക്കി. നാലുനാൾ മുമ്പുള്ള കഥകളെല്ലാം വീണ്ടും ആവർത്തിക്കപ്പെടുകയാണ്.

അന്നും ഉച്ചക്ക് മാത്യു വക്കീൽസാറിൻെറ വീട്ടിൽനിന്നും ഊണു കഴിച്ചു. വക്കീൽസാറിൻെറ ഭാര്യയോടു വത്തമാനം പറഞ്ഞ്, മൂന്നുമണിക്കാണ് അയാൾ മടങ്ങിയത്.

അവൻ ആ മൂലയിൽ തെറുത്തുവച്ചിരിക്കുന്ന പായുടെ പുറത്തിരുന്ന് ഒരു വർത്തമാനപ്പത്രം നോക്കിവായിക്കുകയാണ്. നാലുക്ലാസ്സുവരെമാത്രമേ അവൻ പഠിച്ചിട്ടുള്ളു. പക്ഷേ അവനു നല്ലപോലെ പത്രം വായിക്കാനറിയാം.

രാവിലെ ചായക്കടയിൽനിന്ന് ഒരു ദോശയും, നാലുകാശിനു പയറും വാങ്ങിതിന്ന് പയ്പിൽനിന്ന് വെള്ളം കുടിച്ചതല്ലാതെ ഒന്നും കഴിച്ചിട്ടില്ല.

മാത്യു വരാന്തയിലൂടെ അഞ്ചാറു പ്രാവശ്യം നടന്നു. പലപ്രാവശ്യം അറിയാതെ പോക്കററു തപ്പിനോക്കി. ഇടക്കിടെ വാതിൽക്കൽ വന്നു അകത്തേക്കു നോക്കി.

ചംപ്രം പൂട്ടിട്ട്, ഇടത്തേക്കൈ താടിക്കു കുത്തി, അനക്കമില്ലാതെ, ആ തെറുത്ത പായുടെ പുറത്തിരുന്ന്, അവൻ പത്രം നോക്കി മനസ്സിലാക്കുകയാണ്. അവന് അവൻെറ അധികാരം സ്ഥാപിച്ചു കിട്ടണം.

അവന് വിശക്കുന്നുണ്ട്. വയററിൽ മാംസക്കട്ട തേഞ്ഞുകൊണ്ടിരിക്കുന്നു. അവൻെറ ബുദ്ധിശക്തി ക്ഷീണിച്ചുകൊണ്ടിരിക്കുകയാണ്. ആ കടലാസ്സിലെ അക്ഷരങ്ങൾ വായിക്കുവാൻ അവന് ശരിയായി, കണ്ണു തെളിയുന്നില്ലായിരിക്കാം.

പക്ഷേ, ഒരേ ഇരിപ്പിൽ, അവൻ അവിടെത്തന്നെ ഇരിക്കുകയാണ്. അവൻ എഴുന്നേൽക്കാൻ ശ്രമിക്കുന്നില്ല. എഴുന്നേററ് അച്ചായൻെറ അടുത്തു വരുന്നില്ല. അച്ചായൻെറ അടുത്തവന്ന് അയാളോട് പറയുന്നില്ല, 'എനിക്കു വിശക്കുന്നു.,

അവൻ കോപത്തോടെ കണ്ണുരുട്ടിക്കൊണ്ട്, അച്ചായനോട് ചോദിക്കുന്നില്ല—'നീ എന്നെ ഇവിടെ ഇരുത്തിയിട്ട്, വയറു നിറയെ ഉണ്ടില്ലേ!.

അവൻ അല്പംകൂടി വളരാനുണ്ട്.

മാസ്ററരുടെ മണിപേഴ്സിലെ രൂപയും, പണവും, കാശും അവനെ പ്രലോഭിപ്പിക്കുന്നില്ല.

അവനു വിശക്കുന്നു. വിശപ്പ് ഉഗ്രമാണ്...അവൻെറ സഹനശക്തിയേയും അത് വെല്ലുവിളിച്ചു തുടങ്ങും..,...

## ശ്രീചിത്രാപ്രദർശനം

(7-ാംപേജിൽനിന്നു തുടർച്ച)

ഇൗദൃശപ്രദർശനങ്ങളുടെ കത്തവ്യമാണ്. എല്ലാത്തിനും ദൌർഭിക്ഷ്യം നേരിട്ടിട്ടുള്ള ഈ കാലഘട്ടത്തിലും സൌന്ദര്യം റേഷൻ ചെയ്യപ്പെട്ടിട്ടില്ല. സൌന്ദര്യത്തിൻെറ സപ്ലൈയ്ക്കു യാതൊരു ക്ഷാമവും നേരിട്ടിട്ടില്ല. ഉപചാരവും മര്യാദയും പഴഞ്ചൻ ആചാരങ്ങളല്ല. തിരുവിതാംകൂറിലെ സുന്ദരങ്ങളായ പൂച്ചെടികളുടേയും സുരഭിലങ്ങളും വർണ്ണസങ്കീർണ്ണങ്ങളുമായ വിവിധ പുഷ്പങ്ങളുടെയും പോഷകാംശങ്ങൾ തികഞ്ഞ ഫലമൂലങ്ങളുടേയും പ്രദർശനം ഈ ആണ്ടത്തെ പ്രദർശനത്തിൻെറ ഒരു പ്രത്യേകതയാണ്. പ്രാരംഭവർഷത്തിൽ ഈ പ്രദർശനവിഭാഗം സമ്പൂർണ്ണമായില്ലെന്നു വരാം. എങ്കിലും കാലാന്തരത്തിൽ അതു ഈ പ്രദർശനത്തിൻെറ അതിപ്രധാനമായ ഒരു വിഭാഗമായിത്തീരുമെന്ന് എനിക്കു ദൃഢവിശ്വാസമുണ്ട്,"

ഇൻഡ്യ മഹത്തായ രാഷ്ട്രീയ പരിവത്തനങ്ങളുടേയും ഭരണപരിഷ്കാരങ്ങളുടേയും പടിവാതിൽക്കൽ എത്തിയിരിക്കയാണെന്നും ഈ ഘട്ടത്തിൽ അന്തർദ്ദേശീയ വിശ്രുതി നേടീട്ടുള്ള ഒരു ദിവാൻജിയെ തിരുവിതാംകൂറിനു ലഭിച്ചതു പരമഭാഗ്യമായിട്ടുണ്ടെന്നും ഇൻഡ്യയുടെ മാത്രമല്ല, ലോകത്തിൻെറ തന്നെ ഭാവിയിൽ അതിപ്രധാനമായ ഒരു പങ്കു തിരുവിതാംകൂർ നിവ്വഹിക്കേണ്ടതായിട്ടുണ്ടെന്നും പറഞ്ഞുകൊണ്ടാണു ബ്രിട്ടീഷ് റസിഡൻറ് പ്രദർശനം ഉൽഘാടനം ചെയ്തത്.

പ്രദർശനോൽഘാടനം കഴിഞ്ഞപ്പോഴേയ്ക്കും വന്നുചേർന്ന മഴ കണ്ടു ദിവാൻജി സ്വതസ്സിദ്ധമായ ഫലിതബോധത്തോടുകൂടി, "ഈ മഴയത്തു നാമെങ്ങനെ പ്രദർശനം നടന്നു കാണും?" എന്നു ചോദിച്ചപ്പോൾ അതുവരെ ഗൌരവത്തിലാണ്ടുപോയിരുന്ന സദസ്സു പെട്ടെന്നു പൊട്ടിച്ചിരിച്ചു.

★

---

മാത്യുവിന് ഇനിയും കണ്ണടയ്ക്കാൻ നിവൃത്തിയില്ല. അയാൾ റോഡിലിറങ്ങി നടന്നു; നാലുംകൂടുന്ന കവലയിലേക്ക്-

*   *   *

പിറേറന്നു വൈകുന്നേരം, മാത്യു അനുജൻെറ കയ്യിൽ നാലുചക്രം കൊടുത്തു.

ഇതെന്തിനാച്ചാ'

അവൻ അന്വേഷിച്ചു.

'നിനക്കു പോകാൻ നീ ഇന്നുതന്നെ പോകണം.,

'എവിടാച്ചാ,

'വീട്ടിൽ,

ദൌർബല്യങ്ങൾ അവനെ പരാജയപ്പെടുത്തിയില്ല. അവൻെറ മുഖത്ത് ഒരസാധാരണ ധൈര്യം നിഴലാടി....അവൻ നിരത്തിൻെറ അപാരതയിലേക്കു നോക്കി ഒരല്പനേരം നിന്നു. ...

അകലെ, നിരത്തിൽ, ഒരു ചായപ്പീടികയുടെ മുമ്പിൽ ഒരുകൂട്ടം ചന്തപ്പിള്ളർ കൂടിനിൽക്കുന്നുണ്ട്....അവർ ഒരു കാര്യമായ വാദപ്രതിവാദത്തിലേർപ്പെട്ടിരിക്കുകയാണ്....

ജോർജ്ജുകുട്ടി ഇറങ്ങിനടന്നു.

നീണ്ട നിരത്തിലെ, കണ്ണെത്തുന്ന അവസാനത്തെ കമ്പിക്കാലും കടന്ന്, അവൻ ആൾക്കൂട്ടത്തിൽ ലയിച്ചു.

★

# ദ്വിരാഷ്ട്രസിദ്ധാന്തത്തെപ്പറ്റി

## പാക്കിസ്ഥാൻ എന്ത്? എന്തിന്? എങ്ങിനെ?

(സുകുമാർ, അഴീക്കോട്ട്)

"ഞാൻ മൂളിപ്പാട്ടു പാടിയുംകൊണ്ട്, ഒരു പുതുഗീതത്തിന്റെ രാഗമൊപ്പിക്കുവാനായി ജനാലക്കട്ടത്തിരിക്കയായിരുന്നു.

"പെട്ടെന്നു ചക്രവാളത്തിനപ്പുറത്തുനിന്നു ഒരു 'പ്രശ്നം' എന്റെ മുമ്പിലാവിർഭവിച്ചു. 'ഇന്ത്യയിലെ ഹിന്ദുമുസ്ലീം വൈരസ്യത്തിനുപശമമെന്ത്?' സമുദായത്തോട്ട് എനിക്കും ചില കടമകളുണ്ടെന്നു് ഞാനപ്പോഴാണു കണ്ടതു. രാഗമാലാപിച്ചിരുന്നാൽപ്പോരാ; മാനവചരിത്രത്തിന്റെ ഗർജ്ജിക്കുന്ന ചോദ്യങ്ങൾക്കു് ഉത്തരവുമേകേണ്ടിയിരിക്കുന്നു.,,

മഹാകവി ടാഗോർ (1921-ൽ) ഡോക്ടർ കാളിദാസ് നാഗിനു് എഴുതിയ ഒരെഴുത്തിലെ ചില ഭാഗങ്ങളാണിവ. കാവ്യകാമനീയകം നുകരുന്ന കവിയെ അന്നഭിമുഖീകരിച്ച ഹിന്ദുമുസ്ലീം പ്രശ്നം, ഇന്നൊരു ജീവന്മരണ പ്രശ്നത്തിന്റെ ഉദഗ്രതയോടെ ദുരന്താശങ്കാപീഡിതരായ നമ്മെ ത്രസിപ്പിക്കയാകുന്നു.

ദ്വിരാഷ്ട്രവാദത്തിന്റെ ഉത്ഭവം

ആരാണിത്ര വിനാശകമായ ഈ സിദ്ധാന്തത്തിന്റെ ജനയിതാവ്? ജനകീയാഭിലാഷമുൾക്കൊള്ളുന്ന ഏതു പ്രസ്ഥാനവും സിദ്ധാന്തവും ജനങ്ങളുടെ ചിന്താന്തരീക്ഷത്തിൽനിന്നത്രേ ഉയിരെടുക്കുക. ആ സന്ദർഭത്തിൽ ചില സാമയിക വ്യക്തികൾ മുന്നോട്ടു വന്നു് അവയുടെ നേതൃത്വവും നിയന്ത്രണവും ഏൽക്കുന്നു. അല്ലാതെ വ്യക്തിയുടെ അഭിപ്രായപ്രകടനത്തിനു പിന്തുണ നൽകുകയല്ല, ജനതാജീവിതത്തിൽ സമഗ്രബാധകമായ ഏതു പ്രശ്നത്തിന്റെ സംഗതിയിലും ജനങ്ങൾ ചെയ്യുക. ലോകത്തിലെ ഏതു ജനകീയസംഘടനകളുടേയും ആദർശചരിത്രം പരിശോധിച്ചാൽ, സമഷ്ടിയിൽനിന്നു വ്യഷ്ടിയിലേക്കുന്മുഖമായ ഒരു കാര്യകാരണബന്ധത്തിന്റെ ശൃംഖലയെക്കാണാം.

എന്നാൽ മുസ്ലീം ജനസാമാന്യത്തിന്റെ സാകലികവാഞ്ഛയുടെ സമസ്തപ്രാതിനിധ്യം വഹിക്കുന്നുവെന്നു് ഉൽഘോഷിക്കപ്പെടുന്ന പാക്കിസ്ഥാൻവാദം മേൽസൂചിപ്പിച്ചതിൽനിന്നു് പ്രതിലോമമായ ഒരു പദ്ധതിയിലൂടെയാണ് വികസിച്ചതെന്നതു ശ്രദ്ധേയമായ പരമാർത്ഥമാകുന്നു. അതായതു്, പാകിസ്ഥാൻവാദത്തിന്റെ പശ്ചാത്തലം ജനാഭിലാഷത്തിന്റെ വികാസശക്തിയല്ല, ഒരു പ്രത്യേക വ്യക്തിയുടെ വിവിക്താഭിമതം മാത്രമായിരുന്നു.

ആ വ്യക്തിയത്രേ ചൌധുരി റഹ്മത്തു് ആലി.

പക്ഷേ, ആ വ്യക്തി സുപ്രശസ്തകവിയായ ഡോക്ടർ മുഹമ്മദ് ഇക്ബാൽ ആണെന്നു ചിലർ പറയാറുണ്ട്. ആ അഭിപ്രായം തെറ്റാണെങ്കിലും അവരും തെളിവു ഹാജരാക്കാതിരുന്നിട്ടില്ല. 1930-ൽ സർവ്വേന്ത്യാമുസ്ലീം ലീഗിന്റെ അദ്ധ്യക്ഷപദത്തിൽ നിന്നു് അദ്ദേഹം പ്രസംഗിക്കയുണ്ടായി (1) "പഞ്ചാബും അതിർത്തിസംസ്ഥാനവും സിന്ധും ബലൂചിസ്ഥാനും ഒരു ഉത്തര പശ്ചിമേന്ത്യൻ മുസ്ലീം രാഷ്ട്രമായി സംഘടിതമായിക്കാണാനാണു ഞാനിച്ഛിക്കുന്നതു,, എന്നാൽ ഈ മുടന്തൻ തെളിവു താഴെ വീഴുന്നതു കാണാം, അദ്ദേഹത്തിന്റെ മറ്റു വാക്യങ്ങളിൽ: "മുസ്ലീംകൾ ഒരിന്ത്യൻ ഫെഡറേഷൻ ആകുന്നു വിഭാവനം ചെയ്യുന്നതു്" മാത്രമല്ല, ഇക്ബാലിന്റെ ഈ അഭിപ്രായങ്ങളെ അന്നാരും പരിഗണിച്ചുമില്ല. ദ്വിരാഷ്ട്രസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായി ആ കവിയെ ചൂണ്ടുന്നവർ, അവരുടെ പ്രചാരവേലയിൽ അദ്ദേഹത്തിന്റെ നാമവും ധാമവും ഉപയോഗിക്കണമെന്നു കരുതിയെന്നു മാത്രം.

ഒരു പഞ്ചാബിയും കേംബ്രിഡ്ജു് വിദ്യാർത്ഥിയുമായ ചൌധുരി റഹ്മത്ത് ആലിയാണ് പാക്കിസ്ഥാൻ സ്കീം പ്രഥമമായവതരിപ്പിച്ചതു്. "ഇപ്പോൾ അല്ലെങ്കിൽ ഒരിക്കലുമില്ല" (എന്നൊരു ലഘുപത്രികയിൽ) ('Now or Never' dated the 28th February, 1933) പാക്കിസ്ഥാൻ വാദം അദ്ദേഹം ആവിഷ്കരിക്കയും, അന്നോളം ഒരു ന്യൂനപക്ഷമെന്നെണ്ണപ്പെട്ട മുസ്ലീംകൾ ഒരു പ്രത്യേകജനതയാണെന്നഭിപ്രായപ്പെടുകയും ചെയ്തു. (Pakistan, Punjab, Afghan Province, ie, N. W. F. P. Kashmir, Sindh & Baluchistan ഈ വിധമായിരുന്നു പാക്കിസ്ഥാന്റെ ആദ്യത്തെക്രമം.) ഡോക്ടർ ഇക്ബാൽ ഒരു സർവ്വേന്ത്യാ ഫെഡറേഷനും, റഹ്മത്തു് ആലി വിഭിന്നമായ ഒരു മുസ്ലീംഫെഡറേഷനുമാണ് ഉദ്ദേശിച്ചതെന്നിതിൽ നിന്നു് അറിയാം. വട്ടമേശസമ്മേളനത്തിലെ അംഗങ്ങൾ ഈ പദ്ധതിയെ അവഗണിക്കയാണു ചെയ്തതു്. 1933 ആഗസ്റ്റിൽ ജോയന്റ് പാർലിമെന്ററി സെലക്ട്കമ്മറ്റിമുമ്പാകെ മൊഴികൊടുത്ത മുസ്ലീംകൾ റഹ്മത്തു് ആലിയുടെ വാദത്തെ പുച്ഛിക്കുകയേ ഉണ്ടായുള്ളു. (ഉദാഃ- യൂസഫ് ആലി 'വിദ്യാർത്ഥി സ്കീം, എന്നും, സഫ്റുള്ളഖാൻ, 'അപ്രായോഗികം, എന്നും, ഡോക്ടർ ഖലീഫ് ഷുജാഉദ്ദീൻ 'അപ്രാതിനിധ്യപരം, എന്നും ആണ് ആ വാദത്തെ വിശേഷിപ്പിച്ചതു്.) ഇംഗ്ലണ്ടിലാവട്ടെ, റഹ്മത്ത് ആലിയെ ഇന്ത്യാ ഓഫീസ് ധനപരമായി സഹായിക്കുകയും, ചർച്ചിൽ-ലോയിഡ് പ്രഭൃതികൾ അദ്ദേഹത്തിന്റെ വാദത്തെ ആശാപൂർവ്വം വീക്ഷിക്കുകയും, പാർല്ലിമെന്റിൽ അതിനെപ്പറ്റി ചോദ്യങ്ങൾ ഉണ്ടാകയും ചെയ്തു.

അന്നു് ഇന്ത്യക്കാരായ മുസൽമാന്മാർക്കു് ത്യാജ്യമെന്നു തോന്നിയ പാക്കിസ്ഥാൻ ഇംഗ്ലീഷു ഭരണവർഗ്ഗത്തിനു ഗ്രാഹ്യമാവാൻ കാരണം നിങ്ങൾ തന്നെ നിർണ്ണയിക്കുക. അങ്ങിനെ നിർണ്ണയിക്കുന്നതിന്നു ചില പ്രതീതികൾ നിങ്ങളുടെ മുമ്പാകെ വെക്കാം.

1925-ൽ ഇന്ത്യാസെക്രട്ടറിയായ ബെർക്കൻഹെഡ്പ്രഭു വൈസ്രോയിയായ റീഡിങ്ങ് പ്രഭുവിന്നെഴുതുകയുണ്ടായി, "ഇന്ത്യയിലെ ബ്രിട്ടീഷാധിപത്യത്തെ സുസ്ഥിരമാക്കുന്നൊരു വാസ്തവമത്രെ, ഈ ഉപവൻകരയിലെ മതപരവും വർഗ്ഗീയവും സാമുദായികവുമായ അനന്തവിഭിന്നതകൾ. ഈ വൈരുദ്ധ്യങ്ങൾ എത്രകണ്ടു് ഉൽക്കടവും ബഹുമുഖസ്പർശിയുമാണെന്നു് കാണപ്പെടുന്നുവോ അത്രത്തോളം നാം മാത്രമാകുന്നു ഉപരമത്തിനു് യത്നിക്കേണ്ടവർ എന്ന വസ്തുത വ്യക്തമാവുന്നതാണ്".,, ഇതേ രീതിയിൽത്തന്നെയുള്ള (കത്തുകൾ (ഇവിടെയുദ്ധരിക്കുന്നില്ല) 1862-ൽ എൽജിൻ പ്രഭുവും 1885-ൽ ഡഫറിൻ പ്രഭുവും എഴുതിയതു് ഹരിജൻ പത്രം കണ്ടുപിടിച്ചിട്ടുണ്ട്.

പ്രകൃതം തുടരാം. ആദ്യകാലങ്ങളിൽ (1916., 24) കോൺഗ്രസ്സും ലീഗും തമ്മിൽ വൈരസ്യങ്ങളുണ്ടായിരുന്നില്ല; ലക്നോപേക്ടും ഖിലാഫത്തു പ്രസ്ഥാനവും ജിന്നയുടെ കോൺഗ്രസ്സനുഭാവിത്വവും ദൃഷ്ടാന്തങ്ങളായെണ്ണാം. 1930 മുതൽ 35 വരെ ഇന്ത്യയിലെ മുസ്ലീം അഭിപ്രായത്തെ നിയന്ത്രിച്ചതു സർവ്വേന്ത്യാ മുസ്ലീം കോൺഫറൻസ് ആയിരുന്നു. അതിന്റെ നേതാവായ ഫസ്ലിഹുസ്സൈനിന്റെ മരണം മുസ്ലീം ലീഗിനു വലിയ നേട്ടമായാണു കലാശിച്ചതു്. അന്നു മുതൽ ജിന്ന രംഗത്തു വെളിപ്പെടാൻ തുടങ്ങി. കഴിഞ്ഞ സംസ്ഥാനസ്വയംഭരണഘട്ടത്തിലെ തിരഞ്ഞെടുപ്പുഫലങ്ങൾ ജിന്നയെ വളരെ ഖിന്നനാക്കി. അന്നു കൂട്ടുമന്ത്രിസഭ സ്ഥാപിക്കുവാൻ കോൺഗ്രസ്സ് വിസമ്മതിച്ചതു്, അങ്ങിനെ, ദുർവ്യാഖ്യാനിക്കപ്പെട്ടു. കൂടാതെ ഗാന്ധിജയന്തി, തിലകദിനാഘോഷം, വന്ദേമാതരഗാനം വാർദ്ധാവിദ്യാഭ്യാസപദ്ധതി ഇവയെല്ലാം 'ഇസ്ലാംസംസ്കാരത്തിനെതിരായ ഹിന്ദുക്കളുടെ സമരപ്രഖ്യാപനമായി ലീഗുപ്രചാരകന്മാർ ചിത്രീകരിച്ചു. ഇവയ്ക്കും പുറമെ, കോൺഗ്രസ്സ് മന്ത്രിസഭകൾക്കെതിരായ അനേകം റിപ്പോർട്ടുകൾ (ഉദാഃ- Fazl-ul Huq's "Muslim Suffering under Congress Rule", Kamal yar Lung's "Education Committee Report") വർഗ്ഗീയസ്പർദ്ധയേയും സാമുദായിക വൈഭിന്ന്യത്തെയും ഊതിക്കത്തിച്ചു. ഇപ്രകാരം ഭയം, വിദ്വേഷം, പ്രതികാരേച്ഛ ഇവയാൽ ഉയർത്തപ്പെട്ട പരാജയമനോഭാവം ചില ഇന്ത്യൻ മുസ്ലീം നേതാക്കളുടെ ചിന്താപരിധിയിൽ വളർത്തിവിട്ട വിദ്വേഷരാഷ്ട്രീയനയം മുസ്ലീം ഇടത്തരക്കാരുടെയും മറ്റും ഇടയിൽ പടർന്നു പിടിച്ചതാകുന്നു പാക്കിസ്ഥാൻ വാദം.

ഇതിന്റെ വികസിതരൂപം വിഖ്യാതമായ ലാഹോർ പ്രമേയത്തിൽ ദർശിക്കാം. 'താഴെക്കാണിച്ച മൌലിക തത്വത്തിനു ഊന്നമായി രൂപവൽകൃതമാവാത്ത ഒരു ഭരണഘടനയും ഈ രാജ്യത്തിൽ പ്രായോഗികമോ മുസ്ലീംകൾക്കു സ്വീകാര്യമോ ആവില്ല. അതായതു് ഭൂമിശാസ്ത്രപരമായി സാമീപ്യമുള്ള ഘടകങ്ങൾ വേണ്ടത്ര സ്ഥലപരമായ പുനർവ്വിധാനങ്ങളോടെ വേർതിരിച്ച് ഇന്ത്യയുടെ വടക്കുപടിഞ്ഞാറ,

(ശേഷം 14-ാം പേജിൽ)

(1) The Indian Annual Register 1930 Vol. II.

# ★ വർഗ്ഗാഭിമാനം ★

(ജോർജ്ജ് എ. തോമ്മസ് ബി. എ. എൽ. റ്റി)

ഉച്ചനീചത്വാരോപം മനുഷ്യന്റെ സ്വതസ്സിദ്ധമായിട്ടുള്ള ഒരു വാസനാവിശേഷമാണ്. പൗരാണികകാലത്തെന്നപോലെ ഇന്നും ഈ ചിന്ത ലോകസമാധാനഭഞ്ജകമായി വർത്തിക്കുന്നു. പുരാണങ്ങൾ ദേവാംശഭൂതർ അസുരസംഭവർ എന്നീ രണ്ടു ചേരികളിലായി മനുഷ്യരെ കൊള്ളിച്ചുപോന്നു. രാമനും രാവണനും ഈ രണ്ടു വിഭാഗത്തിന്റെയും പ്രതിനിധികളായിരുന്നു എന്നു നമുക്കു അനുമാനിക്കാവുന്നതാണ്. ആര്യവംശജനായ രാമനും, ദ്രാവിഡഗോത്രജനായ രാവണനും, തമ്മിലുണ്ടായ സംഗ്രാമകോലാഹലങ്ങളാണ് രാമായണത്തിലെ പ്രതിപാദ്യമെന്നുള്ള ചിലരുടെ അഭ്യൂഹം സിദ്ധാന്തദശയിലെത്തിച്ചേർന്നിട്ടില്ലെങ്കിലും, അതു തികച്ചും അനാസ്പദമെന്നു വിചാരിച്ചു തള്ളിക്കളയത്തക്കതാവാൻ വഴിയില്ല. ഏതായാലും വർഗ്ഗാഭിമാനം എന്നും കലഹബീജം വിതച്ചിരുന്ന ഒരു ദുഷ്പ്രചോദനയായിരുന്നു.

ഏകാന്തദീപ്തമെന്നു നാം അഭിമാനിക്കുന്ന ഈ നൂററാണ്ടിലും, ഈ ദുഷിച്ച പ്രവണത പരിഷ്കൃതരെന്നു അഭിമാനിച്ചുപോരുന്ന ജനങ്ങൾ പോലും പരിപാലിച്ചുവരുന്നതായി നാം കാണുന്നു. ആര്യവംശസമുത്ഭവരെന്ന് ഭാവിച്ചുകൊണ്ട് ലോകനേതൃത്വം കരസ്ഥമാക്കാൻ ഉദ്യമിച്ച നാസി ജർമ്മനിയുടെ ഭീമമായ പരാജയം ഈ ദുർബോധനത്തിന്റെ ഭരതവാക്യമായിത്തന്നെ കരുതാം. മേലിൽ ഒരിക്കലും നൂറുശതമാനം ശുദ്ധമായ ആര്യൻ പ്രതാപത്തെ സ്വപ്നം കാണാൻ ശ്രമിക്കുമെന്ന് വിചാരിക്കരുതാത്ത വിധം അത്ര ഭയങ്കരമായിരുന്നു ആ വീഴ്ച.

ജാതിവർഗ്ഗാദി മാറാല മറകൾ നമ്മുടെ ഐക്യബോധത്തിനു കോട്ടം തട്ടിക്കുന്ന നൂലാമാലകളാണ്. നാമെല്ലാവരും ഏറെക്കുറെ വർഗ്ഗശുദ്ധിയിൽ വിശ്വസിക്കുന്നവരാണ്. അന്തണനും അന്ത്യജനും രണ്ടു ധ്രുവകോടികളിൽ വർത്തിക്കുന്നവരാണല്ലോ. എന്നാൽ ഈ വൈപരീത്യം നാം വിചാരിക്കുന്നതുപോലെ ജന്മം കൊണ്ടുണ്ടാവുന്നതാണോ? പ്രത്യേകം ചില വ്യാപാരമണ്ഡലങ്ങളിൽ ഇറങ്ങി പ്രവൃത്തിക്കുവാനുള്ള പരിചയവും അവസരവും ചിലർക്കു ലഭിച്ചു. അവർ സ്ഥാനമാഹാത്മ്യം കൊണ്ടു സമുദായത്തിന്റെ ഉച്ചമേറിയ അധിത്യകകളിൽ സ്ഥാനം ഉറപ്പിക്കുകയും ചെയ്തു. ഉൽകൃഷ്ടവർഗ്ഗക്കാരെന്നു അഭിമാനിക്കത്തക്കവരായി ആരുമില്ല. വ്യക്തിമാഹാത്മ്യം കൊണ്ട് ഔന്നത്യം പ്രാപിച്ചവരുണ്ട്. അത് ഏതു ദേശത്തും ഏതു വർഗ്ഗത്തിലും കാണുകയും ചെയ്യും. മേധാശക്തികൊണ്ട് ലോകത്തെ അത്ഭുതസ്തബ്ധരാക്കിയ മഹാമനീഷികൾ എല്ലാ വർഗ്ഗക്കാരിലും ഉണ്ടായിട്ടുണ്ട്. മനുഷ്യരുടെ വിവിധവ്യാപാരമണ്ഡലങ്ങളിൽ പ്രവർത്തിച്ച് സാർവജനീനമായ സ്വപൃക്കപാത്രീഭൂതരായ മഹാന്മാർ ഏതു രാജ്യത്തും, ഏതു വർഗ്ഗത്തിലും, കാണാൻ കഴിയും. അതിനാൽ ഒരു പ്രത്യേകവർഗ്ഗക്കാർ അഥവാ, ജനവിഭാഗം മററുള്ളവരെ അപേക്ഷിച്ചു മേലേക്കിടയിൽ നിൽക്കുന്നുവെന്നുള്ള വിചാരം മിഥ്യയാണ്.

ഡാർവിൻ പ്രഭൃതികൾ വാലില്ലാവാനരത്തെ മനുഷ്യവർഗ്ഗശ്രേണിയുടെ ഏററവും താഴത്തെ പടിയിലും, വെള്ളക്കാരൻ മനുഷ്യനെ ഉച്ചകോടിയിലും പ്രതിഷ്ഠിച്ച് സ്വവർഗ്ഗാഭിമാനത്തിന്റെ വിജയഡിണ്ഡിമം മുഴക്കി. അങ്ങിനെ ഒരു കൂട്ടം ആളുകൾ കുരങ്ങന്റെ ഭ്രാതൃപദത്തിലേക്ക് ഇടിഞ്ഞു വീഴുകയും, വേറൊരു തരക്കാർ ദേവന്മാരോടൊപ്പം കിളരുകയും ചെയ്തു. ഈ സങ്കല്പത്തിന് ഇന്നത്തെ വിജ്ഞാനവെളിച്ചത്തിൽ നിൽക്കക്കള്ളിയില്ലെന്നു സ്പഷ്ടമായിക്കഴിഞ്ഞു. എങ്കിലും കടപുഴകിയ ഈ സിദ്ധാന്തത്തെ മുറുകെപ്പിടിച്ചു കൊണ്ടിരിക്കുന്നവർ ദുർല്ലഭമായെങ്കിലും കാണാറുണ്ട്. അഥവാ ഡാർവിന്റെ വാദം സമ്മതിക്കുന്ന പക്ഷം, വെള്ളക്കാരനായിരിക്കും; മനുഷ്യക്കുരങ്ങന്റെ ഏററവും അടുത്ത അയൽപക്കക്കാരൻ. പൂർണ്ണവളർച്ച പ്രാപിച്ച ഒരു മനുഷ്യക്കുരങ്ങന്റെ തൊലി പരിശോധിച്ചുനോക്കിയാൽ വെള്ളക്കാരന്റെ ശരീരപ്രകൃതിക്കനുസൃതമായ ചില സ്വഭാവവിശേഷങ്ങൾ ആ വാലില്ലാക്കുരങ്ങിലും കണ്ടെത്താൻ കഴിയും. ഇത്തരം വാനരത്തിന്റെ തൊലി ഇളം ചുവപ്പാണ്. കറുത്തതോ മഞ്ഞയോ അല്ല തന്നെ. അതിന്റെ ചർമ്മം രോമസങ്കീർണ്ണമാണ്. വെള്ളക്കാരനാണ് ഏററവും അധികമായി രോമമുള്ളത്. കുരങ്ങന്റെ ചുണ്ടുകളും മുക്കും വളരെ കട്ടികുറഞ്ഞതാണ്. ലോകത്തിലെ സർവവർഗ്ഗക്കാരിലും വച്ച് ഏററവും നേർത്ത അധരങ്ങളും, ചെറിയ നാസികയും ഉള്ളവർ യൂറോപ്യന്മാരാണ്. കുരങ്ങന്റെ ചെവി നന്നേ ചെറുതാകുന്നു. എല്ലാ ദേശക്കാരെയും കാൾ ഏററവും ചെറിയ ചെവിയുള്ളവർ വെള്ളക്കാരാണുപോലും. ഡാർവിൻ കെട്ടിയുയർത്തിയ അഭിമാനസ്തംഭം സ്വയം ഇടിഞ്ഞുപോകുന്നതു നോക്കുക.

ഇന്നത്തെ ശാസ്ത്രജ്ഞന്മാരുടെ വാദഗതി വേറൊരു വഴിക്കാണ് തിരിഞ്ഞിരിക്കുന്നത്. മനുഷ്യനും വാനരനും എല്ലാ ജീവികളും ഒരു പ്രാഥമിക കന്ദത്തിൽനിന്നും, വികാസം പ്രാപിച്ചു വന്നവരാണെന്നാണ്. ഈ പ്രാഥമിക പ്രകൃതിവിശേഷങ്ങളത്രെ നമ്മിൽ ഇപ്പോഴും അവശേഷിച്ചിരിക്കുന്നത്. മനുഷ്യരെല്ലാവരും, തന്നെ ഈ പ്രാഥമിക സ്വഭാവവിശേഷങ്ങളുടെ പ്രദർശനശാലകളാണ്. അതിപ്രാചീനകാലത്ത് നമ്മുടെ ചെവിയും മൃഗങ്ങളുടേതുപോലെ ഈച്ചയെ ആട്ടിയോടിക്കാൻ ഉപകരിച്ചിരുന്നുപോലും. അപ്പൻഡിക്സും, കുറനാക്കും പഴയ ചില അംഗവിശേഷങ്ങളുടെ അവശേഷങ്ങൾ മാത്രമാണ്. പക്ഷെ അവയുടെ ആവശ്യം കാലാന്തരത്തിൽ ആവശ്യം വേണ്ടെന്നുവന്നുപോയി. മൂന്നു മാസം പ്രായമായ മനുഷ്യപ്രജയെ, മൃഗങ്ങളുടേയോ, പക്ഷികളുടേയോ ബീജങ്ങളിൽ നിന്നു വേർതിരിച്ചറിയാൻ നിർവാഹമില്ല, അത്രമാത്രം സാരൂപ്യം അവ തമ്മിൽ ഉണ്ട്.

നാം അനുദിനം വികാസം പ്രാപിച്ചു വരികയാണ്. നമ്മുടെ കാലിലെ ചെറുവിരൽ ക്രമേണ കുറുകിക്കുറുകി വരുന്നുപോലും. ഭാവിയിലെ മനുഷ്യൻ നാലു വിരലുള്ള പാദങ്ങൾ നിലത്തുറപ്പിച്ചു നടക്കുന്നതു നമുക്കു ഭാവനയിൽ ഉദ്ദേശിക്കുവാൻ കഴിയും.

നരവംശശാസ്ത്രജ്ഞന്മാർ, കപാലാസ്ഥിയുടെ വലിപ്പം, മൂക്കിന്റെ ആകൃതി, കണ്ണിന്റെ ചെരിവ്, തൊലിയുടെ നിറം, എന്നീ ഉപാധികളെ ആസ്പദമാക്കി, മനുഷ്യജാതിയെ മൂന്നു വർഗ്ഗക്കാരായി വിഭാഗിച്ചിട്ടുണ്ട്. മംഗോളിയൻ അഥവാ മഞ്ഞനിറക്കാർ, നീഗ്രോ അഥവാ കറുത്തവർഗ്ഗം, കൊക്കേഷ്യൻ അഥവാ വെളുത്തനിറമുള്ളവർ എന്നിവയാണ് ഈ പ്രധാന തരംതിരിവ്. എന്നാൽ ഈ വിഭജനോപാധി സ്ഥൂലമായ ഒന്നു മാത്രമാണ്. മനുഷ്യന്റെ അസ്ഥിപഞ്ജരത്തിന്റെ സംയോജനം എല്ലാ ജാതിയിലും ഒന്നുപോലെതന്നെ. ശരീരത്തിന്റെ ഘടന, എല്ലാ വർഗ്ഗക്കാരിലും ഒരേ രീതിയിലാണു. മസ്തിഷ്കം, ഹൃദയം, ശ്വാസകോശങ്ങൾ, സിരാചക്രം എന്നിവയെല്ലാം എല്ലാവരിലും ഒരേ വിധത്തിൽതന്നെ കണ്ടുവരുന്നു. മതവും, ശാസ്ത്രവും ഒരുകാര്യത്തിൽ ഏകാഭിപ്രായക്കാരാണ്, മനുഷ്യരെല്ലാം ഏകോദര സഹോദരങ്ങളാണെന്നുള്ളതിൽ.

എങ്കിലും വൈവിധ്യത്തിലുള്ള നമ്മുടെ വിശ്വാസം ഏറെക്കുറെ അഴിയുറച്ചുപോയി. എത്ര പറഞ്ഞാലും സമ്മതിച്ചുകൊടുക്കാൻ നമ്മുടെ സാമാന്യധാരണകൾ സമ്മതിക്കാത്തവിധം ഈ ബോധം രൂഢമൂലമാണ്. മനുഷ്യന്റെ മസ്തിഷ്കംതന്നെ നോക്കുക. ശരീരവുമായി തട്ടിച്ചുനോക്കുമ്പോൾ താരതമ്യേന മസ്തിഷ്കത്തിനാണ് ഏററവും അധികം വലിപ്പം. വെള്ളക്കാരനെക്കാൾ വലിയ മസ്തിഷ്കമാണ് ജപ്പാൻകാരനുള്ളത്. ശാസ്ത്രജ്ഞന്മാർ പരിശോധിച്ചിട്ടുള്ളതിൽവച്ചു ഏററവും ചെറിയ തലച്ചോറായിരുന്നു പ്രസിദ്ധ ധിഷണാശാലിയായ ഡാർവിന്റേത്. മാമയന്മാരുടെ തലച്ചോറിനാണ് ഏററവും അധികമായ വലിപ്പം കണ്ടിട്ടുള്ളത്.

തൊലിയുടെ നിറം വർഗ്ഗവൈജാത്യത്തിന്ന് ഒരു മാനദണ്ഡമേയല്ല. കാക്കസസ് പർവ്വതപ്രാന്തങ്ങളിൽ വസിച്ചിരുന്ന ഒരു കൂട്ടം ജനങ്ങളുടെ സന്താനപരമ്പരയത്രെ ഇന്നു യൂറോപ്പിൽ കാണുന്ന വെള്ളക്കാർ. ജപ്പാൻ ദ്വീപുകളുടെ വടക്കുഭാഗത്തുകിടക്കുന്ന ഒരു ചെറു ദ്വീപിൽ ഐനിയസ് എന്നൊരു കിരാതവർഗ്ഗം വസിക്കുന്നുണ്ട്. ഇവരുടെ നിറം തനിവെള്ളയുമാണ്. പക്ഷെ ജപ്പാൻകാരിൽ ഇത്രമാത്രം അപരിഷ്കൃതരായ ഒരു വർഗ്ഗക്കാരെ കാണാൻ കഴിയുകയില്ല.

നാലുതരം രക്തം മനുഷ്യർക്ക് ഉണ്ടെന്ന് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഈ നാലുതരം രക്തവും എല്ലാവർഗ്ഗക്കാരിലും കാണുന്നുമുണ്ട്. ലോകാഭിവൃദ്ധിക്കായി വിവിധവർഗ്ഗക്കാർ ചെയ്തിട്ടുള്ള യത്നങ്ങളെപ്പററി പരിചിന്തിച്ചാലും, ഒരു

# രാഗോന്മാദം

(വെള്ളാംകുളം ത്രിവിക്രമമേനോൻ)

(ഒരു പേർഷ്യൻ കവിത)

I

ഇന്നലാരണ്യത്തിലെ പാന്ഥനേകൻ
മദനനൊക്കണ്ടു വികാരമൂകൻ!
ഒരു മന്ത്രവാദിപോലുഗ്രമൌനം
മരുഭൂവിലാശങ്കാ ലേശഹീനം;
ചൊരിമണ്ണിലെന്തോ കുനിഞ്ഞിരുന്നു
പരിചോടെഴുതുകയായിരുന്നു!

II

വികലാത്മകാമുകാ! നീയിരുന്നു
വിരചിപ്പതെന്തു വിലാപഗീതം?
അതു തുള്ളുമാസ്സ്വാനായ് വരുന്നു-
ണ്ടതിദീപ്തമൊരാഘ ചണ്ഡവാതം!
പുറകേവരുന്നവരെപ്പ്രവാദത്തിൽ
അറിയുമക്കാവ്യം ധരാതലത്തിൽ?

III

മദനൻ പറഞ്ഞു വികാരസാന്ദ്രം
മമ ജീവകാമുകീ നാമമന്ത്രം,
ലളിതാത്മസുന്ദരപ്രേമകാവ്യം
പലതുൾഗ്ഗളിക്കുമാ നാമധേയം;
കലിതാനുമോദമെഴുതുകാണെൻ
കവനസമാർജ്ജിതഭാഗധേയം!

VI

അവളെന്റെ "ലീലാ" സുഗുണശീലാ
അനുരാഗബാലാ വിനോദലോലാ!
മദരാഗചിന്തകളൊത്തിണങ്ങി
മധുരസ്മരണയിൽ മുങ്ങിമുങ്ങി
അവളെ ഞാനൊന്നെടുത്തുമ്മവെയ്ക്കും
അതുവരെ ഞാനിദമാചരിക്കും!!

★ JAMI

---

പ്രത്യേക ജനവിഭാഗത്തിന് വിശേഷാൽ നേട്ടമൊന്നുമുണ്ടായിട്ടില്ല. എല്ലാവരും അവരവരാൽ കഴിയുംവിധം ലോകത്തിന്റെ വിജ്ഞാനസമ്പത്ത് പോഷിപ്പിച്ചിട്ടുണ്ട്. ജീവിതനിർവ്വഹണത്തിനാവശ്യങ്ങളായ ഉപാധികൾ നിർമ്മിച്ച് മനുഷ്യരുടെ സുഖസൌകര്യാദികൾ വർദ്ധിപ്പിക്കാൻ എല്ലാ വർഗ്ഗക്കാരും കഴിവുള്ളപോലെ യത്നിച്ചിട്ടുണ്ട്. പേപ്പ്, മാട്ട്, കോതമ്പ്, കരി, ഗ്ലാസ്സ്, അക്ഷരമാല, ചുട്ടകല്ലുകൾ ഇവ ഈജിപ്തുകാരുടെ അക്ഷയനേട്ടങ്ങളാണ്. വണ്ടിയുടെ ഉരുളകളും, ദ്രവ്യത്തിന്റെ തൂക്കങ്ങളും, സുമേറിയന്മാരുടെ കണ്ടുപിടിത്തമാണെന്ന് പറഞ്ഞുവരുന്നു. ക്രോഡീകൃതമായ നിയമാവലി, നാണയങ്ങൾ ഇത്യാദിയവ പ്രഥമതഃ നടപ്പിലാക്കിയത് പ്രാചീന ബാബിലോണിയാക്കാരുമത്രെ. പഞ്ഞിവസ്ത്രം പോസ്റ്റ് സമ്പ്രദായം, ബാങ്കുകൾ മുതലായവയുടെ പ്രണേതാക്കൾ അസ്സീറിയൻവർഗ്ഗക്കാരാണ്. ജ്യോതിഷം, [illegible]ക്കണക്ക മുതലായവ ഖാൽഡിയന്മാരിൽനിന്നുമത്രെ ലഭിച്ചിട്ടുള്ളത്. പേർഷ്യക്കാർ ഏക ദൈവവിശ്വാസവും, ഇന്നും പലരും ഉപയോഗിച്ചുവരുന്ന കാലുറകളും ലോകത്തിനു സംഭാവനചെയ്തു. ഗണിതശാസ്ത്രത്തിലെ വിവിധസങ്കേതങ്ങൾ, അറബികളിൽനിന്നും, ക്ഷേത്രഗണിതവും, പിരിയാണിയും, യവനന്മാരുടെ പക്കൽനിന്നും നമുക്കുകിട്ടി. ചീനക്കാരോടാണ് നാം കൂടുതൽ കടപ്പെട്ടിട്ടുള്ളത്. മൺപാത്രങ്ങൾ, വെടിമരുന്ന്, പട്ടുവസ്ത്രങ്ങൾ, കണ്ണട, അച്ചടിയന്ത്രം, വടക്കുനോക്കി, കടലാസ്സ് നാണയം എല്ലാം പ്രാചീന നാഗരീകതയുടെ വിശിഷ്ട സമ്പാദ്യങ്ങളാണ്. പ്രാക്തന ഭാരതത്തിന്റെ ഈട്ടുവയ്പുകളിൽ എത്ര എത്ര അനർഘസിദ്ധികളാണ് സ്വരൂപിച്ചുവെച്ചിട്ടുള്ളത്.

പരിഷ്ക്കാരസംസ്ക്കാരാദി പ്രവാഹങ്ങളുടെ സ്രോതസ്ഥാനമേതാണ്. നീഗ്രോരാജ്യത്തുനിന്ന് നീലനദിവഴി ഈജിപ്തിലേക്ക് പരിഷ്ക്കാരം സാവധാനം പ്രവഹിക്കുകയാണ് ചെയ്തതെന്ന് ചരിത്രകാരന്മാർ യുക്തിപൂർവ്വം സ്ഥാപിച്ചിട്ടുണ്ട്. മദ്ധ്യയുഗങ്ങളിലെ യൂറോപ്യൻ പരിഷ്ക്കാരത്തോട് കിടനില്ക്കത്തക്കവിധം പരിഷ്കൃതി സമ്പാദിച്ച മൂന്നു നീഗ്രോരാജ്യങ്ങൾ ആഫ്രിക്കയിൽ ഉണ്ടായിരുന്നതായി ചരിത്രത്തിൽ കാണുന്നു. ററിംബക്ടുവിലെ സർവ്വകലാശാല സാർവ്വദേശീയമായ പ്രശസ്തി സമ്പാദിച്ച ഒന്നാണ്. ഇങ്ങനെ കലാസംസ്കാരങ്ങൾ ആഫ്രിക്കയിലെ ഘോര കാനനങ്ങളിലും ചുട്ടുപഴുത്ത മണൽക്കാടുകളിലും വിരാജിച്ചിരുന്ന ഒരുകാലം ഉണ്ടായിരുന്നു. ഇങ്ങനെ അതിപ്രശസ്തമായ ഒരു പരിഷ്ക്കാരദീപ്തിയാൽ പൌരസ്ത്യദേശം പ്രഭാപൂരിതമായിരുന്നു. അതേ ഘട്ടത്തിൽതന്നെ പാശ്ചാത്യദേശക്കാർ പരിഷ്ക്കാരസംസ്കാരാദികളുടെ സംസ്പർശമേൽക്കാതെ വനചരന്മാരായി കഴിഞ്ഞുകൂടുകയായിരുന്നു. അന്ധകാര ഭൂവിഭാഗമെന്നറിയപ്പെട്ടിരുന്ന ആഫ്രിക്കയിൽ അഹമ്മദ്ബാബി എന്നൊരു വിജ്ഞാനശിഖാമണി അതീതകാലത്ത് ജീവിച്ചിരുന്നു. രണ്ടായിരത്തോളം ഗ്രന്ഥങ്ങളുള്ള ഒരു വലിയ ഗ്രന്ഥശേഖരം അയാൾ സജ്ജീകരിച്ചതായി അറിവുണ്ട്. അനുത്തമമായ ഈദൃശ വിജ്ഞാനതൃഷ്ണ ആഫ്രിക്കയിലെ വനാന്തരങ്ങളിൽ അത്ഭുതാവഹമായ ഫലം പുറപ്പെടുവിച്ചു.

ഇരുമ്പുരുക്കുന്ന പദ്ധതി വിജയകരമാക്കിത്തീർത്തവർ നീഗ്രോജാതിക്കാരാണ്. ഇരുമ്പുവ്യവസായത്തിന്റെ സാക്ഷാൽ ജനയിതാക്കൾ ഇവരാണത്രെ. ഇരുമ്പുകൊണ്ടു തീർത്ത കരുക്കൾ സ്വായത്തമായിരുന്നതിനാൽ മരത്തിൽ വിശേഷതരം കൊത്തുപണികൾ ചെയ്യുന്നതിൽ അസൂയാവഹമായ ഔന്നത്യം കരസ്ഥമാക്കിയിരുന്നു. അവരുടെ ആരാധനാമണ്ഡപങ്ങളിലെ വിചിത്രവേലകൾ ഉൽകൃഷ്ടമായ ഒരു സംസ്കാരത്തിന്റെ പ്രതിഭാസമത്രെ കാണിക്കുന്നത്.

ഇവയിൽ നിന്നെല്ലാം ഒരു സംഗതി തെളിയുന്നു. ചരിത്രത്തിൽനിന്നു ലഭിക്കുന്ന ഒരു സാധനപാഠം ഒരു കാലത്ത് ഒരു വർഗ്ഗക്കാർ പരിഷ്ക്കാരസോപാനത്തിന്റെ ഉയർന്നപടിയിൽ വിശ്രാന്തം ചെയ്കയുണ്ടായി എങ്കിൽ അടുത്തയുഗത്തിൽ മറ്റൊരു വർഗ്ഗം ഔന്നത്യശൃംഗത്തിലേറുന്നു. യാഥാർത്ഥ്യം ശരിയായി ഗ്രഹിക്കാത്തവർ വർഗ്ഗാഭിമാനാദി അപഹാസ്യങ്ങളായ മനോഭാവങ്ങളെ പുലർത്തുകയുള്ളൂ. ഈശ്വരന്റെ പ്രത്യേകമായ അനുഗ്രഹത്തിനു പാത്രീഭവിച്ചവരെന്ന് സ്വയം ഭാവിച്ച് മററുള്ളവരുടെമേൽ കുതിരകയറിക്കൊണ്ട് വിശ്വനേതൃത്വം കരസ്ഥമാക്കാൻ പരിശ്രമിക്കുന്ന ഉൽകൃഷ്ടവർഗ്ഗക്കാരുടെ മിഥ്യാഭിമാനം കടുത്ത അജ്ഞതയിൽനിന്ന് ഉടലെടുത്തതാണെന്നു സമാധാനിക്കാം.

പാശ്ചാത്യപരിഷ്ക്കാരത്തെ കണ്ണടച്ച് അനുകരിക്കുന്ന ഒരു ഭാരതീയൻ അനുദിനം കൈകാര്യംചെയ്യുന്ന സാധനങ്ങളുടെ ഒരു പട്ടിക പരിശോധിച്ചുനോക്കുക. എഴുന്നേററാൽ ഉടൻ പാരസികസമ്പാദ്യമായ ശരിയുകൾ അയാൾ ധരിക്കുന്നു. സമയമറിയുന്നതിന് ചുവരിൽ തൂക്കിയിരിക്കുന്ന ഘടികാരം നോക്കാതെ നിവൃത്തിയില്ല. ഇതാകട്ടെ മദ്ധ്യമ യുഗങ്ങളിലെ ഒരു യൂറോപ്യൻ കണ്ടുപിടിത്തമാണ്. തുടർന്ന് ദന്തധാവനത്തിനായി മുതിരുന്നു. ഫ്രാഞ്ചുജനതയുടെ കണ്ടുപിടിത്തമായ സോപ്പ് ഉപയോഗിച്ച് മുഖക്ഷൌരം ചെയ്യാൻ തുടങ്ങുന്നു. കത്തിയുണ്ടാക്കാൻ ഉപയോഗിച്ചിട്ടുള്ള ഉരുക്കുകൂട്ട് ഇന്ത്യയിൽ കണ്ടുപിടിച്ചിട്ടുള്ളതാണ്. പ്രാതകാലത്തെ ഭക്ഷണത്തിനുള്ള വിഭവങ്ങളെന്തെല്ലാമെന്നു നോക്കുക. കത്തിയും കപ്പും ഇററാലിയൻ കണ്ടുപിടിത്തവും, കാപ്പി അറബികൾ അബ്സീനിയയിൽനിന്നും തെരഞ്ഞുപിടിച്ച ഒരു ചെടിയുടെ ഫലവുമാണ്. കാപ്പി പകരുന്ന കപ്പ് ചീനത്തുനിന്ന് വന്നതും, ബട്ടറും ഉണക്കിറച്ചിയും കിഴക്കെ ഏഷ്യയിൽനിന്നും ലഭിച്ചിട്ടുള്ളതും ആകുന്നു. ഇന്ത്യാക്കാരന്റെ തോൽചെരിപ്പ് ധരിച്ച് ഇംഗ്ലീഷുകാരൻ കണ്ടുപിടിച്ച തീവണ്ടിയിൽ കയറി മെക്സിക്കോ രാജ്യക്കാരുടെ നേട്ടമായ സിഗററും പിടിച്ചു ചൈനയിൽ ഉണ്ടാക്കിയ ഒരു സാധനത്തിന്മേൽ ജർമ്മൻകാരൻ കണ്ടുപിടിച്ച യന്ത്രംകൊണ്ട് സെമിററിക് വർഗ്ഗക്കാരുടെ പിതൃപിതാമഹസമ്പ്രാപ്തമായ അക്ഷരങ്ങൾ

(ശേഷം കവർ 3-ാംപേജിൽ)

## ദ്വിരാഷ്ട്ര സിദ്ധാന്തത്തെപ്പററി

(11-ാംപേജിൽനിന്നു തുടർച്ച)

കിഴക്ക ഇവിടങ്ങളിലെപ്പോലെ മുസ്ലീംകൾ എണ്ണത്തിലേറിവരുന്ന സ്ഥലങ്ങൾ ഘടകങ്ങൾ സ്വയാധികാരയുതവും നിജാധീനവുമാവത്തക്കവണ്ണം, സ്വതന്ത്രരാഷ്ട്രങ്ങളായി സംയോജിപ്പിച്ചിരിക്കേണ്ടിയിരിക്കുന്നു. ഭരണഘടനയിൽ ഈ ഘടകങ്ങളിലെയും പ്രദേശങ്ങളിലെയും ന്യൂനപക്ഷങ്ങളുടെ മതപരവും സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവും ഭരണപരവും ആയ ആവശ്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുവാൻ വേണ്ട ഫലപ്രദമായ അനുജ്ഞായക രക്ഷാവിധാനങ്ങൾ, അവരുമായാലോചിച്ച്, പ്രത്യേകമായ ചേർക്കുന്നതാകുന്നു."

പാക്കിസ്ഥാനോ?

ഉഭയരാഷ്ട്ര വാദത്തിന്റെ പ്രചാരകന്മാർ ചിലപ്പോൾ — അല്ലാ പലപ്പോഴും പറയാറുണ്ട് 'ഇന്ത്യ ഒരു കാലത്തും ഏകരാഷ്ട്രമായിരുന്നില്ലാ എന്ന്.

വെറും പ്രാഥമിക ജ്ഞാനത്തിന്റെ അഭാവമാണിതുദാഹരിക്കുന്നത്. ഭൌതികമായും പ്രാകൃതികമായും സാംസ്കാരികമായും വർഗ്ഗീയമായും ഭൂമിശാസ്ത്രപരമായും ഇന്ത്യ ഏകവും അവിഭാജ്യവുമാകുന്നു. വിഭിന്ന സമുദായങ്ങൾ ഇന്ത്യയിലുണ്ട് എന്നതു ശരിതന്നെ. പക്ഷേ ഈ വിഭിന്നത മിക്ക ബൃഹദ്രാജ്യങ്ങളിലും ദർശിക്കാം (ഉദാ:- റഷ്യ, ഐക്യരാഷ്ട്രങ്ങൾ, കാനാഡ) ഇതു മാത്രം ആ രാജ്യങ്ങളെ വ്യത്യസ്ത ജനതയുള്ളവയാക്കുന്നില്ല. ഇന്ത്യയുടെ രക്ഷാവ്യവസ്ഥയും സാമ്പത്തിക സ്ഥിതിയും രാഷ്ട്രീയ സ്ഥിതിയും വിഭജനത്തെ തടയുന്നവയാണ്. ഹിന്ദുമുസ്ലിംകളുടെയിടയിൽ മതപരമായ വൈജാത്യമുണ്ടെന്നു പ്രസ്താവിച്ച ടോറി സാമ്പത്തിക ശാസ്ത്രജ്ഞൻ തന്നെയനുവദിക്കുന്നു, "ഇന്ത്യൻ സംസ്കാരത്തിന്റെ എല്ലാ നാനാത്വങ്ങൾക്കുമിടയിൽ ഒരു ഏകത്വം ഉണ്ട്,, (The Indian Problem by Professor Reginald Coupland)

ഇന്നു പാക്കിസ്ഥാനു് അനുനിമിഷം കണ്ഠക്ഷോഭം ചെയ്യുന്ന ജിന്നതന്നെ 1937 ഒക്ടോബർവരെ മുസ്ലിംകളെ ഒരു ജനതയായി ദർശിച്ചിട്ടില്ല. ഇങ്ങിനെ, യഥാർത്ഥമായി, പാക്കിസ്ഥാൻ പ്രക്ഷോഭം, ദോഷം, ബാലിശമാകുന്നു. ജനങ്ങളുടെ ജീവിതത്തിൽ ഇറങ്ങിച്ചെല്ലാത്ത ഒരു സിദ്ധാന്തമാണിതെന്നു്, ആദ്യം ഞാൻ പറഞ്ഞതു് ഇവിടെ ഊന്നിപ്രസ്താവിക്കട്ടെ. സർ സെയ്ദ് അഹമ്മദിന്റെ അഭിമതം ഇന്ത്യൻ മുസ്ലീങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. "ഒരു പ്രത്യേകരാജ്യത്തിൽ ജീവിക്കുന്നവർ ഒരു ജനതയാകുന്നു. 'ഹിന്ദു, മുസ്ലീം, ഇവ മതപരമായ പദങ്ങളാകുന്നു. ഈ രാജ്യത്തിൽ വസിക്കുന്ന ഹിന്ദുക്കളും മുസ്ലിംകളും ക്രൈസ്തവന്മാരും ഒരേ ജനതയത്രെ. ഒരു രാജ്യത്തിലെ വിഭിന്ന മതസ്ഥർ വ്യത്യസ്ത ജനതകളാണെന്നു പറയേണ്ട കാലം കഴിഞ്ഞുപോയി,, (Collected Speeches of Sir Syed Ahmed P. 167.)

വർഗ്ഗം, മതം, ഭാഷ, സംസ്കാരം, ഇവയെല്ലാം ഐക്യമായിട്ടുള്ള ഏകകമായെടുത്താൽ ജനതയുടെ ഉപാധിയാവുന്നില്ല. അവയോരോന്നിനും അതിരിക്തമാണതു്. അങ്ങിനെയിരിക്കെ, മതമാണു് ആത്യന്തികമായ ജനതോപാധിയെന്നു കരുതുന്നവർ വിനാശത്തിന്റെ വക്കത്തുനിന്നു പാടിക്കളിക്കുന്ന ജളന്മാരത്രെ!

മതമാകുന്നു ജനതയുടെ മാപനപ്രമാണമെങ്കിൽ, മററു പലേ അസുഖകരമായ സംഗതികളും അനുഭവിക്കേണ്ടിവരും—ഇസ്ലാം മതം സ്വീകരിച്ച ഇംഗ്ലീഷുകാരന്റെ ആംഗലജനതാത്വം, മതപരിവർത്തനനിമിഷം തൊട്ട്, മാറിപ്പോകുമോ? മറിച്ച്, ഒരു മുസ്ലീം ക്രിസ്ത്യാനിയായി ഇംഗ്ലണ്ടിൽ താമസിച്ചാൽ അവന്റെ ജനതയും വിപരിണമിച്ചുപോകുമോ? ആയുഷ്കാലത്തിൽ ഒരുവൻ ഏകജനതയിലേ ഉൾപ്പെടൂ. പാക്കിസ്ഥാൻ വാദികൾക്കനുസരിച്ച്, ഒരുവൻ മൂന്നുപ്രാവശ്യം മതംമാറിയാൽ, മൂന്നുപ്രാവശ്യവും അവന്റെ ജനതയും അനുക്രമമായി മാറണം? എന്തു തമാശയാണിതു്!

ജർമ്മൻജനതയും ജൂതരും തമ്മിലുള്ളപോലെ, നരവംശീയമോ വർഗ്ഗീയമോ ആയ വൈഭിന്ന്യം ഇന്ത്യയിൽ ഹിന്ദുമുസൽമാന്മാർ തമ്മിലില്ല. അതിനാലാണു ഗാന്ധിജിയെഴുതിയതു്: 'സചേതനമായ ഒരു ശരീരത്തെ മുറിക്കുന്നതിനൊപ്പമാകുന്നു ഇന്ത്യയെ തുണ്ടാക്കുന്നതു്'. പാക്കിസ്ഥാൻ വാദികൾപോലും ഈ സത്യം മനസ്സിലാക്കിയിരിക്കുന്നു. 'നമ്മളിൽ ഉള്ള വൈദേശികാംശം തുച്ഛമാണു്. ഹിന്ദുക്കളൊപ്പം ഈ മണ്ണിന്റെ മക്കളാകുന്നു നാം' എന്നു 'Confederacy of India' എഴുതിയ 'പഞ്ചാബി'യും "പാക്കിസ്ഥാനിലെ ഹിന്ദുക്കൾ തങ്ങളുടെ മുസ്ലിംസോദരരെപ്പോലെതന്നെ അവിടത്തെ തുല്യസന്താനങ്ങളാകുന്നു' എന്നു 'പാക്കിസ്ഥാൻ — ഒരു ജനത' എന്ന ഗ്രന്ഥം നിർമ്മിച്ച എൻ ഹംസയും കുറിക്കുന്നുണ്ട്. ഇതുവരെയോളം പാക്കിസ്ഥാൻവാദികൾ സമ്മതിച്ചിരിക്കെ അവരുടെ വാദം ഏതു തൂണിനെയാണവലംബിക്കുന്നതെന്നറിവാൻ പ്രയാസം. മഹാകവി ഇക്ബാൽ എഴുതുകയുണ്ടായി,

'അന്യോന്യമർസ്സരപിദ്വേഷപ്രബോധകമല്ലമതം;

ഭാരതീയർ നമ്മ,ളസ്മദീയം ഭാരതം' എന്നിങ്ങനെ ഇൻഡ്യാചരിത്രത്തിന്റെ ഏടുകളിൽ — കരണ്ടുതിന്നവയെങ്കിലും ഉററുനോക്കിക്കൊണ്ടു നമുക്കറക്കെയുച്ചരിക്കാം, ഭാരതീയർ മതത്തിന്റെപേരിൽ, കുരിശുയുദ്ധം നടത്തിയ പാശ്ചാത്യരെപ്പോലെ, കലഹിച്ചിട്ടില്ലെന്നു്. ഇവിടത്തെ സമരങ്ങൾ ഗോത്രപരവും (Dynastic) ദേശീകവും (Regional) ആയിരുന്നു; മതപരം ആയിരുന്നില്ല. മുസ്ലീംരാജാവിനെ അമുസ്ലീംകളും, ഹിന്ദുരാജാവിനെ അഹിന്ദുക്കളും സഹായിച്ചിരുന്ന തെളിവുകളും കാണിക്കാം — മാർക്കോപോളോ പറയുന്നു, സുന്ദരപാണ്ഡ്യരാജാവിന്റെ സചിവൻ തക്കിയുദ്ദീൻ എന്ന മുസൽമാനും, അയാളുടെ നിര്യാണത്തിനുശേഷം മകനായ സിറാജുദ്ദീനും, തന്മരണാനന്തരം പൌത്രനായ നൈനാമുദ്ദീനുമായിരുന്നുവെന്നു്. വിജയനഗരരാജാക്കന്മാരും സമീപവർത്തികളായ മുസ്ലീം ആധിപത്യങ്ങളും തമ്മിൽ യുദ്ധംചെയ്തുവെങ്കിലും, മതസഹിഷ്ണുത കാണിച്ചിരുന്നു അവർ. ആ യുദ്ധങ്ങളിൽ മതത്തിനു വലിയ പ്രസക്തിയുണ്ടായിരുന്നില്ല. മുസ്ലീംരാജാക്കന്മാർ തമ്മിലുള്ള പോരാട്ടത്തിനു തുല്യമായിരുന്നു അവ.

(തുടരും)





സ്വല്പകാലത്തേക്കു മാത്രമായി നിവൃത്തിനൽകുന്ന മരുന്നുകളുടെ പിന്നാലെ പോകുന്നതു ദോഷപ്രദമാണ്. താൽക്കാലികമായി നിവൃത്തിനൽകുക മാത്രമല്ലാതെ കാസമൂലകാരണങ്ങളെ ഉന്മൂലനാശം ചെയ്യുന്ന സിദ്ധൌഷധം പുരോഹിത് ശ്വാസഹാരി ഒന്നുമാത്രമാണ്. ശ്വാസഹാരി കഴിച്ചുതുടങ്ങിയതും, ചുമ നിൽക്കുകയും തുൾക്കാരവും, വീർപ്പുമുട്ടലും ഇല്ലാതാവുകയും ചെയ്യുന്നു. ദിവസം സുഖപ്പെട്ടു വരികയും നിങ്ങളുടെ ശ്വാസകോശങ്ങൾക്കു ക്രമേണ ബലം വർദ്ധിക്കയും കാസം പൂർണ്ണമായി ശമിക്കയും ചെയ്യുന്നു.

കാസശ്വാസം, വീർപ്പുമുട്ടൽ, പുറത്തുവേദന, നെഞ്ചെരിച്ചിൽ ഉണ്ടാക്കുന്ന ചുമ, എന്നിവക്കും, ഇവപോലെ തന്ന മററു ശ്വാസകോശ ഉപദ്രവങ്ങൾക്കും ശ്വാസഹാരി സാധാരണ (നീലക്കെട്ടു) സേവക്കണം. മലബന്ധം, പീനസം, ഇവയിൽ കഷ്ടപ്പെടുന്ന കാസരോഗികൾ ശ്വാസഹാരി യോഗപ്രകാരം കൂട്ടിച്ചേർത്തതു് (ചുവന്നകെട്ട്) കഴിക്കണം.

3 ഔൺസ്, 6 ഔൺസ്, 12 ഔൺസ് എന്നീ അളവുകളിൽ എല്ലാമരുന്നു ഷാപ്പുകളിലും വിൽപ്പന ചെയ്തുവരുന്നുണ്ട്. വില യഥാക്രമം 2ക. 6ണ, 5ക. 12ണ, 10ക.

സ്റ്റോക്കിസ്റ്റുമാർ:—

കെ. സി. മാത്യു & കൊ.

ഇംഗ്ലീഷ് ഔഷധശാല,

കോടഞ്ചേരി, തിരുവിതാംകൂർ.

തയ്യാറാക്കുന്നവർ:—

പുരോഹിത് ഫാർമസി,

കൊലഹാപൂർ






# ചക്രവാളം

വരിസംഖ്യ —

| | |
|---|---|
| ഒരാണ്ടേത്തേക്ക് | 12-0-0 |
| ആറുമാസത്തേക്ക് | 6-0-0 |
| മൂന്നുമാസത്തേക്ക് | 3-0-0 |

മൂന്നുമാസത്തിൽ കുറഞ്ഞകാലത്തേക്ക വരിസംഖ്യ സ്വീകരിക്കുന്നതല്ല.

മാനേജർ,

ചക്രവാളം, കോട്ടയം.

# ഭാരതിൻെറ ഭാരം

(വി. കെ. ബാലഗോപാലൻ)

★ ചെറുകഥ ★

പട്ടണത്തിലെ പ്രധാന നിരത്തുകളിൽനിന്നും അകന്ന് പള്ളിയരികിലെ മുടുക്കിലുള്ള - നീണ്ട കെട്ടിടത്തിൻെറ ഒടുവിലത്തെ മുറിയിൽ, ഒരു പോസ്റ്റ്മാസ്റ്ററെ കൂടാതെ, രണ്ടു സഹോദരന്മാർകൂടി താമസിക്കുന്നുണ്ട്. ആ പോസ്റ്റുമാസ്റ്റർ അവിടെ താമസിക്കുന്നത് അയാളാണ് ആ മുറിക്ക വാടകകൊടുക്കുന്നത് എന്ന അധികാരത്തിൻെറ അവകാശത്തിന്മേലാണ്. ആ സഹോദരന്മാർ അവിടെ താമസിക്കുന്നത് വിശാലമായ ലോകത്ത് എവിടെയെങ്കിലും ഒന്ന് ചുരുണ്ടുകിടന്ന് ഉറങ്ങുന്നതിനുള്ള ആവശ്യത്തിൻെറ അധികാരത്തിൻ പേരിലാണ്.

ആ സഹോദരന്മാർ മാത്യുവും ജോർജ്ജുകുട്ടിയുമാണ്. മാത്യു ജോർജ്ജുകുട്ടിയുടെ മൂത്ത അച്ചായനാണ്. ജോർജ്ജുകുട്ടി മാത്യുവിൻെറ ഭാരമുള്ള തോളത്തു തൂങ്ങിക്കിടക്കുന്ന ഒരു ഭാരവും.

ആ പട്ടണത്തിൽനിന്നും മുപ്പതുമൈൽ അകലെ, വയലോരത്തുള്ള ഒരു തെങ്ങോലവീട്ടിലാണ് അവർ ജനിച്ചുവളർന്നത്. അപ്പൻെറയും, അമ്മച്ചിയുടെയും വാത്സല്യമേററുതന്നെ അവർ വളർന്നു. അവരും സ്നേഹിക്കപ്പെടുകയും ലാളിക്കപ്പെടുകയും ചെയ്തുപോന്നു.

പട്ടിണിയും, ക്ഷാമവും നിറഞ്ഞ ഒരു ഇലാമാസത്തിലെ അപരാഹ്നത്തിലാണ്, മാത്യു ആ തെങ്ങോലവീടുവിട്ട് എങ്ങോട്ടെന്നില്ലാതെ പുറപ്പെട്ടത്. അങ്ങിനെ ആ പട്ടണത്തിൽ മാത്യു ഒരു വക്കീൽഗുമസ്തനായി അറിയപ്പെട്ടു. മാത്യു ധാരാളം കേസുള്ള ഒരു വക്കീലിൻെറ നാലാമത്തെ ഗുമസ്തനാണ്. മാത്യുവിന് സ്ഥിരമായ ഒരു ശമ്പളമില്ല; അതുപോലെതന്നെ സ്ഥിരമായ വലിയ ചുമതലകളും. രാവിലെ എട്ടുമണിക്ക് വക്കീലാഫീസിൽ ചെല്ലണം. ഹെഡ്ഗുമസ്തന്മാർ വരുന്നതിൻമുമ്പ് ആഫീസിലെ മേശയും കസേരയും ഒന്നു തുടയ്ക്കണം, കൂജയിൽ വെള്ളമില്ലെങ്കിൽ ഒരു കൂജ വെള്ളം കോരി വെയ്ക്കണം. ഹെഡ്ഗുമസ്തൻ വന്നാൽ മാത്യുവിൻെറ ജോലി തുടങ്ങുകയായി. അയാൾ കൊടുക്കുന്ന അന്യായപ്പകർപ്പുകളെഴുതുക. അയാൾക്കു മുറുക്കാൻ വാങ്ങാൻ ഒന്നു കടയിൽപോകുക. ആരെങ്കിലും കക്ഷികൾ വന്നാൽ അവർക്കും ഹെഡ്ഗുമസ്തനും അടുത്ത ചായക്കടയിൽനിന്ന് ചായകൊണ്ടുവന്നു കൊടുക്കുക. ഇതിനിടയിൽ വക്കീൽസാർ വിളിച്ചാൽ അദ്ദേഹത്തിനു സിഗററ വാങ്ങിക്കൊണ്ടുവന്നു കൊടുക്കാൻ ഒന്നു ചെല്ലുക. ഇങ്ങിനെപോകും മാത്യുവിൻെറ കർമ്മപരിപാടികൾ.

ഉച്ചയ്ക്കു മാത്യുവിനു വക്കീൽസാറിൻെറ വീട്ടിൽനിന്നും ഊണുകിട്ടും. വയ്യിട്ട്, പോകാൻ നേരം വർഗ്ഗീസുചേട്ടൻ അതാണു മാത്യുവിൻെറ ഹെഡ്ഗുമസ്തൻെറ പേർ—ഒരു നാലു ചക്രവും കൊടുക്കും. മാത്യുവിൻെറ ശമ്പളവും അതുസാരിച്ചു.

പക്ഷേ ഇതുകൊണ്ടുതന്നെ മാത്യു സംതൃപ്തനാണ്. അവൻ ഒരു വക്കീൽഗുമസ്തനായിട്ട് നാലുകൊല്ലങ്ങൾ കഴിഞ്ഞു. ഈ നാലുകൊല്ലങ്ങളിലാണ്, മാത്യു ജീവിതത്തിൽ ഏററവും സുഖം അനുഭവിച്ച ദിവസങ്ങൾ കണക്കു കൂട്ടാനുള്ളത്.

അങ്ങിനെയിരിക്കെ, ഒരു പ്രഭാതത്തിൽ മാത്യുവിൻെറ ഈ സുഖസൌകര്യങ്ങൾ കരണ്ടുതിന്നാൻ ഒരാൾകൂടി ഉണ്ടായി. ഒരു ദിവസം നേരംവെളുത്ത് മാത്യു കണ്ണു തുറന്ന് വെളിയിലേക്കു നോക്കി. ഒരു കീറത്തോർത്തുമുണ്ടു തലവഴങ്ങാരം മൂടി, വരാന്തയിലെ വെറും തറയിൽ, ഒരു ചെറുക്കൻ കുത്തിയിരിക്കുന്നു. വീട്ടുടമസ്ഥൻെറ അധികാരത്തോടെ മാത്യു ചോദിച്ചു:—

'ആരാടാ അതു്.'

ഞെട്ടിപ്പിടഞ്ഞു് ആ ചെറുക്കൻ എഴുന്നേററു. ലോകത്തിലെ നിസ്സഹായത മുഴുവൻ മുഖത്തും, കണ്ണിലും നിറച്ചുകൊണ്ട് ഒരു യാചനയോടെ അവൻ നോക്കി.

മാത്യു ഒന്നു പകച്ചുപോയി.

അതു ജോർജ്ജുകുട്ടിയാണ്. മാത്യുവിൻെറ പത്തുവയസ്സായ അനുജൻ. മുപ്പതു മൈൽ അകലെയുള്ള വീട്ടിൽനിന്നും അവൻ എത്തിയിരിക്കയാണ്; പട്ടണത്തിൽ ജോലിയുള്ള അച്ചായൻെറ അടുക്കലേക്ക്.

മാത്യുവിൻെറ ദേഹം മുഴുവൻ ഒരു തളർച്ചതോന്നി. ഒരു വിറയലോടെ അവൻ അനുജനോടു ചോദിച്ചു:–

'നീയെന്തിനിവിടെ വന്നു?'

ഉത്തരമില്ല.

'നീയാരുടെകൂടെ വന്നു?' ഒരു കുററവാളിയെപ്പോലെ അവൻ മൂളി.

'നിന്നോടാരുപറഞ്ഞു ഇങ്ങോട്ടുവരാൻ' നിസ്സഹായതയോടെ അവൻ അച്ചായനെ നോക്കി.

'നാശം! ഇവിടെയെങ്കിലും അടങ്ങിക്കിടക്കാൻ സമ്മതിക്കുകയില്ല.' മാത്യു പല്ലു കടിച്ചു. അവന് അനുജനെ കടിച്ചു ചീന്താനുള്ള ദേഷ്യമുണ്ടായിരുന്നു.

എന്തൊരു കുറച്ചിലാണ്! അവനു പരിചയക്കാർ ധാരാളമാണ്. അടുത്ത കടയിലും, മുൻസിപ്പാലിററി ആഫീസിലും എല്ലാം അവനെ അറിയുന്നവരുണ്ട്. എല്ലാവരും ചോദിക്കും ഇതാരാണ്?

ഒരു കീറിപ്പറിഞ്ഞ കുറിയമുണ്ടും ഉടുത്തു്, എല്ലെഴുന്ന്, കണ്ണുതാണ് ചാവാറായ ഒരു ചെറുക്കൻ. എങ്ങിനെ പറയും അവൻ തൻെറ അനുജനാണെന്ന്. മാത്യു വെളുത്ത ഷർട്ടിട്ടിട്ടുണ്ട്. നല്ല മുണ്ടുടുത്തിട്ടുണ്ട്. മാത്യുവിൻെറ തലമുടി നല്ലപോലെ ക്രാപ്പുചെയ്തു ചീകിവയ്ക്കുന്നുണ്ട്. അയാളെ ആരും ഒരു ദരിദ്രനാണെന്നറിയുന്നില്ല. എല്ലാവരുടേയും മുമ്പിൽ മാത്യു ബഹുമാന്യനാണ്. അയാൾ മൂന്നുനേരവും ഉണ്ണുന്നു; എണ്ണ തേച്ചു കുളിക്കുന്നു; ആർക്കും കടക്കാരനല്ല; ആരെയും ആശ്രയിക്കുന്നില്ല. മാത്യുവിന് അത്ര മോശമല്ലാത്ത ഒരു ജോലിയുണ്ട്.

പക്ഷേ ഈ അനുജൻ!

അവൻ മാത്യുവിനെപ്പെററ ഉദരത്തിൽ ജനിച്ചതാണ്. ആ ശരീരത്തിലും മാത്യുവിൻെറ രക്തമാംസങ്ങളുടെ ചുവയുണ്ട്. ഒരു അമ്മച്ചിയുടെ ഇരുപുറവും കിടന്ന് അവർ ഉറങ്ങിയിട്ടുണ്ട്. ഒരു മുലയിൽനിന്നും പാൽകുടിച്ചാണ് അവർ രണ്ടുപേരും വളർന്നത്. ജോർജ്ജുകുട്ടി മാത്യുവിൻെറ കൂടപ്പിറപ്പാണ്.

എന്നാൽ അവനെന്തിനിവിടെ വന്നു? മാത്യുവിൻെറ കനമുള്ള ജീവിതത്തിന് അവൻ ഒരു ശാപമാണ്.

മാത്യു കോപംകൊണ്ടു തുള്ളി. അയാൾ അനുജനെ ശകാരിച്ചു. 'ഒരൊററ നിമിഷം നീ ഇവിടെ നിൽക്കരുത്. നീ പൊയ്ക്കോ.,

ജോർജ്ജുകുട്ടിയുടെ കണ്ണിൽ വെള്ളം നിറഞ്ഞു. കണ്ണുനീർ കവിളത്തുകൂടെ ഒഴുകി. ആ അപരാധി അച്ചായൻെറ മുമ്പിൽ തല കുനിച്ചു നിന്നു. ആ കണ്ണുനീരിന് മാത്യുവിനോടു് ബന്ധമുണ്ടായിരുന്നു. ഒരു നിരാശനേപ്പോലെ മാത്യു ചോദിച്ചു.—

'നിന്നെ ഞാനെവിടെ താമസിപ്പിക്കും?, ആ തെററുകാരന് ഉത്തരമില്ല.

ഗദ്ഗദത്തോടെ മാത്യു ചോദിച്ചു:'–ഞാൻ നിന്നെയുംകൊണ്ട് എന്തു ചെയ്യും,? അതിനും ഉത്തരമില്ല. 'നിനക്കിങ്ങിനെ തോന്നാൻ എന്തു പററി. ഇനി ഇപ്പോൾ ഞാനെന്തു ചെയ്യും? നിനക്ക് ഞാനെങ്ങിനെ ചോറുണ്ടാക്കും. ഈ കീറിയ പഴന്തുണിയുമുടുത്ത് നീ എങ്ങിനെ ഇവിടെ കഴിച്ചുകൂട്ടും. എൻെറ കയ്യിൽ ഒരു കാശില്ല. ഞാനെവിടെ പോകും ദ്രോഹീ!........,മാത്യു പല്ലുകടിച്ചു.

കുട്ടിയാണെങ്കിലും, ജോർജ്ജുകുട്ടിക്ക് അവൻെറ തെററിൻെറ ആഴം മനസ്സിലായി. അവൻ അശക്തതയോടെ അച്ചായനെ നോക്കി.

അവൻെറ അച്ചായന് പട്ടണത്തിൽ ജോലിയാണെന്ന് അവൻ അറിഞ്ഞിരുന്നു. അച്ചായനു മൂന്നുനേരവും ഊണും കാപ്പിയും ഉണ്ടെന്ന് അവൻ കേട്ടിരുന്നു. അച്ചായനു സുഖമാണ്. അച്ചായന് ആവശ്യത്തിന് ചക്രവും കാശും ഉണ്ട്. അച്ചായൻ ഇതിനിടയിൽ ഒരിക്കൽ വീട്ടിൽ വന്നിരുന്നു. അന്ന് നല്ല ഷർട്ടും മുണ്ടും ഉണ്ടായിരുന്നു.

ജോർജ്ജുകുട്ടി അച്ചായനെ കാണാൻ ഇറങ്ങിപ്പുറപ്പെട്ടതാണ്. അച്ചായൻെറകൂടെ സന്തോഷത്തോടെ, പട്ടണത്തിൽ താമസിക്കാൻ വീട്ടിൽനിന്നും ഒളിച്ചോടിയതാണ്.

എന്നാൽ, ഇപ്പോൾ അവന് അവൻെറ തെററു മനസ്സിലായി.

* * *

ഒരു നല്ല നിക്കറും ഷർട്ടുമിട്ടുകഴിഞ്ഞപ്പോൾ, മാത്യുവിനു അനുജനോട് സ്നേഹം തോന്നി. അങ്ങിനെ മാത്യുവിൻെറ പ്രയത്നഫലത്തിനു മുമ്പിൽ വാ പിളർന്നു

(ശേഷം 18-ാം പേജിൽ)

# ഭാരത്തിൻെറ ഭാരം

(കവർ 3-ാം പേജിൽനിന്നു തുടർച്ച)

'അപ്പോയൻ വൈകിട്ട കൊടുക്കുമെന്നു പറഞ്ഞില്ലേ,

'അതൊന്നും അയാൾക്കറിയെണ്ടെന്നു പറഞ്ഞു.

മാത്യുവിൻെറ ചോദ്യങ്ങൾ അവസാനിച്ചു. ഹോട്ടൽ പണംകൊടുക്കുന്നവർക്ക് ഊണുകൊടുക്കാനുള്ള സ്ഥലമാണ്. നിവൃത്തിയൊന്നുമില്ല.

മാത്യു അനുജൻെറ മുഖത്തുനോക്കി. ആ കൊച്ചു കണ്ണുകൾ താണിരിക്കുന്നു. അവൻെറ കടക്കണ്ണിൽ ഒരുതുള്ളി ജലംപൊടിച്ചു. അവൻ മുഖംകഴുകാൻ പൈപ്പിലേക്കു ഓടി.

പതിനെട്ടുമണിക്കൂറുകൾ കഴിഞ്ഞു, അവനെന്തെങ്കിലും ചവച്ചിറക്കിയിട്ട്. അവൻ മുഖംകഴുകി കൈ കുമ്പിളിച്ചുപിടിച്ച് വെള്ളംകുടിക്കുന്നു. ഇത് ഒരു പത്താമത്തെ തവണയായിരിക്കും. കഴിഞ്ഞ ആറു മണിക്കൂറിനുള്ളിൽ, പലതവണ മുഖംകഴുകാൻ അവൻ പയ്പ്പിൽ പോയിട്ടുണ്ട്. കൈകോട്ടി കുമ്പിളാക്കി, കുനിഞ്ഞുനിന്ന്, അവൻ പലതവണ വെള്ളംകുടിച്ചിട്ടുണ്ട്. ഒരു തീകെടുത്താനുള്ള അവൻെറ ശ്രമങ്ങൾ!

മാത്യുവിൻെറ വയററിലെ ഇറച്ചിക്കറിയും, സാമ്പാറും, തൈരും അയാൾക്ക് ഒരു ഭാരമായി തോന്നി.

ജോർജ്ജുകുട്ടി, ഓടി അകത്തുപോയി ബഞ്ചിലിരുന്ന് ഒരു പുസ്തകംതുറന്ന് പടം കാണാൻ തുടങ്ങി. അവന് പരാതിയില്ല. സമാധാനം....ആഴമററ സമാധാനം....മാത്യു ഒന്നു നടുങ്ങി....അയാൾക്ക് രണ്ടണ വേണം....മേശപ്പുറത്തും ബഞ്ചിലും, കസേരയിലും എങ്ങും രണ്ടണ ഇല്ല. സ്റ്റാൻഡിൽ തൂങ്ങിക്കിടക്കുന്ന, മാസ്റ്ററുടെ ഷർട്ടിൻെറ പോക്കററിൽ പഴ്സിൻെറ അററം തെളിഞ്ഞുകാണാം. അതു നിറയെ രൂപയും, അണയും, ചെമ്പുതുട്ടുമാണ്. അതിൽ ഒരു പക്ഷേ വാരാളം രണ്ടണത്തുട്ടുകൾ കാണാം.

പക്ഷേ, മാസ്റ്റർ ഉറങ്ങുകയാണ്. ഒന്നു വിളിച്ചാലോ? അയാളുടെ ഉറക്കത്തിന് വിഘ്നം വരുത്തുക അയാൾക്കിഷ്ടമില്ല. പക്ഷേ, ഇതു വലിയ അത്യാവശ്യമാണ്. ഒരു ജീവിയുടെ രക്തം ചൂടുപിടിച്ച് വററിക്കൊണ്ടിരിക്കുന്നു. ഒരു കുഞ്ഞുശരീരത്തിലെ മാംസം തേഞ്ഞുകൊണ്ടിരിക്കുകയാണ്. വളരുന്ന ഒരു ജീവി തേഞ്ഞുതേഞ്ഞ് കുറുകുകയാണ്.

മാത്യു മാസ്റ്ററെ കുലുക്കി വിളിച്ചു.

'എനിക്ക് രണ്ടണവേണം മാസ്റ്ററേ.,

മാസ്ററർ പിറുപിറുത്ത്, ഒന്നു തിരിഞ്ഞുകിടന്നു.

'മാസ്ററരേ,,

അയാൾ ഒന്നു മൂളി.... രണ്ടണാത്തുട്ടുംകൊണ്ട് ജോർജ്ജുകുട്ടി ഓടി...ആ ഓട്ടവും നോക്കി മാത്യു കണ്ണിമയ്ക്കാതെനിന്നു.

അവൻ ഊണുകഴിച്ചുവന്നപ്പോൾ മാത്യു ചോദിച്ചു:—

'കുഞ്ഞു നിറച്ചുണ്ടോ,

'ഉണ്ടു,

'ഊണു നല്ലതായിരുന്നോ,

'ഇന്ന് പായസമുണ്ടായിരുന്നു.,

അന്നു വൈകിട്ട് ഉണ്ണന്നിരിക്കുമ്പോൾ ആ രണ്ടണയുടെ കാര്യം പറഞ്ഞപ്പോൾ മാസ്റ്റർക്ക് അത്ര പിടിച്ചില്ല. അയാൾ മൌനംകൊണ്ടു. ആ മൌനം മാത്യുവിനെ വല്ലാതെയെപ്പെടുത്തി.

പരോന്നു മാസ്റ്റർ മാത്യുവിനോടു പറഞ്ഞു:—

'നിങ്ങൾ അനുജനെ ഒന്നു ട്രെയിനിംഗ് കൊടുക്കണം; പിള്ളേരെ ഹോട്ടലുകളിൽ വലിച്ചു കേററാതിരിക്കാൻ. ഇന്നു ഞാൻ വന്നപ്പോൾ ഈ നാട്ടിലെ പിള്ളേരെല്ലാം ഇതിലുണ്ടായിരുന്നു.'

മാത്യു അനുജനെ ഒന്നുരണ്ടടിച്ചു.

അടുത്തൊരുദിവസം മാസ്റ്ററും സ്നേഹിതന്മാരുംകൂടി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. സംസാരമദ്ധ്യേ, മാസ്റ്റർ ജീവിക്കാൻ വഴിയുള്ള ഒരു സ്നേഹിതനോടു പറഞ്ഞു:—

'എനിക്കു കിട്ടുന്ന കൂട്ടുകാരെല്ലാം ദരിദ്ര്യവാസികളായിരിക്കും. അവരെക്കൊണ്ട് എനിക്കുപകാരമൊന്നുമില്ല. ഉപദ്രവമേ ഉള്ളു'

ഇതുകേട്ട് മാത്യുവും ബഞ്ചിൻതലക്കൽ ഇരുന്നിരുന്നു. അതിൻെറ അർത്ഥം മാത്യു നല്ലതുപോലെ മനസ്സിലാക്കി. ആ മുറിവ് വളരെ ആഴമുള്ള ഒന്നായിരുന്നു.

പിറേറന്ന് പലരും ഇരിക്കുമ്പോൾ, ഹോട്ടൽമാനേജർ വഴിയേപോയ മാത്യുവിനെ വിളിച്ചു. 'ആ രണ്ടണ ഇതു കിട്ടിയില്ലല്ലോ.,

'ഇന്നുതന്നെ തരാം.,

മാത്യുവിൻെറ ഉത്തരത്തിൽ മാനേജർക്ക് അത്ര തൃപ്തി തോന്നിയില്ല. അയാൾ മാത്യുവിനെ ഉപദേശിച്ചു.

'നിങ്ങൾക്കുതന്നെ ജീവിക്കാൻ നിവൃത്തിയില്ലാത്തപ്പോൾ ആ കൊച്ചനേക്കൂടി എന്തിനാണിവിടെ താമസിപ്പിക്കുന്നത്. അതിനെ വീട്ടിലയക്കരുതോ? എന്താ വീട്ടിൽ —, മാനേജർ നിറുത്തി.

നടന്നുകൊണ്ടിരുന്നപ്പോൾ മാത്യുവിന് ഒരു 'വല്ലായ്മപോലെ തോന്നി. 'നിങ്ങൾക്കുതന്നെ ജീവിക്കാൻ നിവൃത്തിയില്ലാത്തപ്പോൾ, ആ പരമാർത്ഥം വെളിച്ചത്തുകി. മുടിവച്ചിരുന്ന കരിയിലക്കൂന കാററിൽ പറന്നുപോയി. മാനേജർ പറഞ്ഞതു ശരിയാണ്. പിന്നെ പലപ്പോഴും മാനേജരുടെ ഹോട്ടലിൻെറ മുമ്പിലൂടെ പോകേണ്ടിവന്നിട്ടുള്ളപ്പോഴൊക്കെ, മാത്യു തല കുനിച്ച് വേഗം നടന്നുപോകുമായിരുന്നു പതിവ്. മാനേജരുടേയും ആ ഹോട്ടലിൽ കൂടുന്ന പലരുടേയും മുഖത്തു നോക്കാൻ മാത്യുവിന് ഒരു ഭയം.

താമസസ്ഥലത്തു വരുന്നതും അയാൾക്കൊരസുഖംപോലെ തോന്നി. മിക്കവാറും മാസ്റ്റർ അങ്ങിനെ മുഖം വീർപ്പിച്ച് ഇരിക്കും.

* * *

എല്ലാവരേയുംപോലെ രണ്ടുകാലും, രണ്ടു കയ്യും; ഒരു ഉടലും, മുഖവുമേ മാത്യുവിനുമുള്ളു. പക്ഷേ നടക്കുമ്പോഴും, ഇരിക്കുമ്പോഴും മാത്യുവിന് ഒരു വല്ലാത്ത ഭാരം തോന്നാറുണ്ട്.

തെരുവിൽചിരട്ടയുംകാട്ടി, ചില്ലിക്കാശിനുംഎച്ചില്ലറിനും നടക്കുന്ന ഒരുകൂട്ടരുണ്ട്. അവരാരുടെയും മുമ്പിൽ ലജ്ജിക്കുന്നില്ല. അവജ്ഞയോടെ, നാലു ചുററിലും അവരെ വിമർശിക്കാൻ ആളുകളില്ല. അത് അവരുടെ ഒരു വിജയമാണ്. മാത്യു ചിന്തിച്ചു.

പലരും മാത്യുവിനോട് സഹതപിച്ച് സംസാരിക്കാറുണ്ട്. പലരും ദയാദൃഷ്ടികളോടെ അയാളെ നോക്കാറുണ്ട്. മാത്യുവിന് അവരോടെല്ലാം കൂടുതൽ വെറുപ്പുതോന്നി. അധികം സംസാരിക്കാത്ത സ്നേഹിതന്മാരോടും; അധികം അടുത്തു പെരുമാറാൻ ആഗ്രഹിക്കാത്ത പരിചയക്കാരോടും മാത്യുവിന് ബഹുമാനം തോന്നി. ഒരു പുതിയ സ്നേഹിതനെ കിട്ടുമ്പോൾ സാധാരണ പലരും സന്തോഷിക്കാറുണ്ട്. മാത്യുവിന് ഒരു പുതിയ ആളുമായി പരിചയപ്പെടേണ്ടി വന്നാൽ, അത് ഒരു ശാപം പോലെയാണ് കണക്കാക്കുക.

ഒരു ദിവസം ഉച്ചകഴിഞ്ഞ്, മാത്യു വക്കീലാപ്പീസിൽ നിന്നു വന്നപ്പോൾ മാസ്ററർ അന്വേഷിച്ചു:—

'നിങ്ങൾ എൻെറ പഴ്സിൽ നിന്നും പണം വല്ലതും എടുത്തിട്ടുണ്ടോ?,

'ഇല്ല, മാത്യു ഒന്നു പരിഭ്രമിച്ചു.

'ഒരു എട്ടണ കാണുന്നില്ല.,

'മാസ്ററർ നല്ലപോലെ എണ്ണി നോക്കിയോ,

'എണ്ണിനോക്കാത്ത കുററമൊന്നുമില്ല. എണ്ണിനോക്കിയാലെവിടെ കാണാനാണ്.,

എണ്ണിനോക്കിയാലെവിടെ കാണാനാണ്, അതിന് ഒരു പുതിയ അർത്ഥമുണ്ട്. അതു മാത്യുവിനു നല്ലപോലെ വിശദമായി. അയാൾ മാസ്റ്ററില്ലാതിരുന്നപ്പോൾ അനുജനെ വിളിച്ചു ചോദിച്ചു:—

'കുഞ്ഞ് അയാളുടെ പേഴ്സെടുത്തോ?,

'ഇല്ലല്ലോ, അവൻെറ മുഖം വിളറി.

'അയാൾ പറയുന്നു എട്ടണ കാണാനില്ലെന്ന്. കുഞ്ഞെടുത്തെങ്കിൽ നേരുപറ...,

'ഞാൻ എടുത്തില്ലച്ചാ....കണ്ടു രണ്ടാണെ ഞാൻ എടുത്തിട്ടില്ല., അവൻ ആണയിട്ടു.

'എൻെറ കുഞ്ഞ് എനിക്കു കുറച്ചില്ല വരുത്തരുത്. അച്ചായനെ ഇതുവരെ ആരും കള്ളനെന്നു പറഞ്ഞിട്ടില്ല. കുഞ്ഞു നേരു പറ...,

'എൻെറ കർത്താവിനാണെ! എൻെറ അച്ചായനാണെ ഞാൻ എടുത്തിട്ടില്ല., എററവും വലിയ മൊഴിയിലൂടെ അവൻ അവൻെറ ഗുണഗതി വെളിപ്പെടുത്തി.

ഇതുവരെ ഊണു കഴിക്കാതിരുന്ന അനുജനെക്കൂടുതൽ കുററപ്പെടുത്തുവാൻ ആ ചേട്ടനു കഴിഞ്ഞില്ല. മണി മൂന്നായി അവൻ ഇതുവരെ ഊണു കഴിച്ചിട്ടില്ല. എട്ടണ അവനെടുത്തെങ്കിൽ അവനെന്തെങ്കിലും വാങ്ങിക്കഴിക്കുകയില്ലേ. ആ കണ്ണു താണിരിക്കുന്നു. ചുണ്ട് ഉണങ്ങിക്കരിഞ്ഞുതന്നെ ഇരിക്കുന്നു.

അവൻ കൂടെക്കൂടെ പയ്പ്പിൽപോയി വെള്ളംകുടിക്കുന്നു. അവൻ മോഷ്ടിച്ചിട്ടില്ല.

അന്ന് മാസ്റ്ററുടെ മഷിക്കുപ്പി അവൻെറ കൈഅറിയാതെതട്ടിമേശപ്പുറത്തു കമഴ്ന്നു. വെള്ളമെടുക്കാൻ പയ്പ്പിലേക്കു കൊണ്ടുപോയ മാസ്റ്ററുടെ ഗ്ലാസ്സ് അവൻെറ കയ്യിൽനിന്ന് വീണ് തകർന്നു അവൻ മൂക്ക് ചീററി, കതകിലും, ബഞ്ചിലും തേച്ചതിന് മാസ്ററർ അവനെ പലതവണ കുററപ്പെടുത്തി.

രണ്ടു ദിവസംകഴിഞ്ഞ് മാത്യുവിന് ഒരു താക്കീതു കിട്ടി:—

'ഞാൻ മുറി വാടകയ്ക്കു എടുത്തിരിക്കുന്നത് എൻെറ സൌകര്യത്തിനാണ്. നിങ്ങൾക്ക് കുടുംബസമേതം താമസിക്കുന്ന



# ദീപാളി

(വിദ്വാൻ ജി. എൻ. നായർ)

ഓരോ വീട്ടിലേയും സന്ദർശനമുറിയിൽ എന്തെങ്കിലും ഭംഗിയുള്ള സാധനങ്ങൾ സൂക്ഷിച്ചുവെക്കുന്നത് ഒരു പതിവാക്കിത്തീർന്നിട്ടുണ്ട്. പുറത്തുനിന്ന് ആരെങ്കിലും വരികയാണെങ്കിൽ സ്വാഭാവികമായിട്ട് അയാളുടെ ദൃഷ്ടി അതിൽപ്പെടുകയാണെങ്കിൽ അയാളുടെ വായിൽനിന്നു പുറത്തുചാടുന്നു:– 'എത്ര നല്ല സാധനം! നിങ്ങൾ എവിടെനിന്നു സമ്പാദിച്ചു'? എന്നാൽ കാഴ്ചബംഗ്ലാവിൽ എവിടെനോക്കിയാലും സുന്ദരപദാർത്ഥങ്ങൾ തന്നെയാണ് നാലുപാടും കാണുന്നത്. അതുകണ്ടിട്ട് മനുഷ്യൻ അത്യധികം സന്തോഷിക്കുന്നു. എന്നാൽ അതോടുകൂടി അവൻ അത്രതന്നെ ചിന്തയിലും പെടുന്നു. എന്താണ് കാണേണ്ടത്, കാണേണ്ടാത്തത് എന്നുള്ള ചിന്തയിൽ അവൻ മുഴുകിയിരിക്കുന്നു.

ദീപാളി, ഉത്സവങ്ങളുടെ ഇപ്രകാരമുള്ള ഒരു കാഴ്ചബംഗ്ലാവാണ്; അത് സകല ഉത്സവങ്ങളുടേയും സ്നേഹ–സമ്മേളനമാണെന്ന് സമ്മതിക്കുകയാണെങ്കിൽ തന്നെയും ഉചിതംതന്നെയാണ്. ദീപാളി ഉത്സവം അഞ്ചുദിവസക്കാലമായിട്ടാണ് കണക്കാക്കുന്നത്. പക്ഷെ, പരമാർത്ഥം ചോദിക്കുന്നപക്ഷം നവരാത്രിഉത്സവത്തോടനുബന്ധിച്ച് ഇത് ആരംഭിക്കുകയും യമദ്വിതീയയിലെ സ്നേഹ്–ചന്ദ്രന്റെ സന്ദർശനത്തോടുകൂടി അതിന്റെ ആനന്ദത്തിനു കതിവരികയും ചെയ്യുന്നു.

ധർമ്മശാസ്ത്രത്തിൽ ഓരോ ആഘോഷത്തിന്റെയും മാഹാത്മ്യവും കഥയും കൊടുത്തിട്ടുണ്ട്. എന്നാൽ ദീപാളിയെ സംബന്ധിച്ച് കൊടുത്തിട്ടുള്ള കഥകൾ എഴുതുവാൻ തുനിക്കുകയാണെങ്കിൽ അത് ഒരു വലിയ ഗ്രന്ഥംതന്നേയായിത്തീരും. ധനത്രയോദശിയുടെ കഥ വേറെ, നരകചതുർദ്ദശിയുടെ കഥ വേറെ, കൂടാതെ അതിൽ അമാവാസി (ദീപാളി) യുടെ കഥ മറ്റൊരു പ്രത്യേകവും. അനന്തരം വിക്രമന്റെ പുതിയ അബ്ദം ആരംഭിക്കുകയും ദ്വിതീയദിവസം സഹോദരിയുടെ വീട്ടിൽ സഹോദരൻ അതിഥിയായിപ്പോകുകയും ചെയ്യുന്നു. ദീപാളി ഗൃഹസ്ഥാശ്രമക്കാരുടെ വിശേഷദിവസമാണ്. ജനസമാജത്തിന്റെ ആഘോഷമാണ്. ശ്രാവണി ധർമ്മത്തിനും ശാസ്ത്രത്തിനും, ദസ്രാ യുദ്ധത്തിനും, ആയുധങ്ങൾക്കും, ദീപാളി ലക്ഷ്മിക്കും, ധനത്തിനും 'ഹോളി' കളികൾക്കും രാസലീലകൾക്കും പ്രധാനമാണ്. മനുഷ്യർക്കു നാലുവർണ്ണമുള്ളതുപോലെ വിശേഷദിവസങ്ങൾക്കും നാലുവർണ്ണമുണ്ട്.

പുരാതനകാലത്ത് ശ്രാവണി ദിവസങ്ങളിൽ (മഴക്കാലത്ത്) ജനങ്ങൾ കപ്പലുകളിൽ കയറി സമുദ്രം ലംഘിച്ച് ദേശദേശാന്തരങ്ങളിൽ യാത്ര ചെയ്തിരുന്നു. ദസ്രാക്കാലത്ത് രാജാക്കന്മാരും മററു യോദ്ധാക്കളും തന്റെ അതിർത്തികൾ കടന്ന് ശത്രുവെ ആക്രമിക്കുവാൻ പോയിരുന്നു. ദീപാളിക്കാലത്ത് രാജാക്കന്മാരും വ്യാപാരികളും സ്വദേശത്തു മടങ്ങിവന്ന് കുടുംബസുഖം അനുഭവിച്ചിരുന്നു.

പൗരാണികകഥ ഇപ്രകാരമാണ്. നരകാസുരൻ എന്ന ഒരു പരാക്രമിയായ രാജാവ് പ്രാഗ്ജ്യോതിഷത്തിൽ രാജ്യം ഭരിച്ചിരുന്നു. ബ്രഹ്മപുത്രാനദിയുടെ തെക്കുഭാഗത്തുള്ള ദേശത്തെയാണ് പ്രാഗ്ജ്യോതിഷമെന്നു പറഞ്ഞിരുന്നത്. നരകാസുരൻ മററു രാജാക്കന്മാരോടു യുദ്ധം ചെയ്തിരുന്നു. ഇത് ഒരുതരത്തിൽ സഹിക്കാമായിരുന്നു. എന്നാൽ ആ ദുഷ്ടൻ സ്ത്രീകളെക്കൂടി ഉപദ്രവിക്കുവാൻ തുടങ്ങി. പതിനാറായിരം രാജകന്യകകൾ അയാളുടെ കാരാഗൃഹത്തിൽ ഉണ്ടായിരുന്നു! ഈ സ്ഥിതി തനിക്കു കണ്ണു പൊറുക്കാനാവില്ല. ഇനി നരകാസുരനെ വധിക്കതന്നെവേണമെന്നും ശ്രീ കൃഷ്ണൻ ഉറച്ചു. സത്യഭാമ പറഞ്ഞു:– "ഭഗവാൻ സ്ത്രീകളെ ഉദ്ധരിക്കുവാൻ പോകുകയാണെങ്കിൽ പിന്നെ എനിക്കു വീട്ടിൽ കുത്തിയിരിക്കുവാൻ കഴിയുമോ? നരകാസുരനുമായിട്ടു ഞാൻതന്നെ യുദ്ധം ചെയ്യാം. അങ്ങ് എന്നെ സഹായിച്ചുകൊണ്ടിരുന്നാൽ മതി."

ശ്രീ കൃഷ്ണൻ ഇതു സമ്മതിച്ചു. സത്യഭാമ രഥത്തിൽ മുന്നിൽ ഇരുന്നിരുന്നു. ശ്രീ കൃഷ്ണൻ ഇരുന്നതു പിന്നിലും. നരകാസുരവധം ചതുർദ്ദശിനാൾ നടന്നു, ലോകം ശുദ്ധമായി. ജനങ്ങൾ ആനന്ദം കൊണ്ടാടി. നരകാസുരന്റെ യാതന ദൂരെയായിയെന്നറിയിക്കുന്നതിനായി ജനങ്ങൾ രാത്രിയിൽ ദീപക്കാഴ്ചകൾ നടത്തുകയും അമാവാസിദിവസം പൂർണ്ണിമയുടെ പ്രകാശം വരുത്തുകയും ചെയ്തു.

എന്നാൽ ഈ നരകാസുരൻ ഒരിക്കൽ കൊന്നാൽ മരിക്കുന്നവനല്ല. അവനെ കൊല്ലംതോറും കൊല്ലേണ്ടതായി വരുന്നു. വർഷകാലത്തു എല്ലായിടത്തും ചെളികെട്ടിക്കിടക്കുന്നു. അതിൽ മരത്തിലെ ഇലകളും, ധാന്യങ്ങളുടെ ചപ്പുചവറുകളും ചീഞ്ഞ് പെടുകയും ഇപ്രകാരം ദുർഗ്ഗന്ധം നരകം പൃഥ്വിയ്ക്ക് – ആവിർഭവിക്കുകയും ചെയ്യുന്നു. വർഷത്തിനുശേഷം കന്നിയിലെ വെയിലു വ്യാപിക്കുന്നു. അതോടുകൂടി ഈ നരകത്തിലെ ദുർഗന്ധം വായുവിൽ വ്യാപിക്കുന്നു. ഇതേ കാരണത്താൽ ജനങ്ങൾക്കു ദീനം പിടിപെടുന്നു. അനന്തരം ബ്രഹ്മചാരികൾ കൈകൊട്ടും മഴുവും ആയിട്ട് നരകവുമായി യുദ്ധത്തിനു പുറപ്പെടുകയും ഗ്രാമത്തിന്റെ സമീപത്തിലുള്ള നരകത്തെ നശിപ്പിക്കുകയും വീട്ടിൽ വന്ന് ശരീരമാസകലം എണ്ണതേച്ച് കുളിക്കുകയും ചെയ്യുന്നു. ഗോശാലകൾ ആദ്യമേതന്നെ വൃത്തിയാക്കിക്കഴിഞ്ഞിരുന്നല്ലോ; പിന്നെ അവയിൽ കൊതുകുവരാതിരിക്കുന്നതിനുവേണ്ടി ധാരാളം വെളിച്ചം ഉണ്ടാക്കുകയും പ്രസന്നചിത്തരായിട്ട് വയറു നിറയെ മധുരപലഹാരങ്ങളും മററും കഴിക്കുകയും ചെയ്യുന്നു.

ദീപാളിക്കുശേഷം പുതുവത്സരം ആരംഭിക്കുന്നു. വീടുകളിൽ പുതുധാന്യം പ്രവേശിക്കുന്നു. ഹിന്ദുക്കളുടെ ഭവനങ്ങളിൽ വേദകാലം മുതല്ക്കേ ഈ 'പുത്തരി'സമ്പ്രദായം വളരെ ആദരപൂർവ്വം ആചരിച്ചുവരുന്നുണ്ട്. മഹാരാഷ്ട്രത്തിൽ ഭക്ഷണത്തിനു മുൻപിൽ എന്തെങ്കിലും കയ്പുരസം ആസ്വദിക്കുന്ന പതിവുണ്ട്. ഇതിന്റെ ഉദ്ദേശം, "കഷ്ടപ്പെട്ടു പണിയെടുത്താൽ മാത്രമേ ഇഷ്ടപ്പെട്ടു ഭക്ഷിക്കാവൂ,, എന്നായിരിക്കും. ഭഗവത് ഗീതയിൽ എഴുതിയിട്ടുണ്ട്- ആരംഭത്തിൽ വിഷംപോലെയും അവസാനത്തിൽ അമൃതംപോലെയും ഉള്ളതാണ് സാത്വികസൗഖ്യം. ഗോവയിൽ ദീപാളിദിവസം അവിലു നനക്കുകയും സകല സുഹൃത്തുക്കളേയും അതു കഴിക്കുകയും ചെയ്യുന്നു. അതായത് ഓരോരുത്തർക്കും തന്റെ പ്രാണസ്നേഹിതന്മാരുടെ വീട്ടിൽ പോകേണ്ടതായിട്ടുതന്നെ വരുന്നു. എല്ലാവരുടെയും വീട്ടിൽ പലഹാരം തയ്യാറാക്കി വെച്ചിരിക്കും; ആളുകൾ അതിൽനിന്നു ഒരു കഷണം തിന്നിട്ട് അടുത്തവീട്ടിലേയ്ക്കു പോകുന്നു. ഒരു പക്ഷെ അവരുടെ പെരുമാററത്തിൽ കുറെ മാലിന്യം സംഭവിച്ചിരുന്നിരിക്കാം, ശത്രുതപോലുമുണ്ടായിരുന്നിരിക്കാം എന്തുതന്നെയും ഉണ്ടായിരുന്നിരിക്കാം, എന്നാൽ ദീപാളിദിവസം അവർ സർവ്വവും മനസ്സിൽ നിന്നു ദൂരീകരിക്കുകയും പുതിയ പ്രേമബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു. വ്യാപാരികൾ ദീപാളിദിവസം കൊടുക്കൽവാങ്ങൽ മുഴുവൻ അവസാനിപ്പിക്കുകയും പുതിയ കണക്കുപുസ്തകത്തിൽ നീക്കിബാക്കി എഴുതിത്തിരിക്കുകയും ചെയ്യുന്നതുപോലെ ഓരോ മനുഷ്യനും ഹൃദയത്തിൽ അല്പമെങ്കിലും വിഷമോ വൈരമോ വെച്ചുകൊണ്ടിരിക്കുന്നില്ല. ഏതുദിവസം സ്ഥാനങ്ങളിൽനിന്ന് നരകമാലിന്യം നീങ്ങുകയും ഹൃദയത്തിൽനിന്ന് പാപം നീങ്ങുകയും രാത്രിയിൽ നിന്ന് അന്ധകാരം പലായനം ചെയ്യുകയും തലയിൽനിന്ന് കടം കടക്കുകയും ചെയ്യുന്നുവോ, ആ ദിവസത്തേക്കാൾ വലുതായിട്ട് വേറെ പവിത്രദിനമേതാണുള്ളത്?

*ഹിന്ദിയിൽനിന്ന്.

---

തിനല്ല. നിങ്ങൾ ഒരാൾ വേണമെങ്കിൽ ഇവിടെ താമസിച്ചുകൊള്ളൂ. അതുതന്നെ ഞാനനുവദിക്കുന്നത്, എനിക്കു നിങ്ങളോടുള്ള അൻകമ്പകൊണ്ടാണ്.'

മാതുപ്പണിക്കരുടെ മനസ്സലിഞ്ഞു: ആ കലുക്കത്തിൽ പരിസരങ്ങളെല്ലാം കലങ്ങുന്നതുപോലെ അയാൾക്കു തോന്നി.

പിറേറന്നു രാവിലെ അയാൾ അനുജനെ ബോട്ടു കയററി വീട്ടിലേക്കയച്ചു. നാലുചക്രം കൊടുത്ത് ഒരു ടിക്കററും, വഴിയിൽ കാപ്പികുടിക്കാൻ ഒന്നര ചക്രവും കൊടുത്താണ് അയാൾ അനുജനെ ബോട്ടു കയററിയത്.

'കുഞ്ഞിന് അച്ചായൻ പണം അയച്ചുതരാം. കുഞ്ഞ് വീട്ടിൽപോയി താമസിക്ക്. അച്ചായൻ എന്തുചെയ്യും. എല്ലാം കുഞ്ഞ് കാണുന്നില്ലേ.

'ഉം' അവൻ മൂളി....

'കുഞ്ഞിന് അച്ചായനോട് പിണക്കമില്ലല്ലോ,

'ഇല്ല, അവന്റെ കുഞ്ഞിക്കണ്ണുകളിൽ വെള്ളം നിറഞ്ഞു.

(ശേഷം 10-ാം പേജിൽ)

## ഭാരതിയുടെ ഭാരം

(15–ാംപേജിൽനിന്നു തുടർച്ച)

കൊണ്ട് ഒരാവശ്യക്കാരൻ ഉരിപ്പുറപ്പിച്ചു. ആ ആവശ്യക്കാരന്റെ ആവിർഭാവം മാത്യുവിനെ ശോഷിപ്പിച്ചു. അയാൾ ചിലതെല്ലാം വെട്ടിക്കുറച്ചു.

മാത്യുവിന്റെ വരവ് ദിവസം നാലു ചക്രമാണ്. ആ നാലുചക്രം കൊണ്ട് അവൻ അനുജനെ പോഷിപ്പിക്കുവാൻ ശ്രമിച്ചു. മാത്യുവിന്റെ ആവശ്യങ്ങൾ വർദ്ധിച്ചുവെന്നു കണ്ടപ്പോൾ വർഗീസു ചേട്ടൻ മാത്യുവിന്റെ ശമ്പളത്തിൽ ഒരു തൊണ്ണൂറു ശതമാനം വർദ്ധനവുണ്ടാക്കി. മാത്യുവിന്റെ ശമ്പളം നാലു ചക്രത്തിൽ നിന്നും ഏഴു ചക്രമായി മാറി. ഉച്ചക്കു ചോറും, മാസം ഏഴു രൂപാ ശമ്പളവും അതൊരു മോശമല്ലാത്ത ശമ്പളം തന്നെ. എന്നാൽ ആ ശമ്പള വർദ്ധനവ് മാത്യുവിനെ വളരെയൊന്നും സഹായിച്ചില്ല. കാരണം, അവന്റെ ശമ്പളത്തിനും, ആവശ്യങ്ങൾക്കും തമ്മിൽ ഒരു പൊരുത്തമില്ലായ്മ.

ഒരു ഉച്ചയ്ക്ക്, വർഗീസ് ചേട്ടൻ കച്ചേരിയിൽ പോയിരുന്നപ്പോൾ, മാത്യു നിവർത്തിട്ട അന്യായ പകർപ്പിന്റെ എതിരേ ഇരുന്നുകൊണ്ട് ഒരു കണക്കു കൂട്ടൽ നടത്തി. തനിക്ക് ഉച്ചക്ക് വക്കീല ഗ്രേഹത്തിന്റെ അവിടെ ചോറുണ്ട്. കൃത്യം ഒരുമണിക്ക് അതു് ഒരു നിയമം തന്നെയാണ്. രാവിലത്തെ ചായ കുടിവെട്ടിക്കുറയ്ക്കാം. ജോർജുകുട്ടിക്കും രാവിലെ ചായ കുടിവേണ്ട. പതിനൊന്നുമണിയാകുമ്പോഴേക്കും ആ രണ്ടണാ ഹോട്ടലിൽ ഊണു തയാറാവും. പതിനൊന്നു മണിവരെ വിശന്നിരിക്കുക. അതൊരു വലിയ പ്രയാസമുള്ള ജോലിയല്ല. പോരെങ്കിൽ ഒരു സമാധാനവുമുണ്ട്, പതിനൊന്നു മണിക്ക് ഉണ്ണാം എന്നുള്ളതു തീർച്ചയാണ്. പിന്നെ രണ്ടണയുണ്ട്. അതുകൊണ്ട് വൈകുന്നേരത്തെ കാര്യം ഒന്നു പറഞ്ഞയക്കാം. രണ്ടണയ്ക്കു ചോറുവാങ്ങിക്കൊണ്ടുവന്നാൽ ഒന്നുണ്ടെന്നു വരുത്താം. പക്ഷേ, അതുകൊണ്ടു പൊരുത്തമാവുന്നില്ല. ഒരാഴ്ചയിൽ ഒരു ചക്രത്തിനെങ്കിലും എണ്ണ വാങ്ങണം. രണ്ടുസോപ്പെങ്കിലും വേണം. തുണി അലക്കുന്നതിന് അലക്കു കമ്പനിയിൽ കൊടുക്കണം. മുടി വെട്ടിക്കണം. പിന്നെ വല്ലപ്പോഴും ഒരു സിനിമാ കാണണ്ടേ. പൊരുത്തമാവുന്നില്ല:

ദിവസം പത്തുചക്രം വീതം കിട്ടിയെങ്കിൽ! എങ്കിൽ ഒരു മാതിരി നിന്നു പറയാം. മാത്യു വളരെനേരം കണക്കുകൂട്ടി നോക്കി. പല തവണ അഴിച്ചും പിരിച്ചും കൂട്ടി. ഒരുത്തരം കണ്ടുപിടിക്കാൻ വഴിയില്ല. കൂട്ടിയതു് അത്ര ശരിയായില്ല. എവിടയോ ഒരു തെറ്റുണ്ട്.

ചെറുക്കനെ അങ്ങു വീട്ടിൽ പറഞ്ഞയച്ചാലോ! അതൊരു കഷ്ടം തന്നെ, ആരോടും പറയാതെ അവൻ തനിച്ചു വന്നിരിക്കുകയാണ്. അവന്റെ ചുരുണ്ട മുടിയും പിത്തം പിടിച്ചുവീർത്ത കവിളും യാചന നിറഞ്ഞ നോട്ടവും.......അവൻ തന്റെ കൂടപ്പിറപ്പാണ്, അവനെ അത്ര കരുണയില്ലാതെ പറഞ്ഞയക്കുക,...മാത്യുവിന്റെ മനസ്സു വേദനിച്ചു.

വൈകുന്നേരം മാത്യു കച്ചേരിയിൽ നിന്നു വരുമ്പോൾ, അവൻ വാതലിൽ പിടിച്ചുകൊണ്ട്, ആ വരാന്തയിൽ തന്നെ അച്ചായന്റെ വരവും കാത്തു നിൽക്കുന്നുണ്ട്. പച്ച നിക്കറും മഞ്ഞഷർട്ടും അവനു നല്ലപോലെ ചേരുന്നു. അവനെ കണ്ടാൽ ഇപ്പോൾ ഒരന്തസ്സുള്ള കുട്ടിയാണെന്ന് ആരും പറയും. തന്റെ സ്വന്തം പ്രയത്നഫലം കൊണ്ട് തയ്പിച്ച ഷർട്ടും, നിക്കറുമാണ് അവൻ ധരിച്ചിരിക്കുന്നതു്. തന്റെ പോക്കറ്റിൽ നിന്നും ഇറങ്ങുന്ന ചക്രംകൊണ്ടാണ് അവൻ ഉണ്ണുന്നതു്. തന്റെ അനുജൻ തന്റെ സംരക്ഷണയുടെ ഉള്ളിലാണ് ഒതുങ്ങി നിൽക്കുന്നതു്. അവൻ തന്നെ കാത്ത് വാതിൽക്കൽതന്നെ നിൽക്കുന്നു. മാത്യുവിന്റെ ഹൃദയത്തിൽ ആനന്ദം വീർപ്പുമുട്ടി. അവൻ അനുജനെ ദേഹത്തോട് ചേർത്ത്, അടുക്കിപ്പിടിച്ചുകൊണ്ട് ഉള്ളിലേക്കു പോയി. അച്ചായൻ അനുജനോടു ചോദിച്ചു:-

"കുഞ്ഞു് ഉച്ചക്കു നല്ലപോലെ ഉണ്ടോ?"

അച്ചായനു് തന്നെ സ്നേഹമാണ് അവൻ ഒരു പ്രസന്നതയോടെ തല കുലുക്കി.

"ഹോട്ടലിലെ ഊണ് നല്ലതാണോ?"

ആ ഊണിനെക്കുറിച്ചൊരഭിപ്രായം പറയുക. അതൊരു സാഹസമാണ്. എങ്കിലും അവൻ പറഞ്ഞു: "അതേ" "ഊണിന് എന്തെല്ലാം കറികളുണ്ടായിരുന്നു."

"സാമ്പാറും, അവിയലും, മീഴുക്കുപരട്ടിയും, മോരും"

ആ നിഷ്കളങ്കമായ ഹൃദയത്തിൽ നിന്നും വാക്കുകൾ ഉതിർന്നു വരികയാണ്. അവന്റെ സംസാരം കേട്ടുകൊണ്ടിരുന്നാൽ വിശപ്പു തോന്നുകയില്ല. മാത്യു ചോദിച്ചു:- ഹോട്ടൽമാനേജർ കുഞ്ഞിനോടെന്തെങ്കിലും ചോദിച്ചോ?

'ഉം, എന്റെ പേരെന്താണെന്നു ചോദിച്ചു.'

'പിന്നെ,'

'ഏത്രാംക്ലാസ്സുവരെ പഠിച്ചെന്ന്,'

'അതിനു് കുഞ്ഞ് എന്തു പറഞ്ഞു?'

'നാലാംക്ലാസ്സുവരെ പഠിച്ചെന്ന്.'

'പിന്നെ അയാൾ ഒന്നും ചോദിച്ചില്ലേ,?'

'പിന്നെന്താണ് പഠിക്കാത്തതെന്നു ചോദിച്ചു,'

ഒരാവശ്യമില്ലാത്ത ചോദ്യം. മാത്യുവിനു തോന്നി.

'കുഞ്ഞ് എന്തുപറഞ്ഞു?'

'ഞാനൊന്നും പറഞ്ഞില്ല.'

അവനും ഒന്നു വിഷാദിച്ചു. അല്പം കഴിഞ്ഞ് മാത്യു അനുജനോടു പറഞ്ഞു:— 'കുഞ്ഞിനു പാർക്ക് കാണണ്ടേ?'

'പാർക്കോ, അതെന്താന്നാ, ഒരു മഹാത്ഭുതം കാണാനുള്ള കൌതുകത്തോടെ അവൻ അന്വേഷിച്ചു. 'പാർക്ക വല്യപൂന്തോട്ടമാ.......അവിടൊരുപാട് ചെടിയുണ്ട്. ധാരാളം പൂക്കളും, ചുമലയും, മഞ്ഞയും, നീലയും എല്ലാം. അവിടെ റേഡിയോയുമുണ്ട്.'

'റേഡിയോ അതെന്താന്നാ,?'

'അതൊരു വല്ലാത്ത സാധനമാണ്- മദ്രാസിലും ലണ്ടനിലും പാടുന്ന പാട്ട് അതിൽ കേൾക്കാം,'

'അച്ചോ, ജോർജുകുട്ടി ഒന്നു മിഴിച്ചു. അവന്റെ അച്ചായൻ വലിയ ആളാണ്. അച്ചായൻ പാർക്കും റേഡിയോയും കണ്ടിട്ടുണ്ട് അവൻ അച്ചായനെ അത്ഭുതത്തോടെ നോക്കി.

'കുഞ്ഞ് പയ്പ്പിൽപോയി കാലും മുഖവും കഴുകിട്ടു വാ. നമുക്കു പാർക്കിൽ പോകാം, അവൻ പയ്പ്പിലേക്ക് ഓടി.

കുഞ്ഞുകാലുകൾ പറക്കി പറക്കി അവൻ ഓടുന്നു. അവൻ സംതൃപ്തനാണ്. അവനു് അധികമൊന്നും ആവശ്യങ്ങളില്ല.

പിറേറന്നു പോസ്റ്റ്മാസ്റ്ററുടെ പെരുമാറ്റത്തിൽ ഒരു വെറുപ്പിന്റെ മുഷിപ്പാടുകൾ മാത്യുവിനു് അനുഭവപ്പെട്ടു. മാത്യു അതിനയാളെ കുറ്റപ്പെടുത്തിയില്ല. അയാളാണു മുറിക്കു വാടക കൊടുക്കുന്നതു്. അതിലെ കട്ടിലും, കസേരയും, ബെഞ്ചും, മേശയും എല്ലാം അയാളുടെ വകയാണ്. തനിക്ക് അവിടെ യാതൊരവകാശവുമില്ല- മനുഷ്യസഹജമായ ദയകൊണ്ട് അയാൾ തന്നെ അവിടെ താമസിക്കാൻ അനുവദിച്ചിരിക്കുകയാണ്, താൻ അയാളുടെ സൌകര്യങ്ങളിലെല്ലാം കൈ വയ്ക്കുന്നു. അയാളുടെ സൌകര്യം ആരായാതെയാണ് ജോർജുകുട്ടിയെ അവിടെ താമസിപ്പിച്ചിരിക്കുന്നതു്. അവൻ കസേരയിലും കട്ടിലിലും കയറി ഇരിക്കുന്നുണ്ടാവും. അവൻ അയാളുടെ പുസ്തകവും കടലാസ്സുമെല്ലാം തുറന്നു നോക്കുന്നുണ്ടാവും. അവൻ വെറും കുട്ടിയാണ്. അവൻ അവിടെ വല്ല ശല്യവും ചെയ്യുന്നുണ്ടാവും.

മാസ്റ്റർ വെറുപ്പുകാട്ടുന്നതു് അയാളുടെ കുറ്റമല്ല. 'അയാളുടെ വെറുപ്പു മാറണേ' എന്നു മാത്യു ദൈവത്തോടു പ്രാർത്ഥിച്ചു. മാത്യു മാസ്റ്ററെ കൂടുതൽ കൂടുതൽ ബഹുമാനിക്കാൻ തുടങ്ങി. അവൻ ഒരടിമയെപ്പോലെ അയാളുടെ മുമ്പിൽ താണു. അയാളുടെ കാര്യസ്ഥം വിലമതിക്കത്തക്കതാണ്.


# അർശോഘ്നം

എല്ലാവിധ മൂലവ്യാധികൾക്കും സുപ്രസിദ്ധമായ് ശമനൌഷധം. ആദ്യഡോസിൽതന്നെ അതിശയനീയമായ ഫലം കാണിക്കും. രക്തംപോക്ക്, മുളയിറക്കം, മൂലംതടിപ്പ് മുതലായ ഉപദ്രവങ്ങളെ ഉടനടി ശമിപ്പിക്കും. കുടലിൽ പററിയിട്ടുള്ള കഫം, മലം കൃമി മുതലായ എല്ലാവിധ മാലിന്യങ്ങളേയും നീക്കി കുടലിനെ ശുദ്ധമാക്കും. സുഖവിരേചനയ്ക്കു് ആബാലവൃദ്ധം ഉപയോഗിക്കാം. സ്വർണ്ണമെഡലും അനവധി പ്രശംസാപത്രങ്ങളും ലഭിച്ചിട്ടുള്ളതു്. തയ്യാർ ചെയ്യുന്നവർ

ജി. റി. ഫാർമസി,

ഏററുമാനൂർ —തിരുവിതാംകൂർ.

രണ്ടു ദിവസം കഴിഞ്ഞ് ഒരു വൈകുന്നേരം മാസ്റ്റർ മാത്യുവിനോടു പറഞ്ഞു :- 'എൻെറ ചീപ്പ് വേറാരും എടുക്കുന്നത് എനിക്കിഷ്ടമല്ല.' രണ്ടു കൊല്ലംകൊണ്ട് മാത്യു ഉപയോഗിക്കുന്നത് ആ ചീപ്പാണ്. ഇന്നേവരെ ഒരിക്കലും അയാളുടെ ചീപ്പ് താൻ ഉപയോഗിക്കുന്നത് അഹിതമാണെന്ന് അയാൾ ഭാവിക്കപോലും ചെയ്തിട്ടില്ല. അന്നു സന്ധ്യക്കു മാത്യു അനുജനു വളരെയേറെ ഉപദേശങ്ങൾ കൊടുത്തു. 'കുഞ്ഞ് അയാളുടെ ചീപ്പ് എടുത്തു ചീകയോ?'

ഒരപരാധിയേപ്പോലെ അവൻ മുഖം വീർപ്പിച്ചു. 'കുഞ്ഞു ഇനി അയാളുടെ ചീപ്പ് എടുത്തു ചീകരുത്. അയാളുടെ ഒന്നും തന്നെ എടുക്കരുത്.'

'ഇല്ല.'

അച്ചായൻ എന്തോ വേദന അനുഭവിക്കുന്നുണ്ടെന്ന് അവനു മനസ്സിലായി. അതിനു താനാണു കാരണക്കാരനെന്നും അവൻ അറിഞ്ഞു.

'കുഞ്ഞ് അയാളുടെ കട്ടിലിലും കസേരയിലും ഒന്നും ഇരിക്കരുത്.' മാത്യു അനുജൻെറ പുറത്തു തടവിക്കൊണ്ടു പറഞ്ഞു.

'ഇല്ല, അവൻ സമ്മതിച്ചു. അടുത്ത ദിവസം മാത്യു കച്ചേരിയിൽനിന്നു വന്നപ്പോൾ, മാസ്റ്റർ മുഖം വീർപ്പിച്ച് അയാളുടെ കസേരയിൽ ഇരിക്കുന്നുണ്ടായിരുന്നു. ജോർജ്ജുകുട്ടി റോഡിൽ ഇലക്ട്രിക്ക പോസ്റ്റിൻെറ അടിയിൽ ഇരുന്നു കുട്ടികളുമൊത്തു കളിക്കുകയാണ്. മാത്യുവിനെ കണ്ടിട്ട് അല്പനേരത്തേക്കു മാസ്റ്റർ ഒന്നുംതന്നെ പറഞ്ഞില്ല. കുറെ കഴിഞ്ഞ് തലയുയർത്താതെതന്നെ അയാൾ മാത്യുവിനോടു ചോദിച്ചു:—

'നിങ്ങൾ എൻെറ പേന എടുത്തോ?,

'ഇല്ലല്ലോ, മാത്യു ഒന്നു പരിഭ്രമിച്ചു.

'പിന്നതെവിടെയാണ്?,

'മാസ്റ്റർ അതെവിടെ വച്ചിരുന്നു?,

'ഞാൻ ഇവിടെത്തന്നെയാണു വച്ചിരുന്നത്.,

മാത്യു മേശയുടെ വിരിപ്പിലും പുസ്തകങ്ങളുടെയിടയിലും അങ്ങുമിങ്ങുമൊക്കെ ഒരു പരിശോധന ആരംഭിച്ചു.

'നിങ്ങൾ എന്തിനവിടൊക്കെ തിരയുന്നു. അതവിടെയെങ്ങും കാണുകയില്ല., മാസ്റ്ററുടെ സ്വരത്തിൽ നിന്ദ കലർന്നിരുന്നു.

'അതവിടെയെങ്ങും കാണുകയില്ല., അതിനു ചില പുതിയ അർത്ഥങ്ങളുള്ളതായി മാത്യുവിനു തോന്നി. മാത്യുവിൻെറ മുഖം ക്ഷീണിച്ചു. അയാൾ വെളിയിലിറങ്ങിപ്പോയി. കളിച്ചുകൊണ്ടിരുന്ന അനുജനെ വിളിച്ചു മാത്യു അന്വേഷിച്ചു.

'കുഞ്ഞ് അയാളുടെ പേന എടുത്തോ?,

'ഇല്ലല്ലോ, അവൻെറ കുരുന്നുഹൃദയം ഒന്നു പരിഭ്രമിച്ചു.

'കുഞ്ഞു സത്യം പറയണം.,

'ഞാൻ ദൈവത്തിനാണെ സത്യമാണു പറയുന്നത്. ഞാൻ അയാളുടെ പേന കണ്ടതേ ഇല്ല.,

ആ നിഷ്കളങ്കമായ ഹൃദയം വേദനിക്കുന്നു. ആ മുഖത്തെ രക്തപ്രസാദം ഉണങ്ങി. അവൻെറ ചെറിയ മൂക്കിൻതുമ്പത്തു വിയർപ്പു പൊടിച്ചു.

മാത്യു വരാന്തയിലേക്കു നടന്നു. അന്ന് അത്താഴമുണ്ടുകൊണ്ടിരിക്കുമ്പോൾ ആ അച്ചായൻ അനുജനെ ഉപദേശിച്ചു:-- 'എൻെറ കുഞ്ഞു കള്ളനാകരുത്.

'ഇല്ല.,

'കുഞ്ഞ് അയാളുടെ ഒന്നും തന്നെ എടുക്കരുത്.,

'ഇല്ല.,

'അയാൾ പിണങ്ങിയാൽ നമുക്കു താമസിക്കാൻ ഇടമില്ല. ഇതുപോലെ ഒരു മുറി വാടകയ്ക്കെടുക്കാൻ അഞ്ചു രൂപാ വേണം. അഞ്ചുരൂപയ്ക്ക് അച്ചായനെവിടെ പോവും. കുഞ്ഞ് ഇവിടെയെങ്ങാനും കുത്തിയിരുന്നുകൊള്ളണം. അല്ലെങ്കിൽ വെളിയിൽ നിന്നു കളിച്ചു കൊള്ളണം.

അവൻ അനുസരണയോടെ മൂളി. അച്ചായൻ ആ രണ്ടണയുടെ ചോറിൽ പകുതിയിലധികവും അവനെത്തന്നെയാണൂട്ടുക. അവനു വിശക്കാൻ പാടില്ല.

'കുഞ്ഞിനു നിറഞ്ഞോ?, ഊണു കഴിഞ്ഞെഴുന്നേററപ്പോൾ അച്ചായൻ അന്വേഷിച്ചു.

'നിറഞ്ഞു.,

'കള്ളം പറയരുത്',

'ഇല്ല, ഞാൻ കള്ളമല്ല പറയുന്നത്.,

കൊച്ചാണെങ്കിലും അവനു വിവേകമുണ്ട്. അല്പംകൊണ്ട് അവനു നിറയും. അവനു ശാഠ്യമില്ല.

'അച്ചായൻ എന്തു ചെയ്യും. എനിക്ക് ഏഴു ചക്രമേ കിട്ടുകയുള്ളു ,

ജോർജ്ജുകുട്ടി അതു മനസ്സിലാക്കി.

'ദൈവമേ, എൻെറ കർത്താവേ!, മാത്യു എന്തൊക്കെയോ പ്രാർത്ഥിച്ചു. അവൻെറ പ്രാർത്ഥന മുഴുവൻ മററാരെക്കുറിച്ചോ ആയിരുന്നു.

അങ്ങിനെ ഞായറാഴ്ച വന്നു. ഞായറാഴ്ച മാത്യുവിൻെറ മുമ്പിലെ ഒരു വലിയ പ്രശ്നമാണ്. ആറുദിവസത്തെ പ്രവർത്തികൾക്കുശേഷം ദൈവം ഏഴാം ദിവസം വിശ്രമമെടുത്തു. അന്നാരും പണി ചെയ്യുകയില്ല. ദൈവത്തിൻെറ കല്പനയാണ്. വിശ്രമം വേണം. ജോലിയെടുത്തു തളരുന്ന വർക്കും, ക്ഷീണിക്കുന്നവർക്കുംവേണ്ടി ദൈവം ഉണ്ടാക്കിയ നിയമമാണ്. ദൈവത്തിൻെറ നിയമം മാത്യുവിനെ സംബന്ധിച്ചിടത്തോളം ഒരു കുടുംകയ്യായിരുന്നു. അന്നു കച്ചേരിയില്ല. അന്ന് അന്യായപ്പകർപ്പുകളെഴുതുന്നതിൽനിന്നും മാത്യുവിനു മോചനമുണ്ട്. പക്ഷേ, ഏഴു ചക്രമോ;.... അതും അന്നു നാസ്തിതന്നെ. വക്കീൽസാറിൻെറ വീട്ടിൽ ചെന്നാൽ അന്നും ചോറു കിട്ടും.

രാവിലെ ആ സഹോദരന്മാർ പള്ളിയിൽപോയിരുന്നു. അവർ പ്രാർത്ഥനയിലും കുർബാനയിലും പങ്കുകൊണ്ടു. മാത്യു ആർക്കുവേണ്ടിയോ പ്രത്യേകം വളരെനേരം പ്രാർത്ഥിച്ചു. പള്ളിയിൽ നിന്നു മടങ്ങുമ്പോൾ മാത്യു അനുജനോടു പറഞ്ഞു.

'കുഞ്ഞ് ഇന്ന് ഹോട്ടലിൽ പോയി ഉണ്ണണം. ചക്രം നാളെ കൊടുക്കാമെന്നു പറയണം.,

അവൻ മൂളി. തലേന്നു വൈകിട്ട് ഊണിനു ചക്രം കൊടുത്തിരുന്നില്ല. തലേന്നു മാത്യുവിനു നാലു ചക്രം മാത്രമാണു കിട്ടിയത്. വിചാരിച്ചിരിക്കാത്ത, ശമ്പളത്തിലെ ആ വെട്ടിക്കുറവ് മാത്യുവിനെവല്ലാതെ ക്ഷീണിപ്പിച്ചു. തലേന്നു വൈകുന്നേരത്തിനുശേഷം രാവിലെ പതിനൊന്നുമണിവരെ, പതിനാറുമണിക്കൂറിനുള്ളിൽ മാത്യുവിനു രണ്ടുറാത്തൽ തൂക്കം കുറഞ്ഞിട്ടുണ്ട്.

'കുഞ്ഞ് ഹോട്ടൽ മാനേജരോടു പറയണം, വൈകിട്ട് അച്ചായൻ വരുമ്പോൾ പണം കൊടുക്കാമെന്ന്.,

'പറയാം ,

മാത്യു വക്കീൽസാറിൻെറ വീട്ടിലേക്കു പോയി.

മാത്യു ഊണു കഴിക്കുമ്പോൾ വർത്തമാനം പറഞ്ഞുകൊണ്ട് വക്കീൽസാറിൻെറ ഭാര്യയും ഒരു കസേരയിൽ അടുത്തുതന്നെ ഇരിക്കുന്നുണ്ടായിരുന്നു. ചോറ്, ഇറച്ചിക്കറിയും.... സാമ്പാറ്, തൈരും ... ഒരു വിഭവസമൃദ്ധമായ ഊണ്. ഞായറാഴ്ചയാണ്...ഞായറാഴ്ച വക്കീൽസാറിൻെറവീട്ടിലെ ഊണിന് ഒരു പ്രത്യേകതയുണ്ട്. വിശേഷപ്പെട്ട എന്തെങ്കിലും ഉണ്ടായിരിക്കും. മാത്യുവിന് ഇറച്ചിക്കറി അല്പം കൂടി കൊടുക്കുവാൻ വക്കീൽസാറിൻെറ ഭാര്യ വേലക്കാരനെ ശുപാർശ ചെയ്തു. അവർ സന്തോഷമായി ചിരിക്കുന്നു. ഉല്ലാസത്തോടെ സംസാരിക്കുന്നു. എന്തോ ഒക്കെ ചോദിച്ചു. മാത്യു എന്തൊക്കെ മറുപടി പറഞ്ഞു.

മാത്യു ഒരിറച്ചിക്കഷണമെടുത്തു കടിച്ചു. നല്ലപോലെ വെന്ത് ഉപ്പും, മുളകും, മസാലയും പിടിച്ച ഒരിറച്ചിക്കഷണം. മാത്യു ആരെയോ ഒന്നു വിചാരിച്ചു. ആ ഇറച്ചിക്കഷണത്തിന് ഒരു സ്വാദുമില്ല. ഒരു റബർ കഷണം കടിക്കുന്നതുപോലെ. സാമ്പാറിന് വിശേഷിച്ച് വലിയ ചുവയൊന്നുമില്ല. എല്ലാം ഒരുപോലെ. എങ്കിലും, മാത്യു വാരിവാരി വിഴുങ്ങി. ഒരഗ്നിപർവ്വതം എരിഞ്ഞു ദഹിക്കുകയാണ്.

വക്കീൽ സാറിൻെറ വീട്ടിൽനിന്നും മാത്യു മടങ്ങി വരുമ്പോൾ, മൂന്നുമണി കഴിഞ്ഞിരുന്നു. ഊണു കഴിഞ്ഞ് മാസ്റ്റർ മെത്തയിൽ ഉറക്കം പിടിച്ചു. വാതൽപ്പടിയിൽ ജോർജ്ജുകുട്ടി ഇരുപ്പുണ്ട്. താടിക്ക് കൈയ്യും കൊടുത്ത്, പുണ്ടു ഉണങ്ങി വരണ്ട്, കണ്ണുനട്ടാണ് അവൻ ആരെയോ കാത്ത് അവിടെ ഇരിക്കുകയാണ്. മാത്യുവിനെ കണ്ട് അവൻ എഴുന്നേററു.

"കുഞ്ഞ് ഊണു കഴിഞ്ഞില്ലേ?,,

അവനൊന്നും പറയാനില്ലായിരുന്നു.

"അയാൾ തന്നില്ലേ,,

"ഇല്ല,,

"അയാൾ എന്തു പറഞ്ഞു,,

"കടംതരാൻ സാധിക്കുകയില്ലെന്ന്,,

(ശേഷം 16-ാംപേജിൽ)

## വർഗ്ഗാഭിമാനം

(17-ാംപേജിൽനിന്നു തുടർച്ച)

അച്ചടിച്ചിട്ടുള്ള വർത്തമാനക്കടലാസ് വായിച്ച് സമയം ചെലവഴിക്കുന്നു. ഇങ്ങനെയാണെപോലും ഇന്നത്തെ പരിഷ്ക്കാരത്തിൻെറ പോക്ക്. തനി സ്വദേശിയായി ആരുംതന്നെയില്ല. ഒരു പ്രത്യേക സംസ്കാരമെന്നോ പരിഷ്ക്കാരമെന്നോ പറയാൻ ഒരു വർഗ്ഗക്കാർക്കും ഇല്ല. ലോകം മുഴുവൻ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇടുങ്ങിയ ദേശീയത്വവും, ഗർഹണീയമായ ജാതിവർഗ്ഗാദി പരിഗണനകളും, നമ്മെ ഒരിക്കലും വസുധൈവകുടുംബകരാക്കുകയില്ല. നമ്മുടെ അജ്ഞതയിൽനിന്നും ജന്മമെടുത്ത സ്വാർത്ഥപ്രവണതകൾ ഇന്നത്തെ വിജ്ഞാനവെളിച്ചത്തിൽ സ്വയം മങ്ങി മറയുന്നു. ലോകമേ തറവാട് എന്നു നാം സ്വയം ഏററുപാടുകതന്നെ വേണം.

★

Dec. 1944 Reg. No.T. 110. M. 4994
CHAKRAVALAM KOTTAYAM
The Premier Weekly of the Malabar Coast
Vol III. || 27th October 1946 || No. 10




ശരീര
പോഷണത്തിനും



കാൽസിഫെറോ

കുഞ്ഞുങ്ങൾക്കു
ഉത്തമ ടോണിക്കു
(ബ്ലഡ്-ഇൻ-ബ്രാക്കറ്റ്

Commercial TextBooks

Short hand Books,
Type writing Guide,
Book-keeping,
Banking, Correspondence.

VIDYARTHIMITHRAM KOTTAYAM

കൃ
ഷ്ണാ
പിന്നു
കൾ

ഉപയോഗിപ്പിൻ

എല്ലാ സ്ഥലങ്ങളിലും
എല്ലാ കടകളിലും കിട്ടുന്നതാണു്.

കൃഷ്ണാ പിൻ കമ്പനി,
കോട്ടയം. (തിരുവിതാംകൂർ)

Edited, Printed and Published by K. P. Karunakara Pisharody at the Chakravalam Press, Kottayam.